# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ഫെബ്രുവരി–2018 ലക്കം 2**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

## ഉള്ളടക്കം


സർക്കുലർ .................................................................. 05

വിജ്ഞാപനം .......................................................... 08

ഫ്രാൻസീസ് പാപ്പായുടെ സന്ദേശം ............................ 14

ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും .................. 19

രൂപതാകച്ചേരി വാർത്തകൾ ........................................ 27

യുവജനവർഷം ........................................................ 29

മതബോധനരംഗം ...................................................... 33

സെമിനാരിവാർത്തകൾ ........................................... 34

ചെറുപുഷ്പമിഷൻലീഗ് .............................................. 35

*Department of Youth Ministry* ........................................... 39

കെ.സി.വൈ.എം. ....................................................... 42

കുടുംബപ്രേഷിതത്വം .................................................. 46

സീയോൻ വാർത്തകൾ................................................. 52

വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 54

സാമൂഹ്യ സേവനരംഗം (WSSS) ................................ 57

ബയോവിൻ അഗ്രോ റിസർച്ച് ................................ 65

റേഡിയോ മാറ്റൊലി ................................................... 71

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ...................... 77

Mary Matha Arts & Science College ....................................... 79

*CEADOM* വിദ്യാഭ്യാസമേഖല ...................................... 80

ഡി.എഫ്.സി. ............................................................. 84

കത്തോലിക്കാ കോൺഗ്രസ് ........................................ 86

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 88

ബിഷപ്സ് പ്രോഗ്രാം ................................................... 89

3054/K-5/KCBC/OL/DS

# കേരളസഭയിൽ യുവജനവർഷാചരണം സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുക തിരുസഭയുടെ മറ്റ് ശുശ്രൂഷാ മേഖലകളിലൂടെ യുവജന ശുശ്രൂഷാ ചൈതന്യം സഭയിലെയും സമൂഹത്തിലെയും എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള കാലഘട്ടം കേരളസഭയിൽ യുവജനവർഷമായി കെസിബിസി പ്രഖ്യാപിക്കുകയാണ്. ആരാധനക്രമവത്സരമനുസരിച്ച് ജനുവരി 6 കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ദിനമാണ്. യുവാവായ യേശുനാഥനെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ സ്വരം സ്വർഗത്തിൽ നിന്നും മുഴങ്ങിക്കേട്ട ദിനമാണ് അന്ന്: "ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയും കുറിച്ച് ലോകത്തോടുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണിത്. യുവാവായ യേശുവിന്റെ പരസ്യജീവിതകാലത്തിനു മുന്നോടിയായുള്ള മാമ്മോദീസായുടെ ഈ ദിനം യുവജനവർഷത്തിന്റെ പ്രാരംഭമാകുന്നത് ദൈവനിയോഗമാണ്.

മെത്രാന്മാരുടെ സിനഡിന്റെ 15-ാം പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ 2017 ജനുവരി 13-ന് സഭാതലവനായ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിക്കുകയുണ്ടായി. "യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിനഡ് വിളിച്ചുകൂട്ടപ്പെടുന്നത്. ലോകത്താകമാനമുള്ള ദൈവമക്കൾ സഭാപിതാക്കന്മാരോടൊപ്പം യുവജനങ്ങളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഈ വർഷം 'യുവജനവർഷ'മായി കേരളത്തിൽ ആചരിക്കപ്പെടുന്നത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവിക പദ്ധതിയുമാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

ഈ യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തുന്നതിന്

കേരളത്തിലെ 32 രൂപതകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കേരളസഭയിലെ എല്ലാ ശുശ്രൂഷാമേഖലകളും സിനഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻവേണ്ട ക്രമീകരണങ്ങൾ വിഭാവനംചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. അതിനായി വചനപ്രഘോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടുംബ ശുശ്രൂഷ, തടവറ പ്രേഷിതത്വം, വിശ്വാസപരിശീലനരംഗം, സാമൂഹ്യശുശ്രൂഷ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനകളും സെമിനാരികളും സന്ന്യാസപരിശീലന കേന്ദ്രങ്ങളും യുവജനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ചകളും കർമ്മപരിപാടികളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ യുവജനസംഘടനകളും അവരുടെ ശുശ്രൂഷാമേഖലകളെ ശക്തിപ്പെടുത്താനുതകുന്ന സംഘടനാപരവും കൂട്ടായും ഉള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ യുവജനങ്ങൾ നേരിടുന്ന അനവധിയായ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. വിദ്യാഭ്യാസലോൺ മൂലവും തൊഴിലില്ലായ്മ മൂലവും നട്ടംതിരിയുന്ന യുവജനങ്ങളുടെ എണ്ണം പെരുകുകയാണ്. ലഹരിക്കും അസാന്മാർഗികതയ്ക്കും അടിമകളാകുന്നവരിലും ജയിലുകളിൽ കഴിയുന്നവരിലും ആത്മഹത്യയിൽ അഭയംകണ്ടെത്തുന്നവരിലും നല്ലൊരുപങ്കും യുവജനങ്ങളാണെന്നതിൽ സംശയമില്ലല്ലോ. നാനാവിധ വശീകരണശ്രമങ്ങൾക്കു വശംവദരായി കെണിയിൽപ്പെടുന്നവരും യുവതീയുവാക്കൾതന്നെ. ക്രൈസ്തവിശ്വാസത്തോടു വിടപറഞ്ഞ് തീവ്രവാദ പ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ എതാനും ചില യുവതീയുവാക്കൾ ചെന്നെത്തിയെന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർഥ്യമാണ്. ഇത്തരത്തിൽ യുവജനം കടന്നുപോകുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും ധാർമികവും മതപരവുമായ മേഖലകൾ ഗൗരവപൂർണമായ പഠനത്തിനും വിചിന്തനത്തിനും വിധേയമാകേണ്ടതാണ്. അവയ്ക്ക് ഫലപ്രദമായ പരിഹാരമാർഗങ്ങൾ കണ്ടെത്തിയേ തീരൂ.

മൂന്നു വ്യക്തിഗതസഭകൾക്കും പൊതുവായുള്ള ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം അതിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽത്തന്നെ കേരളസഭ യുവജന വർഷം ആചരിക്കുന്നു എന്നത് ഏറെ അർത്ഥവത്താണ്. ഈ വർഷത്തിൽ സിനഡൊരുക്കരേഖയും സഭയുടെ യുവജനപ്രബോധനങ്ങളും നമ്മുടെ ആഴമായ പഠനത്തിനും വിചിന്തനത്തിനും വിഷയീഭവിക്കണം. പരമ്പരാഗതമായ യുവജന ശുശ്രൂഷാരീതികൾ, ആവശ്യമെങ്കിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കണം.

കേരളത്തിലെ യുവജന ശുശ്രൂഷകളെ ഒന്നിപ്പിക്കുന്ന KCBC Commission for Youth-ന്റെ കുടക്കീഴിൽ കേരളത്തിലെ എല്ലാ കത്തോലിക്ക യുവജന സംഘടനകളും കൂടുതൽ കാര്യക്ഷമതയോടെ ഒന്നിച്ചു വർത്തിക്കുന്നത്, യുവജനങ്ങളുടെ സഭാ-സാമൂഹ്യ പ്രതിബദ്ധതയ്ക്ക് പുതിയ മുഖവും ചടുലതയും പ്രദാനംചെയ്യും. ഒപ്പം, മറ്റു സഹോദര സഭകളുമായി ശക്തമായ ഒരു സഹവർത്തിത്വത്തിന്റെ യുവജനശുശ്രൂഷ വളർത്തിക്കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയുംകാൾ വർധിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരുക്കരേഖയിൽ സൂചിപ്പിക്കുംപോലെ മാതാപിതാക്കൾ, അജപാലകർ, അധ്യാപകർ, പരിശീലനമേഖലകളിൽ സേവനം ചെയ്യുന്നവർ എന്നിവരുടെ ജീവിതസാക്ഷ്യം കൂടുതൽ സൂക്ഷ്മത ആവശ്യപ്പെടുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയാനും വ്യാഖ്യാനിക്കാനും തിരഞ്ഞെടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വയം പ്രാപ്തരാകാനും യുവതയുടെ സഹചാരികൾക്കു കടമയുണ്ട്. യുവജനങ്ങളോടൊപ്പമുള്ള ഇവരുടെ യാത്ര, മുഴുവൻ ക്രൈസ്തവ സമൂഹത്തെയും പടുത്തുയർത്തുന്ന മൂലക്കല്ലാകും (cf. യുവജനം, വിശ്വാസം, വിളിസംബന്ധമായ തിരിച്ചറിയൽ).

ഫ്രാൻസിസ് പാപ്പായുടെ ഹൃദയത്തോടു ചേർന്നു നിന്നുകൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് കേരള സംസ്ഥാനത്തിൽ ഒരു പുതിയമുഖം നിർമ്മിച്ചെടുക്കുവാൻ, യുവജനങ്ങളോട് ചോദിച്ചും മുതിർന്നവരോട് സംവദിച്ചും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വായിച്ചെടുത്തും വിശ്വാസത്തിലധിഷ്ഠിതമായ ഒരു യുവജന ശുശ്രൂഷാമേഖല വളർത്തിയെടുക്കാൻ ഈ യുവജനവർഷത്തിൽ സാധ്യമാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ഡോ.എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി
**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
ചെയർമാൻ, കെസിബിസി യൂത്ത് കമ്മീഷൻ

---

**NB:- മാനന്തവാടി രൂപതയിൽ യുവജനവർഷം മുൻകൂട്ടി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയും കേരളസഭയിലെ യുവജനവർഷാചരണത്തെക്കുറിച്ച് അറിയിക്കുകയും ചെയ്യേണ്ടതാണ്.**

## വിജ്ഞാപനം

*Prot. No. 0002/2018*

2017 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25-ാം സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചു ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ,

സീറോ മലബാർ സിനഡിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ 25-ാം സിനഡിന്റെ രണ്ടാം സെഷൻ ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ സഭാ ആസ്ഥാനത്ത് കൂടുകയുണ്ടായി. ഈ കഴിഞ്ഞ 25 വർഷങ്ങളിൽ നമ്മുടെ സഭയുടെ നാനാവിധമായ വളർച്ചയും ആധുനിക കാലഘട്ടത്തിലെ സഭയുടെ പൊതുസാക്ഷ്യവും സിനഡ് വിലയിരുത്തുകയുണ്ടായി. ഈ ജൂബിലിവർഷത്തിൽ നമ്മുടെ സഭാസന്താനമായ സി. റാണി മരിയ എഫ്.സി.സി. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പടുന്നത് സീറോ മലബാർ സഭയ്ക്കു മുഴുവൻ സന്തോഷം നൽകുന്ന കാര്യമാണ്. സി.റാണി മരിയ എഫ്.സി.സി. യുടെ നാമകരണ പരിപാടി നവംബർ 4 നു സിസ്റ്റർ രക്തസാക്ഷിത്വം വരിച്ച ഇൻഡോറിൽവച്ച് നടക്കുകയുണ്ടായല്ലോ. അതിനുശേഷം സിസ്റ്ററിന്റെ മാതൃരൂപതയായ എറണാകുളത്തും ജന്മനാടായ പുല്ലുവഴിയിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ചടങ്ങുകളിൽ നിരവധിപേർ പങ്കെടുത്ത് തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയുണ്ടായി.

ഈയടുത്ത് നമ്മിൽനിന്നും വേർപിരിഞ്ഞുപോയ കോട്ടയം അതിരൂപത അദ്ധ്യക്ഷനായ ആർച്ചുബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചാണ് ഈ സെഷൻ ആരംഭിച്ചത്. അഭിവന്ദ്യ പിതാവ്വഴി കോട്ടയം രൂപതയ്ക്കും കേരളസഭയ്ക്കും

ഭാരതസഭയ്ക്കും ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾ സിനഡ് അനുസ്മരിച്ചു. ഈ അടുത്ത കാലത്ത് നിര്യാതനായ എ.കെ.സി.സി. മുൻ പ്രസിഡന്റ് ശ്രീ. ജോസഫ് മണ്ണിപ്പറമ്പിലിന്റെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി. സമുദായ മുന്നേറ്റത്തിനായി നിസ്വാർത്ഥ സേവനം ചെയ്ത സഭാസ്നേഹിയായിരുന്നു അദ്ദേഹം എന്നു സിനഡ് അനുസ്മരിച്ചു. മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മനത്തോടത്തിനും മാർ സൈമൺ സ്റ്റോക്ക് പാലാത്രക്കും സിനഡ് ജൂബിലി മംഗളങ്ങൾ നേർന്നു. മെത്രാഭിഷേകത്തിനുശേഷം ആദ്യമായി സിനഡിൽ സംബന്ധിക്കുന്ന ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിനും സിനഡ് സ്വാഗതം നൽകി. നമ്മുടെ സഭയ്ക്കു പുതിയ മൂന്ന് മെത്രാന്മാരെ ലഭിച്ചതിൽ നമുക്കു ദൈവത്തിനു നന്ദി പറയാം. നിയുക്ത കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനും തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനും തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിക്കും ഈ അവസരത്തിൽ സിനഡ് ആശംസകൾ അർപ്പിക്കുകയുണ്ടായി.

ജന്മശതാബ്ദി ആഘോഷിക്കുന്ന മാർത്തോമാസഭ വലിയമെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റോമിനു സിനഡിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സ്വീകരണം നൽകി. സഭയിലെ വിവിധ സന്യാസസമൂഹങ്ങളുടെ മേജർസുപ്പീരിയർമാരുമായി സിനഡിലെ മെത്രന്മാർ സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുവാൻ ഒരു പ്രത്യേക സമ്മേളനവും ഈ സിനഡിൽ നടത്തുകയുണ്ടായി.

സഭയിൽ മാമ്മോദീസ പരികർമ്മം ചെയ്യുന്ന രീതിയെപ്പറ്റി സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇടവകപള്ളിക്കു പുറമെ സ്വകാര്യ സ്ഥാപനങ്ങളിലും ധ്യാന കേന്ദ്രങ്ങളിലും മാമ്മോദീസ നടത്തുമ്പോൾ നിർദ്ദിഷ്ടമായ നിയമവ്യവസ്ഥകൾ പാലിക്കേണ്ടതാണ്. മാമ്മോദീസാർത്ഥിയുടെ മാതാപിതാക്കളും തലതൊടുന്നവരും വേണ്ടത്ര തയ്യാറെടുപ്പോടുകൂടി വേണം മാമ്മോദീസയ്ക്ക് ഒരുങ്ങേണ്ടത്. മുതിർന്നവരുടെ മാമ്മോദീസയ്ക്കു (Adult Baptism) സിവിൽ നിയമങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്.

വൈദിക പരിശീലനത്തിന്റെ സർവോന്മുഖമായ ഗുണമേന്മ വർദ്ധിപ്പിക്കാൻ അല്മായരായ വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും Formation Consultation Council ഉണ്ടായിരിക്കേണ്ടതാണ്. സെമിനാരിക്കാരുടെ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സിനഡ് സെമിനാരി റിപ്പോർട്ടുകൾക്ക് ഒരു പൊതുവായ ഒരു Format അംഗീകരിച്ചു. വൈദികർക്കും സന്യസ്തർക്കും അനുയോജ്യമായ വസ്ത്രധാരണരീതി (ഡ്രസ്സ് കോഡ്) ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കൻമാർ ചർച്ച ചെയ്തു.

ദൈവാനുഗ്രഹത്താൽ സീറോമലബാർ സഭ ധാരാളം ദൈവവിളികളാലും മിഷനറിമാരാലും ധന്യമാണ്. സഭയിൽ വർദ്ധിച്ചുവരുന്ന ഈ പ്രേഷിത ആഭിമുഖ്യം (Mission Consciousness) ശ്രദ്ധേയമാണ്. നമ്മുടെ മിഷനറിമാർ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഇന്ത്യക്കു പുറത്തുള്ള ലത്തീൻ സഭയിലും ശുശ്രൂഷ ചെയ്യുന്നു എന്നത് അഭിമാനകരമാണ്. ഈ രംഗത്തേക്ക് പല അത്മായ സഹോദരങ്ങളും മുമ്പോട്ട് വരുന്നതായി കാണുന്നുണ്ട്. വ്യക്തികളുടേയും പ്രേഷിതസംഘടനകളുടേയും ആഭിമുഖ്യത്തിൽ പ്രേഷിതവേലയ്ക്കു വരുന്ന അത്മായ സഹോദരങ്ങൾക്ക് സിനഡ് എല്ലാവിധ പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുന്നു. അവർക്ക് അനുയോജ്യമായ പരിശീലനവും ഒരുക്കവും നൽകേണ്ടതുണ്ടെന്ന് സിനഡ് വിലയിരുത്തി. ഈ കാര്യത്തിനായി സാന്തോം മിഷൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒരു കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. നമ്മുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടാനും അവിടെ പോയി കുറച്ചു നാളത്തേയ്ക്കു പ്രേഷിതവേല ചെയ്യാനും താൽപ്പര്യമുള്ള അത്മായ സഹോദരങ്ങൾ അവരുമായി ബന്ധപ്പെടേണ്ടതാണ്. ഈ സംരംഭത്തിന്റെ ആരംഭദിശയിൽ ഗോരഖ്പൂർ, അദിലാബാദ് രൂപതകൾ തിരഞ്ഞെടുത്ത് അവിടെ ഈ പുതിയ സുവിശേഷവത്ക്കരണം (New Evangelization) നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മാതൃസഭയിൽ പ്രേഷിതചൈതന്യം വളർത്തുവാനും താൽപ്പര്യമുള്ളവരെ മാതൃസഭയിൽനിന്നുതന്നെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതോടൊപ്പം മിഷൻ രൂപതയിൽ തന്നെയുള്ള അനുയോജ്യരായവരെ തിരഞ്ഞെടുത്ത് ഈ പദ്ധതിയിൽ സംബന്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പ്രവാസികളായ ഉദ്യോഗമൊഴിഞ്ഞവരുടെ (Retired hands) സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. സഭയിൽ അത്മായ പ്രേഷിത ചൈതന്യം വളർത്താനായി 'സുവിശേഷ സാക്ഷികളുടെ സംരംഭം' എന്ന ഈ പദ്ധതി പരീക്ഷണാർത്ഥം ആരംഭിക്കാൻ സിനഡ് തീരുമാനിച്ചു.

നമ്മുടെ ദേവാലയങ്ങളും കപ്പേളകളും പള്ളിപ്പരിസരങ്ങളും സിനിമ സീരിയൽ ഷൂട്ടിംഗിനു നൽകുന്നതിലുള്ള അനൗചിത്യം സിനഡ്

വിശദമായി ചർച്ചചെയ്യുകയുണ്ടായി. ദേവാലയവും കുരിശുപള്ളികളും കൊമേർഷ്യൽ സിനിമ-സീരിയൽ ഷൂട്ടിങ്ങിന് കൊടുക്കരുതെന്ന് സിനഡ് നിർദ്ദേശിച്ചു. എന്നാൽ ഈ സ്ഥലങ്ങൾ കാത്തലിക് ചാനലുകൾക്ക് ഡോക്യുമെന്ററി, സീരിയൽ എന്നിവയ്ക്ക് കൊടുക്കാവുന്നതാണ്.

സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന നമ്മുടെ നാട്ടിൽ ജോലിയിൽനിന്നും വിരമിച്ചവരും പ്രത്യേകിച്ചു പ്രവാസികളും ധാരാളം ഉണ്ട്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽനിന്നും വരുന്ന റിട്ടയേർഡ് ഹാൻഡിന്റെ സേവനം സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉപയോഗിക്കുവാൻ സഭ വളരെ ആഗ്രഹിക്കുന്നു. അതിനായി സഭാതലത്തിൽ ഒരു സംഘടനയെപ്പറ്റി (Common Pravasi Fellowship) സിനഡ് ചർച്ച ചെയ്തെങ്കിലും തൽക്കാലം അതാതു രൂപതകളിലും ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇവരെ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കാം എന്ന് നിർദ്ദേശിച്ചു.

ആരാധനക്രമ പരിഷ്കരണത്തെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്യുകയുണ്ടായി. പ്രത്യേകിച്ചു പ്രാർത്ഥനകളും ദേവാലയ ആരാധനക്രമഗീതങ്ങളും ഭക്ത്യാദകമാക്കുന്നതിന്റെ ആവശ്യകത സിനഡ് ഊന്നിപ്പറയുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ പരസ്യാവിഷ്കാരമാണ് ആരാധനക്രമശുശ്രൂഷകൾ. അവ നമ്മുടെ സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും ആനുകാലിക പ്രസക്തമായും ആഘോഷിക്കുവാൻ/ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്.

സിനഡിന്റെ വിവിധകമ്മീഷനുകളുടെ പ്രവർത്തനറിപ്പോർട്ടും ഈ സെഷനിൽ അവതരിപ്പിക്കുകയുണ്ടായി. മതബോധനത്തെ സംബന്ധിച്ച്, ആധുനീക വിദ്യാഭ്യാസരംഗത്തെ Smart Class, Family Catechism, Youth Faith Formation എന്നിവയെപ്പറ്റി, ചർച്ച ചെയ്തു. വിശ്വാസപരിശീലനം കുട്ടികൾക്ക് അറിവിനേക്കാൾ വിശ്വാസാനുഭവമാകുവാൻ മതാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മതാദ്ധ്യാപനത്തിൽ മാതാപിതാക്കൾ പ്രത്യേകിച്ചും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇടവകയിലെ സൺഡേ ക്ലാസുകൾ സജീവമാക്കുവാൻ ബഹുമാനപ്പെട്ട വികാരിമാരും സിസ്റ്റേഴ്സും പൂർവ്വാധികം ശ്രദ്ധിക്കേണ്ടതാണ്. കുടുംബയൂണിറ്റിലെ ഭാരവാഹികൾക്കും മതാദ്ധ്യാപനം കൂടുതൽ ഫലപ്രദമാക്കുവാൻ സാധിക്കും. യുവജനപ്രേഷിതത്വത്തിനു വേണ്ടിയുള്ള കമ്മീഷന്റെ റിപ്പോർട്ടിൽ അടുത്തുവരുന്ന സാർവ്വത്രിക മെത്രാൻ സിനഡിന്റെ വിഷയത്തെ ആസ്പദമാക്കി നൂതന കർമ്മപദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായി. അതാതു രൂപതകളിലും റീജിയനി

ലെയും യുവജനങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ യുവജനങ്ങൾ കൺവെൻഷനുകൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

സഭയിലെ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി Spandan എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ള കാര്യം നേരത്തെ എല്ലാവരെയും അറിയിച്ചിരുന്നതാണല്ലോ. രൂപതാതലത്തിലും സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിലും ധാരാളം സാമൂഹിക സേവനങ്ങൾ നടത്തുന്നു എന്നത് പ്രശംസനീയമാണ്. രൂപതയിലെയും സന്യാസ സമൂഹങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സമൂഹത്തിൽ വലിയൊരു ചലനം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ സമൂഹത്തിൽ റബർകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സിനഡ് ഉത്കണ്ഠയോടെയാണ് കാണുന്നത്. കർഷകർക്ക് ആവശ്യമായ ബാങ്ക് ലോൺ ലഭ്യമാക്കുക, കാർഷിക വിളകൾക്ക് ന്യായമായ വില നിർദ്ദേശിക്കുക തുടങ്ങിയ കാര്യങ്ങൾ ഗവമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു. സാമൂഹിക പ്രവർത്തനങ്ങളിൽ അത്മായപങ്കാളിത്തത്തോടെ പരിഹാരം തേടണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. അത്മായമുന്നേറ്റങ്ങൾ സഭയുടെ ബഹുമുഖ പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണെന്ന് സിനഡ് വിലയിരുത്തി.

തൊഴിലില്ലായ്മ, പാർപ്പിട പ്രശ്നങ്ങൾ, രോഗങ്ങൾ, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ദാമ്പത്യബന്ധങ്ങളിലുണ്ടാകുന്ന തകർച്ച, തുടങ്ങിയ വിഷയങ്ങളിൽ അത്മായരുടെ അഭിപ്രായങ്ങൾ എന്തെന്നറിയാൻ വൈദികരും സമർപ്പിതരും ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ നവീകരണത്തിന് വലിയ പ്രാധാന്യമാണ് സഭ നൽകുന്നത്. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ അത്മായരുമായി അജപാലകർ നിരന്തരം ആശയവിനിമയം നടത്തണം. കുടുംബങ്ങളും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാര മാർഗ്ഗങ്ങളാണ് ആവശ്യം.

അത്മായർ ഏറ്റെടുത്തു നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങൾ സഭ അഭിമാനത്തോടെയാണ് കാണുന്നത്. അത്മായരുടെ നേതൃത്വത്തിലുള്ള വയോജന കേന്ദ്രങ്ങൾ, അനാഥമന്ദിരങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ, ആശുപത്രിയിലെ ഭക്ഷണ വിതരണം, അനുബന്ധശുശ്രൂഷകൾ എന്നിവ പ്രോത്സാഹിപ്പിക്കപ്പെടണം. ഓരോ ഇടവകകളിലും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്കായുള്ള ശുശ്രൂഷകളിൽ വൈദികർക്കൊപ്പം അത്മായരും മുന്നിട്ടി

റങ്ങണം. സഭയുടെ കുടുംബം, അത്മായർ, ജീവൻ എന്നിവയ്ക്കായുള്ള കമ്മീഷൻ കൂടുതൽ ഉണർവ്വോടെ പ്രവർത്തിക്കേണ്ട കാലമാണി തെന്നും സിനഡ് ഓർമ്മിപ്പിച്ചു. കുടുംബകൂട്ടായ്മ, മാതൃവേദി, പ്രോലൈഫ്, കത്തോലിക്കാകോൺഗ്രസ് എന്നിവയെ ഏകോപി പ്പിക്കുന്ന അത്മായ കമ്മീഷൻ ഏറ്റെടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സിനഡ് വിലയിരുത്തി. വൈദീക പരിശീലന ത്തിനു ആനുകാലികമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാ ണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. ഇതിനായി അടുത്തയിടെ വത്തിക്കാൻ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ (Ratio Fundamentalis Sacerdotalis) പ്രാവർത്തികമാക്കേണ്ടതാണ്. മാറിക്കൊണ്ടിരിക്കുന്ന മാധ്യമ സാക്ഷ രതയുടെയും സാമൂഹിക മാധ്യമങ്ങളുടെയും പശ്ചാത്തലത്തിൽ സീറോ മലബാർ സഭയ്ക്ക് ഒരു പുതിയ മൊബൈൽ ആപ്പിനു രൂപം കൊടു ക്കുവാൻ തീരുമാനിച്ചു. സീറോ മലബാർ സഭയുടെ എക്യുമെനിക്കൽ ഡയറക്ടറി (Called to be United) ഈ സിനഡിൽ പ്രകാശനം ചെയ്തു. സീറോ മലബാർ സഭയുടെ സഭൈക്യപ്രവർത്തനങ്ങളെ ത്വരിതപ്പെടു ത്തുവാനും ദൈവജനത്തിന് സഭൈക്യപ്രവർത്തനങ്ങളുടെ ശരിയായ ലക്ഷ്യങ്ങൾ മനസ്സിലാക്കുവാനും ഡയറക്ടറിയുടെ ഉപയോഗം സാധ്യ മാകട്ടെ എന്നും സിനഡ് ആശംസിച്ചു.

വന്ദ്യസഹോദരരെ, പ്രിയ മക്കളെ നമ്മുടെ സഭ Major Archi-episcopal സഭയായിട്ടു 25-ാമത്തെ വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ ആഗോള തലത്തിൽ പ്രേഷിതരംഗത്തും, ദൈവവിളി പ്രോത്സാഹനത്തിലും ഒത്തിരിയേറെ ഇനിയും നാം മുന്നോട്ടു പോകേണ്ടതുണ്ട്. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ശക്തമായ മധ്യസ്ഥത്താൽ കൂടുതൽ ഐക്യവും കൂട്ടായ്മയും പുലർത്തിക്കൊണ്ട് ആധുനീകകാലഘട്ടത്തിൽ നമ്മുടെ വിശ്വാസ ത്തിന്റെ പൊതുസാക്ഷ്യം നൽകുവാൻ നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത കളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.**

# ഇരുപത്താറാം ആഗോള രോഗീദിനാചരണ സന്ദേശം – 2018

ഫ്രാൻസിസ് മാർപാപ്പാ

സഭയുടെ അമ്മ

*"സ്ത്രീയേ, ഇതാ നിന്റെ മകൻ...ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹ. 19: 26–27)*

പ്രിയ സഹോദരീ സഹോദരന്മാരേ,

രോഗികൾക്കുവേണ്ടിയും അവരെ ശുശ്രൂഷിക്കുന്നവർക്കുവേണ്ടിയും സഭചെയ്യുന്ന സേവനം നവീകൃതമായ ശക്തിയോടെ തുടരണം. കർത്താവിന്റെ കല്പന അനുസരിച്ചും (cf. ലൂക്കാ 9:2–6; മത്താ. 10:1–8; മർക്കോ. 6: 7–13) സഭയുടെ സ്ഥാപകനും ഗുരുവുമായവന്റെ ശക്തമായ മാതൃകയനുസരിച്ചും അങ്ങനെ ചെയ്യണം.

കുരിശിൽക്കിടന്നുകൊണ്ട് യേശു തന്റെ അമ്മയായ മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകളിൽ നിന്നുള്ളതാണ് ഈ വർഷത്തെ രോഗീദിനത്തിന്റെ പ്രമേയം. "സ്ത്രീയേ, ഇതാ നിന്റെ മകൻ... ഇതാ നിന്റെ അമ്മ. ആ നിമിഷം മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ. 19:26–27).

1. കർത്താവിന്റെ വാക്കുകൾ കുരിശിന്റെ രഹസ്യത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്. കുരിശ് പ്രത്യാശ നിൽകാത്ത ദുരന്തമല്ല. പിന്നെയോ യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതും അവസാനംവരെയുള്ള സ്നേഹം കാണിക്കുന്നതുമായ ഒന്നാണ്. ആ സ്നേഹം ക്രൈസ്തവ സമൂഹത്തിന്റെയും ഓരോ ശിഷ്യന്റെ ജീവിതത്തിന്റെയും അടിസ്ഥാനവും നിയമവും ആയിത്തീരാനുള്ളതാണ്.

യേശുവിന്റെ വാക്കുകൾ, എല്ലാറ്റിനുമുപരി മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളിയുടെ ഉറവിടമാണ്. തന്റെ പുത്രന്റെ ശിഷ്യന്മാരെയും അവരുടെ ജീവിതയാത്രയെയും പരിപാലിക്കുന്ന അമ്മയാകാനാണ് മറിയത്തിന്റെ പ്രത്യേക നിയോഗം. തന്റെ പുത്രനോടോ പുത്രിയോടോ ഉള്ള ഒരമ്മയുടെ കരുതൽ അവരുടെ വളർച്ചയുടെ ഭൗതികവും ആത്മീയവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ.

കുരിശുളവാക്കിയ അവാച്യമായ വേദന മറിയത്തിന്റെ ആത്മാവിൽ തുളച്ചുകയറിയെങ്കിലും (cf.ലൂക്കാ 2;35) അത് അവളെ

തളർത്തിയില്ല. നേരേമറിച്ച്, കർത്താവിന്റെ അമ്മ എന്ന നിലയിൽ ആത്മദാനത്തിന്റെ പുതിയൊരുവഴി അവളുടെ മുമ്പിൽ തുറക്കപ്പെട്ടു. യേശു കുരിശിൽവച്ച് സഭയെയും മനുഷ്യവംശം മുഴുവനെയും സംബ ന്ധിച്ച തന്റെ ശ്രദ്ധ വ്യക്തമാക്കി. അതേ ശ്രദ്ധയിൽ പങ്കുചേരാൻ മറിയം വിളിക്കപ്പെട്ടു. പെന്തക്കുസ്താദിനത്തിലുണ്ടായ പരിശുദ്ധാത്മവർഷം പരാമർശിക്കുന്നിടത്ത് അപ്പസ്തോല പ്രവർത്തനങ്ങൾ വ്യക്തമാക്കു ന്നത് മറിയം ഈ ദൗത്യം ആദിമസഭയിൽ നിർവഹിക്കാനാരംഭിച്ചു എന്നാണ്. ഒരിക്കലും അസ്തമിക്കാത്ത ഒരു ദൗത്യം!

2. പ്രിയ ശിഷ്യനായ യോഹന്നാൻ മെസയാനിക ജനമാകുന്ന സഭയുടെ പ്രതിരൂപമാണ്. അദ്ദേഹം മറിയത്തെ തന്റെ അമ്മയായി അംഗീകരിക്കണം. അങ്ങനെ ചെയ്തുകൊണ്ട് അവളെ തന്റെ ഭവന ത്തിലേക്കു സ്വീകരിക്കണം; ശിഷ്യത്വത്തിന്റെയെല്ലാം മാതൃകയായി അവളെ കാണണം; യേശു അവൾക്കു നൽകിയ മാതൃത്വത്തിന്റെ വിളി യെക്കുറിച്ച് – അതിന്റെ എല്ലാ വിശദീകരണങ്ങളോടുകൂടി–ധ്യാനിക്കണം: യേശു കൽപിക്കുന്നതുപോലെ സ്നേഹിക്കാൻ കഴിവുള്ള കുട്ടികളെ ജനിപ്പിക്കുന്ന സ്നേഹമയിയായ ഒരമ്മ. അതുകൊണ്ടാണ് തന്റെ മക്കളെ സംരക്ഷിക്കാനുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളി യോഹന്നാനും സഭയ്ക്കുപൊതുവായും ഭരമേൽപിക്കപ്പെട്ടിരിക്കുന്നത്. മറിയത്തിന്റെ മാതൃനിയോഗത്തിൽ ശിഷ്യ സമൂഹം മുഴുവനും ഉൾച്ചേർന്നിരിക്കുന്നു.

3. ശിഷ്യനെന്നനിലയിൽ യോഹന്നാൻ എല്ലാകാര്യങ്ങളും യേശു വുമായി പങ്കുവച്ചിരുന്നു. അതുകൊണ്ട് പിതാവുമായിട്ടുള്ള കണ്ടുമുട്ട ലിലേക്ക് എല്ലാ ജനതകളെയും നയിക്കാൻ തന്റെ ഗുരു ആഗ്രഹിക്കു ന്നുവെന്ന് അദ്ദേഹത്തിന് അറിയാം. അഹങ്കാരംമൂലമുള്ള ആധ്യാത്മിക രോഗങ്ങളിലും (cf. യോഹ 8:31-39), ശാരീരിക രോഗങ്ങളാലും (cf.യോഹ. 5:6) വലയുന്ന അനേകരെ യേശു കണ്ടുമുട്ടിയിട്ടുണ്ടെന്ന വസ്തുതയ്ക്കു സാക്ഷ്യംവഹിക്കാൻ യോഹന്നാനു സാധിക്കും. യേശു എല്ലാവരോടും കരുണ കാണിച്ചു. എല്ലാവരോടും ക്ഷമിച്ചു. ഓരോ കണ്ണീർത്തുള്ളിയും തുടച്ചുമാറ്റപ്പെടുന്ന ദൈവരാജ്യത്തിലെ സമൃദ്ധമായ ജീവന്റെ അടയാളമെന്ന നിലയിൽ രോഗികളെ അവിടുന്ന് സുഖപ്പെ ടുത്തി. മറിയത്തെപ്പോലെ പരസ്പരം കരുതാൻ ശിഷ്യന്മാർ വിളിക്ക പ്പെട്ടിരിക്കുന്നു. മാത്രമല്ല, യേശുവിന്റെ ഹൃദയം എല്ലാവരുടെയും മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നുവെന്നും ആരെയും അത് ഒഴിവാക്കുന്നില്ലെന്നും ശിഷ്യന്മാർക്ക് അറിയാം. എല്ലാവരും വ്യക്തികളും ദൈവമക്കളുമായ തിനാൽ ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാവരോടും പ്രഘോഷി ക്കപ്പെടണം; ക്രൈസ്തവരുടെ പരസ്നേഹം എല്ലാവരിലേക്കും ചെന്നെ ത്തണം.

4. പതിതരെയും രോഗികളെയും സംബന്ധിച്ച് സഭയ്ക്കുള്ള മാതൃനിയോഗം അവളുടെ രണ്ടായിരം വർഷത്തിലെങ്ങും മൂർത്തമായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്കുവേണ്ടിയുള്ള ശ്രദ്ധേയമായ സംരംഭങ്ങളുടെ പരമ്പരകളിലൂടെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. സമർപ്പണത്തിന്റെ ഈ ചരിത്രം മറക്കരുത്. ആ ചരിത്രം ഇക്കാലത്തും ലോകമെങ്ങും തുടരുന്നു. പര്യാപ്തമായ ആരോഗ്യപാലന സമ്പ്രദായങ്ങൾ നിലവിലുള്ള രാജ്യങ്ങളിൽ കത്തോലിക്കാ സഭയിലെ സമർപ്പിതസമൂഹങ്ങളുടെയും രൂപതകളുടെയും അവയുടെ ആശുപത്രികളുടെയും ജോലി നല്ല ചികിത്സ നല്കുകയെന്നതു മാത്രമല്ല. പിന്നെയോ സുഖദായക പ്രക്രിയയുടെ കേന്ദ്രത്തിൽ വ്യക്തിയെ പ്രതിഷ്ഠിക്കുകയെന്നതുമാണ്. ജീവനോടും ക്രൈസ്തവ ധാർമ്മിക മൂല്യങ്ങളോടും ആദരവു പുലർത്തിക്കൊണ്ടുള്ള ശാസ്ത്രീയഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്. ആരോഗ്യ ശുശ്രൂഷാ സമ്പ്രദായങ്ങൾ അപര്യാപ്തമായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന രാജ്യങ്ങളിൽ ആരോഗ്യം വർദ്ധിപ്പിക്കാനും ശിശുമരണം ഒഴിവാക്കാനും സാംക്രമിക രോഗങ്ങൾക്കെതിരേ പടപൊരുതാനും എന്തു ചെയ്യാനാവുമെന്നു സഭ അന്വേഷിക്കുന്നു. എല്ലായിടത്തും ശുശ്രൂഷനൽകാൻ അവൾ പരിശ്രമിക്കുന്നുണ്ട്. സുഖപ്പെടുത്തലിനു സാധ്യതയില്ലാത്തിടത്തും അങ്ങനെ ചെയ്യുന്നു. സഭയ്ക്ക് “യുദ്ധക്കളത്തിലെ ആശുപത്രി” എന്നൊരു പ്രതിഛായയുണ്ട്. അതു വസ്തുനിഷ്ഠമായ ഒന്നാണ്. ജീവിതത്തിൽ മുറിവേറ്റ എല്ലാവരെയും അതു സ്വാഗതം ചെയ്യുന്നു. എന്തെന്നാൽ, ലോകത്തിന്റെ ചിലഭാഗങ്ങളിൽ മിഷണറിമാരുടെ ആശുപത്രികളും രൂപതകളുടെ ആശുപത്രികളും മാത്രമാണ് ജനങ്ങൾക്ക് അത്യാവശ്യമായ ശുശ്രൂഷ നല്കുന്ന സ്ഥാപനങ്ങൾ.

5. രോഗീശുശ്രൂഷയുടെ സുദീർഘമായ ഈ ചരിത്രത്തെക്കുറിച്ചുള്ള ഓർമ്മ ക്രൈസ്തവ സമൂഹത്തിന് സന്തോഷിക്കാനുള്ള ഒരു കാരണമാണ്, പ്രത്യേകിച്ച് ഈ ശുശ്രൂഷയിൽ ഇന്ന് ഏർപ്പെട്ടിരിക്കുന്നവർക്ക്. എന്നാലും നമ്മൾ സർവോപരി ഭൂതകാലത്തേക്കു നോക്കണം, അതു നമ്മെ സമ്പന്നരാക്കാൻവേണ്ടിത്തന്നെ. അതു നമ്മെ പഠിപ്പിക്കുന്ന പാഠം നാം പഠിക്കണം. രോഗികളെ ശുശ്രൂഷിക്കാൻവേണ്ടി സ്ഥാപനങ്ങൾ സ്ഥാപിച്ച അനേകരുടെ ആത്മപരിത്യാഗപരമായ ഔദാര്യത്തെക്കുറിച്ച് അതു പഠിപ്പിക്കുന്നു. നൂറ്റാണ്ടുകളായി സമാരംഭിച്ചതും പരസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെട്ടതുമായ അനേകം സംരംഭങ്ങളെ ഓർമ്മിക്കണം. രോഗികൾക്ക് നവീനവും ആശ്രയയോഗ്യവുമായ മാർഗങ്ങളെ ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ കണ്ടെത്താൻ നടത്തിയ പരിശ്രമ

ങ്ങളെ നാം സ്മരിക്കണം. ഭൂതകാലത്തെ ഈ ഇഷ്ടദാനം കുടുതൽ നല്ല ഭാവികെട്ടിപ്പടുക്കുവാൻ നമ്മെ സഹായിക്കും. ഉദാഹരണമായി, ആതുരശുശ്രൂഷയെ ലാഭകരമായ സംരംഭമാക്കാൻ ലോകവ്യാപകമായി പരിശ്രമിക്കുന്ന വ്യവസായിക മനോഭാവത്തിൽനിന്ന് കത്തോലിക്കാ ആശുപത്രികളെ സംരക്ഷിക്കണം. ലാഭമുണ്ടാക്കാനുള്ള സംരംഭം ദരിദ്രരെ അവഗണിക്കുന്നു. രോഗികളുടെ മഹത്ത്വത്തെ ആദരിക്കണമെന്നത് വിവേകപൂർണമായ സംഘാടനവും പരസ്നേഹവും ആവശ്യപ്പെടുന്നു. ചികിത്സയിലെങ്ങും വ്യക്തിമഹത്ത്വത്തോടുള്ള ബഹുമാനം കേന്ദ്രസ്ഥയാഥാർത്ഥ്യമായി സൂക്ഷിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. പൊതുസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ക്രൈസ്തവർക്കും ഈ സമീപനമുണ്ടായിരിക്കണം. അവരും സേവനത്തിലൂടെ സുവിശേഷത്തിന് സാക്ഷികളാവണം– ഉത്തമബോധ്യം നല്കുന്ന സാക്ഷികളാകണം.

6. യേശു സഭയ്ക്കു തന്റെ സൗഖ്യദായക ശക്തിനല്കി. "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും... അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ 16:17–18). വിശുദ്ധ പത്രോസും (cf. അപ്പ 3:4–8) വിശുദ്ധ പൗലോസും (cf. അപ്പ 14:8–11) സൗഖ്യദായക പ്രവൃത്തികൾ ചെയ്തതിന്റെ വിവരണം അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്. സഭയുടെ ദൗത്യം യേശുവിന്റെ ദാനത്തോടുള്ള പ്രത്യുത്തരമാണ്. എന്തെന്നാൽ രോഗികളിലേക്ക് യേശുവിന്റെതന്നെ നോട്ടം എത്തണമെന്ന് സഭയ്ക്ക് അറിയാം. അവിടുത്തെ നോട്ടം വൈകാരികതയും സഹതാപവും നിറഞ്ഞതാണ്. ആരോഗ്യദായക ശുശ്രൂഷ എപ്പോഴും അത്യാവശ്യമായിട്ടുള്ളതും മൗലികമായിട്ടുള്ളതുമാണ്; എല്ലാവരും നവീകൃതമായ ആവേശത്തോടെ ചെയ്യേണ്ടതുമാണ്. ഇടവക സമൂഹം മുതൽ ഏറ്റവും വലിയ ആരോഗ്യദായക സ്ഥാപനങ്ങൾവരെ അങ്ങനെ ചെയ്യണം. സ്ഥിരരോഗികളായിട്ടുള്ളവരെ അല്ലെങ്കിൽ ഗൗരവപൂർണമായ രീതിയിൽ അംഗവൈകല്യമുള്ള കുട്ടികളെയും മാതാപിതാക്കളെയും ബന്ധുക്കളെയും അനേകം കുടുംബങ്ങൾ ശുശ്രൂഷിക്കുന്നുണ്ട്. അവരുടെ വാത്സല്യവും സ്ഥിരോത്സാഹവും നമുക്കു മറക്കാനാവുകയില്ല. കുടുംബങ്ങൾക്കുള്ളിൽത്തന്നെ നല്കപ്പെടുന്ന ശുശ്രൂഷ മനുഷ്യവ്യക്തിയോടുള്ള സ്നേഹത്തിന്റെ അസാധാരണമായ സാക്ഷ്യമാണ്. അതു വേണ്ടവിധം അംഗീകരിക്കപ്പെടണം; സമുചിതമായ പോളിസികളാൽ പിന്തുണയ്ക്കപ്പെടുകയുംവേണം. ഡോക്ടർമാരും നേഴ്സുമാരും വൈദികരും സമർപ്പിതരായ സ്ത്രീ പുരുഷന്മാരും സന്നദ്ധസേവകരും കുടുംബങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവരും സഭാ

പരമായ ഈ ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്. ഇത് പങ്കുവയ്ക്കപ്പെടുന്ന ഒരു ഉത്തരവാദിത്വമാണ്; ഓരോ വ്യക്തിയും ഓരോ ദിവസവുംചെയ്യുന്ന സേവനത്തിന്റെ മൂല്യത്തെ വർദ്ധിപ്പിക്കുന്നതുമാണ്.

7. ശരീരത്തിലും ആത്മാവിലും രോഗികളായിട്ടുള്ള എല്ലാവരെയും വാത്സല്യത്തിന്റെ അമ്മയായ മറിയത്തിനു സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു– അവരെ അവൾ പ്രത്യാശയിൽ നിലനിറുത്താൻ വേണ്ടിത്തന്നെ. രോഗികളായ സഹോദരീ സഹോദരന്മാരെ സ്വാഗതംചെയ്യുന്നവരാകാൻ നമ്മെ സഹായിക്കണമേ എന്ന് ഞാൻ അവളോടു പ്രാർത്ഥിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുകയെന്ന സുവിശേഷപരമായ കടമനിർവഹിച്ചുകൊണ്ടു ജീവിക്കാൻ പ്രത്യേകമായ ദൈവകൃപ തനിക്ക് ആവശ്യമാണെന്ന് സഭയ്ക്ക് അറിയാം. ദൈവമാതാവിനോടുള്ള നമ്മുടെ പ്രാർത്ഥനയിലെ ഐക്യം നിരന്തരമായ ഒരു യാചനയായിരിക്കട്ടെ; ജീവനെയും ആരോഗ്യത്തെയും സേവിക്കുവാനുള്ള വിളിയെ സ്നേഹിച്ചുകൊണ്ട് ഓരോ സഭാംഗവും ജീവിക്കുവാനുള്ള യാചനയായിരിക്കട്ടെ. ഇരുപത്തി ആറാമത്തെ ഈ ലോകരോഗീദിനത്തിൽ കന്യകാമറിയം മാധ്യസ്ഥത വഹിക്കട്ടെ. സഹിക്കുന്നവർ തങ്ങളുടെ സഹനത്തെ കർത്താവായ യേശുവിന്റെ സഹനത്തോടുചേർത്ത് സഹിക്കുവാൻ അവൾ സഹായിക്കട്ടെ. സഹിക്കുന്നവരെ ശുശ്രൂഷിക്കുന്ന എല്ലാവരെയും അവൾ പിന്താങ്ങട്ടെ. രോഗികളും, ശുശ്രൂഷാദായകരും സന്നദ്ധസേവകരുമായ എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

*വത്തിക്കാനിൽനിന്ന് 26 നവംബർ 2017*
*പ്രപഞ്ചരാജാവായ യേശുക്രിസ്തുവിന്റെ ആഘോഷദിനം*

പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

# ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: മർക്കോ 16,1-20)**

ഈശോയുടെ ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രസന്ദേശവും അതുതന്നെയാണ് (നട. 2,24). ഈശോയുടെ ഉത്ഥാനം ചരിത്രസംഭവമാണെങ്കിലും അത് ശാസ്ത്രീയ വിശകലനത്തിലൂടെയോ ബൗദ്ധിക വിചിന്തനത്തിലൂടെയോ കണ്ടുപിടിക്കാവുന്ന ഒന്നല്ല. അത് വിശ്വാസത്തിലൂടെ മാത്രം ബോദ്ധ്യപ്പെടാവുന്ന ഒരു യാഥാർത്ഥ്യമാണ്. സുവിശേഷങ്ങളിൽ രണ്ടുതരം വിവരണങ്ങളിലൂടെയാണ് ഉത്ഥാനം വിവരിക്കുന്നത്: 1. ശൂന്യമായ കല്ലറ; 2. പ്രത്യക്ഷീകരണം. ശൂന്യമായ കല്ലറ മരിച്ചയാൾ തന്നെയാണ് ഉയിർത്തതെന്നു തെളിയിക്കുമ്പോൾ, പ്രത്യക്ഷീകരണം മരിച്ചയാൾ പുതിയ ഒരു അസ്തിത്വം കൈക്കൊണ്ടിരിക്കുന്നു എന്നു തെളിയിക്കുന്നു.

ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം.

1. 16,1-4 തൈലം പൂശാൻ സ്ത്രീകൾ പോകുന്നു.
2. 16,5-8 ഉത്ഥാന സന്ദേശം കേൾക്കുന്നു.
3. 16,9-13 ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു.
4. 16,14-18 പതിനൊന്നു പേർക്കു പ്രത്യക്ഷപ്പെടുന്നു; പ്രേഷിതദൗത്യം ഏല്പിക്കുന്നു.
5. 16,19-20 സ്വർഗ്ഗാരോഹണം ചെയ്യുന്നു.

ഈ സുവിശേഷഭാഗ വിചിന്തനത്തിലൂടെ ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവയ്ക്ക് പുരോഹിത ജീവിതത്തിലും ശുശ്രൂഷയിലുമുള്ള പ്രസക്തിയും പ്രാധാന്യവും എന്താണെന്നും മനസ്സിലാക്കാൻ കഴിയും.

**1. വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം**

"*സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേനമറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതി*

*നുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യദിവസം അതി രാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി*" (16,1-2).

ഞായറാഴ്ച അതിരാവിലെതന്നെ മൂന്നു സ്ത്രീകൾ ശവകുടീരത്തിലേക്കു പോയി. ഈ സ്ത്രീകൾ ഈശോയുടെ മരണസമയത്തുണ്ടായിരുന്നവരാണ്. ഇതിൽ മഗ്ദലേനമറിയവും മറ്റേ മറിയവും ഈശോയെ കല്ലറയിൽ സംസ്കരിക്കുന്നത് കണ്ടവരുമാണ്. ഇപ്പോൾ അതേ കല്ലറയിലേക്കുതന്നെ അവർ പോകുന്നു. ഈശോയുടെ മൃതശരീരം സുഗന്ധദ്രവ്യങ്ങളുപയോഗിച്ച് ലേപനം ചെയ്യുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോയുടെ മൃതദേഹം സംസ്കരിക്കപ്പെടുന്നതിനുമുമ്പ് സുഗന്ധദ്രവ്യങ്ങൾ പൂശി ഒരുക്കുന്നതായി മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നില്ല. ആ കുറവ് തദവസരത്തിൽ കണ്ട സ്ത്രീകൾ അതു പരിഹരിക്കാൻ ഇപ്പോൾ വരികയാണ്. ഈശോയുടെ ശരീരം പരമാവധി സുഗന്ധപൂരിതമാക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോ തന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് ജീവിച്ചിരുന്നപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ഈ സ്ത്രീകൾ അതു കേട്ടിരിക്കാനും സാധ്യതയുണ്ട്. എങ്കിലും അത് അവർ വിശ്വസിച്ചില്ല. അതുകൊണ്ടായിരിക്കണം മൃതദേഹം ലേപനം ചെയ്യാൻ അവർ തിടുക്കത്തിൽ ശവകുടീരത്തിനടുത്തേക്കു പോയത്.

ഈശോയുടെ ശവകുടീരത്തിലേക്കു പോയ സ്ത്രീകളെ നയിച്ചത് വിശ്വാസത്തെക്കാൾ വൈകാരികമായ സ്നേഹബന്ധമാണ്. അവരോടൊത്ത് ജീവിച്ചിരുന്ന ഈശോയോടുള്ള സ്നേഹബന്ധമാണ് അതിരാവിലെ അവിടേക്കു ചെല്ലുവാൻ അവരെ പ്രേരിപ്പിച്ചത്. ഇതുപോലെയുള്ള ഒരു വികലത ക്രിസ്തീയ ആദ്ധ്യാത്മികതയിലും കടന്നുവരാനുള്ള സാദ്ധ്യതകളുണ്ട്. ചരിത്രത്തിൽ ജീവിച്ച്, മരിച്ച്, കടന്നുപോയ ഈശോയോടുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയ ജീവിതം നയിക്കുന്ന അനേകരുണ്ട്. ചരിത്രത്തിൽ ജീവിച്ച മഹാത്മാക്കളെ ആദർശപുരുഷന്മാരായി അംഗീകരിച്ച് അവരുടെ ആദർശങ്ങൾക്കനുസരിച്ച് ജീവിക്കുന്നതുപോലെ ഈശോയെ അനുകരിക്കുന്നവരും അനുഗമിക്കുന്നവരും ഇന്നുമുണ്ട്. മാർതോമാസ്ലീവായേക്കാൾ കുരിശുരൂപത്തോട് ആഭിമുഖ്യം പുലർത്തുന്നത് ഇതിനൊരുദാഹരണമാണ്. കാണുമ്പോൾ വികാരങ്ങളെ ഉണർത്തുന്ന ഛായാചിത്രങ്ങളോടുള്ള ഭക്തിയും, കാണുമ്പോൾ വിശ്വാസത്തെ ഉണർത്തുന്ന ഐക്കണുകളോടുള്ള ഭക്തിയും തമ്മിലുള്ള വ്യത്യാസമാണ് അവിടെ കാണാൻ കഴി

യുന്നത്. യഥാർത്ഥ ക്രിസ്തീയജീവിതം വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം. അപ്രകാരം ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും അങ്ങനെ ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

**2. ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടേണ്ടാ. കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം. നിങ്ങൾ പോയി, അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുക: അവൻ നിങ്ങൾക്കുമുമ്പേ ഗലീലിയിലേക്കു പോകുന്നു. അവൻ നിങ്ങളോടു പറഞ്ഞിരുന്നതുപോലെ അവിടെവച്ച് നിങ്ങൾ അവനെ കാണും*" (16,6-7).

കല്ലറയിൽ കണ്ട യുവാവിന്റെ വെള്ളവസ്ത്രവും വളരെ വലിയ കല്ല് ഉരുട്ടിമാറ്റിയ അയാളുടെ അമാനുഷികശക്തിയും സന്ദേശവും ആ യുവാവ് ഒരു മാലാഖയാണെന്നു വ്യക്തമാക്കുന്നു (9,3). മാലാഖായുടെ സാന്നിദ്ധ്യം ഉയിർപ്പിന്റെ അതിസ്വാഭാവികമാനത്തെ കുറിക്കുന്നു. അതിസ്വാഭാവിക സംഭവമായ ഉയിർപ്പ് മനുഷ്യനേത്രങ്ങൾക്കു കാണാനാവില്ല. എന്നാൽ ദൈവത്തിന്റെ സഹചാരികളെന്ന നിലയിൽ മാലാഖമാർ അതു കണ്ടു. താൻ കണ്ട സംഭവം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുകയാണ് മാലാഖായുടെ സാന്നിദ്ധ്യത്തിന്റെ ഉദ്ദേശ്യം. മാലാഖാ വ്യക്തമായി ഉയിർപ്പിന്റെ സന്ദേശം നല്കുന്നു: "കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം" (16,6). ശൂന്യമായ കബറിടം ഈശോയുടെ ഉത്ഥാനത്തിന്റെ അടയാളമാണ്. ഈ ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പറയാനും മാലാഖാ അവരോടു പറയുന്നു (16,7).

ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പോയി പറയണമെന്നുള്ള നിർദ്ദേശത്തിന് വലിയ പ്രാധാന്യമുണ്ട്. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസം ക്രിസ്തീയ വിശ്വാസജീവിതത്തിന് അടിസ്ഥാനപരമാണെങ്കിൽ, അതിന് ആധികാരികത നല്കുന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെ വിശ്വാസാനുഭവമാണ്. പത്രോസിന്റെ പേര് മർക്കോസിൽ മാത്രമാണ് എടുത്തുപറഞ്ഞിട്ടുള്ളത്. മർക്കോസിനു തന്റെ ആത്മീയപിതാവായ പത്രോസിനോടുള്ള പ്രത്യേക ബന്ധമായി

രിക്കാം അതിനു കാരണം (1 പത്രോ 5,13). പത്രോസിന്റെ നേതൃത്വ ത്തിലുള്ള ശ്ലീഹന്മാരുടെ സമൂഹമാണ് ഉത്ഥാനത്തിലുള്ള ക്രിസ്തീയ വിശ്വാസത്തിന് ആധികാരികത നല്കുന്നത്. അവരാണ് ഈശോയെ കണ്ടതും കേട്ടതും നോക്കിയതും സ്പർശിച്ചതും (1 യോഹ 1,1-4). അതു കൊണ്ട് അവരുടെ വിശ്വാസത്തിലധിഷ്ഠിതമായ 'ശ്ലൈഹിക വിശ്വാസ'മാണ് ക്രിസ്തീയ വിശ്വാസത്തിന് ആധികാരികത നല്കുന്നത്. ഇപ്രകാരം ശ്ലൈഹികമായ ആധികാരികതയുള്ള, ഉത്ഥിതനായ മിശി ഹായിലുള്ള വിശ്വാസമാണ് ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനം. ശ്ലൈഹികമായ ആധികാരികത സഭയിൽ പ്രാവർത്തികമാകുന്നത് ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചയായ പൗരോഹിത്യശുശ്രൂഷയി ലൂടെയാണ് (റോമാ 15,16). അതുകൊണ്ട് പുരോഹിതൻ ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്നവനും ആ വിശ്വാസം ആധികാരികതയോ ടുകൂടി പ്രഘോഷിക്കുന്നവനും പ്രബോധിപ്പിക്കുന്നവനും ആയിരിക്കണം.

**3. ഉത്ഥാനാനുഭവമുള്ള ജീവിതം**

"*ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനു ശേഷം, ഈശോ ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു. അവ ളിൽനിന്നാണ് അവൻ ഏഴു പിശാചുക്കളെ പുറത്താക്കിയത്. അവൾ ചെന്ന് അവനോടുകൂടെ ഉണ്ടായിരുന്നവരെ വിവരം അറിയിച്ചു. അവർ ദുഃഖത്തിലാണ്ടു വിലപിച്ചിരിക്കുകയായിരുന്നു. അവൻ ജീവിച്ചിരിക്കുന്നു എന്നും അവൾക്കു കാണപ്പെട്ടു എന്നും കേട്ടപ്പോൾ അവർ വിശ്വസി ച്ചില്ല*" (16,9-11).

മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിച്ചാൽമാത്രം പോരാ, ഉത്ഥാ നാനുഭവമുണ്ടാകണമെന്ന് സുവിശേഷ വിവരണങ്ങളിലെ പ്രത്യക്ഷീ കരണങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോ മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടതിനുശേഷമാണ് അവൾ ചെന്ന് ശിഷ്യരെ വിവരമറിയി ക്കുന്നത് (6,9-10). പ്രത്യക്ഷീകരണങ്ങൾ പിന്നീട് ശിഷ്യർക്കും ഉണ്ടാ യതായി സുവിശേഷങ്ങൾ വിവരിക്കുന്നു. അപ്രകാരം പ്രത്യക്ഷീകര ണങ്ങളിലൂടെ മിശിഹായുടെ ഉത്ഥാനം ഒരനുഭവമായി ജീവിതത്തിൽ കടന്നുവന്നപ്പോഴാണ് ശിഷ്യന്മാരും ഉത്ഥാനത്തിന്റെ സുവിശേഷ പ്രഘോ ഷകരായി മാറിയത്. ഈ പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തങ്ങളായ രീതികളിലാണ് ശിഷ്യന്മാർക്കും മറ്റുള്ളവർക്കും ഉണ്ടാകുന്നതെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. യോഹന്നാന് ഉത്ഥാനാനുഭവമുണ്ടായത് ഈശോയെ നേരിട്ടു കണ്ടല്ല; അടയാളങ്ങളിലൂടെയാണ്. കല്ലറയിൽ പ്രവേശിച്ചപ്പോൾ കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന

തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും കണ്ടുകൊണ്ടാണ് (യോഹ 20,5-8). മഗ്ദലേനമറിയത്തിന് ഈശോ പ്രത്യക്ഷപ്പെട്ടത് തോട്ടക്കാരന്റെ വേഷത്തിലാണ് (യോഹ. 20,14-16). ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് തന്റെ കൈകളും പാർശ്വവും കാണിച്ചുകൊണ്ടാണ് (യോഹ. 20,20). എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് വഴിപോക്കന്റെ വേഷത്തിലാണ് (ലൂക്കാ 24,13-35).

ഉത്ഥാനംചെയ്ത ഈശോ ഇന്നും ജീവിക്കുന്നുണ്ട്. ഇന്നും നമുക്കും പ്രത്യക്ഷപ്പെടുന്നുണ്ട്. പല വിധത്തിലാണെന്നുമാത്രം. ജീവിതാനുഭവങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഉത്ഥിതനായ ഈശോ നമുക്കു പ്രത്യക്ഷപ്പെടുമ്പോൾ അത് തിരിച്ചറിയുവാനും അതിനനുസൃതമായി പ്രതികരിക്കുവാനും നമുക്കു കഴിയേണ്ടതുണ്ട്. ജീവിതത്തിൽ അത്ഭുതകരവും അപ്രതീക്ഷിതവുമായ സംഭവങ്ങളുണ്ടാകുമ്പോൾ അവിടെ സന്നിഹിതനായിരിക്കുന്ന മിശിഹായുടെ സ്നേഹവും കരുതലും തിരിച്ചറിയാൻ നമുക്കു കഴിയണം. കൂടാതെ അടയാളങ്ങളിലൂടെയുള്ള മിശിഹായുടെ സാന്നിദ്ധ്യവും സ്നേഹവും നാം തിരിച്ചറിയണം. പരിശുദ്ധ കുർബാനയും കൂദാശകളും ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിന്റെ ഉദാത്തമായ അടയാളങ്ങളാണ്. അതുപോലെ ആരാധനക്രമാഘോഷങ്ങളിൽ സഭ നിർദ്ദേശിച്ചിരിക്കുന്ന കർമ്മങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ വ്യത്യസ്തങ്ങളായ രീതികളിൽ ഉത്ഥിതന്റെ സാന്നിദ്ധ്യം നമുക്കു നല്കുന്നവയാണ്. അവയെല്ലാം പഠിക്കാനും തിരിച്ചറിയാനും സാധിച്ചാൽ ഉത്ഥാനാനുഭവത്തിൽ വളരാൻ നമുക്കു കഴിയും. ഇപ്രകാരം ഉത്ഥാനാനുഭവമുള്ള ജീവിതം നയിക്കാൻ എല്ലാവർക്കും, പ്രത്യേകിച്ച് ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളായ പുരോഹിതർക്കും കഴിയണം. അപ്രകാരം ജീവിക്കാൻ വിശ്വാസികളെ പരിശീലിപ്പിക്കുകയും വേണം.

**4. പ്രേഷിതദൗത്യബോധമുള്ള ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും*" (16,15-16).

ഉത്ഥിതനായ ഈശോയെ നേരിട്ടു കാണുവാൻ തങ്ങൾക്ക് അവസരം ലഭിക്കുന്നതിനുമുമ്പേ, ഉത്ഥിതനെ നേരിട്ടു കണ്ടവർ അവന്റെ ഉത്ഥാനത്തെക്കുറിച്ചു നല്കിയ സാക്ഷ്യം കേൾക്കാൻ ശിഷ്യർക്ക് അവ

സരമുണ്ടായി. ആ സാക്ഷ്യം ശിഷ്യർ പക്ഷേ സ്വീകരിച്ചില്ല. വിശ്വാസ രഹിതരും കഠിനഹൃദയരുമെന്ന് ശിഷ്യരെ ഈശോ കുറ്റപ്പെടുത്തിയെങ്കിലും, വലിയ പ്രേഷിതദൗത്യമാണ് അവിടുന്ന് അവരെ ഭരമേല്പിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷമെത്തിക്കണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത് (16,15). സുവിശേഷപ്രഘോഷണത്തിനു പ്രത്യുത്തരമായി ഈശോ ആവശ്യപ്പെടുന്നത് വിശ്വാസവും മാമ്മോദീസായുമാണ് (16,16). വിശ്വാസവും മാമ്മോദീസായും തമ്മിലുള്ള അഭേദ്യബന്ധം ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തീയവിശ്വാസം വെറും വ്യക്തിഗതമല്ല; സഭാത്മകമാണ്. "വിശ്വാസം ആരുടെയും സ്വകാര്യ സ്വത്തല്ല, സഭയുടേതാണ്" എന്ന ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പായുടെ പ്രസ്താവന വളരെ പ്രസക്തമാണ്. മാമ്മോദീസായിലൂടെ ഒരാൾ സഭയുടെ വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുകയാണ്. സഭയുടെ വിശ്വാസം സ്വാംശീകരിച്ചുകൊണ്ടാണ് സഭാംഗങ്ങളോരോരുത്തരും അവരുടെ വിശ്വാസജീവിതത്തിൽ വളരേണ്ടത്.

വിശ്വാസജീവിതം അതിന്റെ തനിമയിൽ ജീവിക്കുന്നതാണ് സുവിശേഷപ്രഘോഷണം എന്നും ഇവിടെ സൂചനയുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'കെരൂസ്സെയിൻ' എന്ന വാക്കിന്റെ അർത്ഥം 'പ്രസംഗിക്കുക' എന്നല്ല 'പ്രഘോഷിക്കുക' എന്നാണ്. ഈശോ സുവിശേഷം പ്രഘോഷിച്ചത് ജീവിതംകൊണ്ടാണ്. ജീവിതത്തിന്റെ ബഹിർഗമനമായിരുന്നു അവിടുത്തെ 'വാക്കുകളും' 'പ്രവർത്തനങ്ങളും'. ജീവിതമില്ലെങ്കിൽ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും വിശ്വാസ്യതയില്ല. അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ച് സഭയുടെ വിശ്വാസജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നവരാണ് ശരിയായ സുവിശേഷപ്രഘോഷകർ. സഭ 'വിശ്വാസികളുടെ സമൂഹം' എന്നാണല്ലോ ആദിമനൂറ്റാണ്ടുകളിൽ അറിയപ്പെട്ടിരുന്നതും (നട 4,32). സുവിശേഷപ്രഘോഷണത്തെ അടയാളങ്ങൾകൊണ്ടു സ്ഥിരീകരിച്ചു എന്നു പറയുമ്പോൾ (16,20) ആ അടയാളങ്ങൾ വിശ്വസിക്കുന്നവരോടുകൂടെയാണെന്നും പറയുന്നുണ്ട് (16,17-18). അതുകൊണ്ട് സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ ജീവിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്ന ജീവിതം നയിക്കുവാനാണ് ക്രൈസ്തവരെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രേഷിതദൗത്യബോധമുള്ള ജീവിതം നയിക്കുവാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം പ്രേഷിതദൗത്യബോധമുള്ള വിശ്വാസികളുടെ സമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് തന്റെ അജപാലനശുശ്രൂഷയിലൂടെ പുരോഹിതൻ ശ്രമിക്കേണ്ടത്.

**5. ഈശോയുടെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന ജീവിതം**

*"കർത്താവായ ഈശോ അവരോടു സംസാരിച്ചതിനുശേഷം, സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടമായി. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു"* (16,19-20).

ഈശോയുടെ സ്വർഗ്ഗാരോഹണവും ശിഷ്യന്മാരുടെ സുവിശേഷ പ്രഘോഷണവുമാണ് ഈ രണ്ടു വാക്യങ്ങൾ അവതരിപ്പിക്കുന്നത്. "കർത്താവായ ഈശോ" എന്നാണ് ഇവിടെ ഈശോ വിശേഷിപ്പിക്കപ്പെടുന്നത്. ലൂക്കാ 24,3 ലും ഇതുപോലെ ഈശോയെ വിശേഷിപ്പിക്കുന്നുണ്ട്. അവിടുത്തെ സ്വർഗ്ഗാരോഹണം ലൂക്കാ സുവിശേഷകനും വിവരിക്കുന്നുണ്ടല്ലോ. സ്വർഗ്ഗാരോഹണം ഈശോയുടെ കർതൃത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നു. രക്ഷാകരകർമ്മം പൂർത്തിയാക്കിക്കൊണ്ട് ഈശോ സർവ്വലോകത്തിന്റെയും കർത്താവായി മാറി എന്നാണ് സ്വർഗ്ഗാരോഹണം സൂചിപ്പിക്കുന്നത്. മിശിഹാ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നത് പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതാണ്: "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്കുക" (സങ്കീ 110,1). ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ ഉപവിഷ്ടനായത് രക്ഷാകരകർമ്മം പൂർത്തിയാക്കിക്കഴിഞ്ഞതിന്റെ സൂചനയാണ്. സർവ്വലോകത്തിന്മേലുമുള്ള ദൈവത്തിന്റെ അധികാരത്തിലും കർതൃത്വത്തിലും ഈശോയും തന്റെ രക്ഷാകരകർമ്മത്തിലൂടെ പങ്കുകാരനായി. ഈ രക്ഷകനായ ദൈവത്തിന്റെ സാന്നിദ്ധ്യവും രക്ഷാകര പ്രവർത്തനവുമാണ് സഭയുടെ സുവിശേഷപ്രഘോഷണത്തിലൂടെ ലോകമെമ്പാടും സന്നിഹിതമാകുന്നത്.

സുവിശേഷ പ്രഘോഷണത്തിലൂടെയുള്ള കർത്താവായ ഈശോയുടെ രക്ഷാകരസാന്നിദ്ധ്യത്തെക്കുറിച്ചാണ് മർക്കോസ് സുവിശേഷകന്റെ അവസാനത്തെ വാചകം സൂചിപ്പിക്കുന്നത്: "അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (16,20). ഈശോയുടെ പ്രവർത്തനം ഭൂമിയിൽ ശിഷ്യരിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു. ശിഷ്യന്മാരിലൂടെ സംഭവിക്കുന്നത് ഈശോയുടെ പ്രവർത്തനംതന്നെയാണ്. അവരിലൂടെ താൻതന്നെയാണു പ്രവർത്തിക്കുന്നതെന്ന് അടയാളങ്ങളിലൂടെ അവിടുന്നു സ്ഥിരീകരിക്കു

കയും ചെയ്തു. സഭയോടൊത്തുള്ള നമ്മുടെ വിശ്വാസജീവിതം ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കും. ഇവിടെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത് കരിസ്മാറ്റിക് അടയാളങ്ങൾ മാത്രമല്ല. ഈശോയുടെ രക്ഷാകരസ്നേഹത്തിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർത്താവിന്റെ പ്രവർത്തനത്തിന്റെ അടയാളങ്ങളായി പരിഗണിക്കേണ്ടതാണ്. ഈ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കിത്തീർക്കുന്ന ഒരു ജീവിതമാണ് പുരോഹിതൻ നയിക്കേണ്ടത്. അപ്രകാരം ജീവിക്കുവാൻ തന്റെ അജപാലനശുശ്രൂഷയിലൂടെ വിശ്വാസികളുടെ സമൂഹത്തെ സജ്ജമാക്കുകയും വേണം.

**ജീവിതസൂചിക**

1. എന്റെ വിശ്വാസ ജീവിതത്തിൽ വികാരത്തിനാണോ വിശ്വാസത്തിനാണോ ഞാൻ പ്രാധാന്യം നല്കുന്നത്?
2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണോ എന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും നിർണ്ണയിക്കുന്നത്?
3. ഏതെല്ലാം വിധത്തിലാണ് മിശിഹായുടെ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ എനിക്കു കഴിയുന്നത്?
4. പ്രേഷിതദൗത്യബോധത്തോടെ എപ്പോഴും ജീവിക്കുവാനും പ്രവർത്തിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
5. ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ എപ്രകാരം ശ്രദ്ധിക്കണം?

# രൂപതാകച്ചേരി വാർത്തകൾ

**തിരുബാലസംഖ്യം ഫെബ്രുവരി 11**

ഫെബ്രുവരി 11-ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാൻ എത്രയുംവേഗം രൂപതാകേന്ദ്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്നേഹസ്മരണ**

ബഹു. ജോസഫ് മഞ്ചുവള്ളി അച്ചന്റെ ചരമവാർഷികം ഫെബ്രുവരി 1 വ്യാഴാഴ്ചയാണ്. ഫെബ്രുവരി 7 ന് ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15 ന് ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3 ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും മരണവാർഷിക ദിനങ്ങളാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ഫെബ്രുവരി 1 നും ഫെബ്രുവരി 7 നും മാർച്ച് 3 നും രാവിലെ 7 മണിക്ക് വിയാനിഭവൻ ചാപ്പലിൽ വി. കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**യുവവൈദികർക്കുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2018 ഫെബ്രുവരി 26 തിങ്കളാഴ്ച വൈകുന്നേരം 7 മണിമുതൽ മാർച്ച് 1 വ്യാഴാഴ്ച 1 മണി വരെയായിരിക്കും. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. കൂടാതെ ബഹു. വൈദികരെ കത്ത് മുഖേന അറിയിക്കുന്നതുമാണ്. ആ ദിവസങ്ങളിലെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് നിർബന്ധമായും കോഴ്സിൽ സംബന്ധിച്ചിരിക്കണം.

**ആരാധനക്രമഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു**

സീറോമലബാർ സഭയുടെ ആരാധനക്രമകമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിവാഹവാഗ്ദാനക്രമവും സുവിശേഷപ്രഘോഷണമാർഗ്ഗരേഖയും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിൽ വെച്ച് മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, മെൽബൺ രൂപതാ ബിഷപ്പ് മാർ ബോസ്കോ പൂത്തൂർ,

പാലാ രൂപതാ എമിരറ്റസ് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർക്കു നൽകി പ്രകാശനം ചെയ്തു. സീറോ മലബാർ സഭയ്ക്ക് വേണ്ടി സിനഡ് പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ വിവാഹവാഗ്ദാനക്രമ ഗ്രന്ഥമാണിത്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷയും സിനഡിൽ വെച്ച് പ്രകാശനം ചെയ്യുകയുണ്ടായി.

റോമിൽ നിന്നും പ്രസിദ്ധീകരിച്ച സുവിശേഷ പ്രഘോഷണ ഡയറക്ടറിയുടെ അടിസ്ഥാനത്തിൽ സീറോമലബാർ സഭയ്ക്ക് വേണ്ടി തയ്യാറാക്കിയ സുവിശേഷപ്രഘോഷണമാർഗ്ഗരേഖ എന്ന ഗ്രന്ഥവും സിനഡ് ഹാളിൽ വെച്ച് പ്രകാശനം ചെയ്തു. പ്രസ്തുത പുസ്തകങ്ങളും സീറോമലബാർ സഭയുടെ സുറിയാനി ഭാഷയിലുള്ള റാസ കുർബാനയുടെ രണ്ടാംപ്പതിപ്പിന്റെ കോപ്പികളും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ആരാധനക്രമ കമ്മീഷൻ ഓഫീസിൽ ലഭ്യമാണ്. ഫോൺ: 9446477924.

പുതിയ വിവാഹവാഗ്ദാനക്രമത്തിന്റെ ഗ്രന്ഥം മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിലും ദ്വാരക ബുക്കുസ്റ്റാളിലും ലഭ്യമാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**റെക്ടേഴ്സ് – ആലോചനാ മീറ്റിംഗ്**

യുവജനവർഷത്തോടനുബന്ധിച്ച് സെമിനാരി വിദ്യാർത്ഥികളെ അവരുടെ ദൈവവിളിയിൽ ആഴപ്പെടുത്തുവാനുതകുന്ന രീതിയിലുള്ള ഒരു കൺവെൻഷൻ നടത്താൻ 18-01-2018 വ്യാഴാഴ്ച വൈകുന്നേരം ആറ് മണിക്ക് മാനന്തവാടി മൈനർ സെമിനാരിയിൽ ചേർന്ന റെക്ടർ അച്ചൻമ്മാരുടെ യോഗത്തിൽ തീരുമാനിച്ചു. മൈനർ സെമിനാരി റെക്ടർ ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിഷയാവതരണം നടത്തി. ഫാ.നിതീഷ് പെരുമ്പള്ളിയിൽ, ഫാ. മനോജ് ജീരകശ്ശേരിയിൽ, ഫാ.ലിജോ മാത്യു പട്ടത്തിൽ, ഫാ.സിബി മാടപ്പിള്ളികുന്നേൽ, ഫാ.അനീഷ് കാട്ടാംകോട്ടിൽ എന്നിവർ സിഹിതരായിരുന്നു. ജൂൺ മാസം ഇരുപത്തിരണ്ടാം തീയതി ഞായറാഴ്ച കൺവൻഷൻ നടത്താമെന്ന് തീരുമാനിച്ചു. ഫാ. അനീഷ് കാട്ടാംകോട്ടിൽ നന്ദി പറഞ്ഞു.

**മേജർ സുപ്പീരിയേഴ്സ് – ആലോചനാ മീറ്റിംഗ്**

യുവജനവർഷത്തോടനുബന്ധിച്ചുള്ള മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗ് 16-01-2018 ചൊവ്വാഴ്ച്ച രാവിലെ പത്ത് മണിക്ക് വികാരി ജനറാൾ ഫാ.അബ്രാഹം നെല്ലിക്കലച്ചന്റെ അധ്യക്ഷതയിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ എല്ലാവരേയും സ്വാഗതം ചെയ്തു. ഫാ.അനീഷ് കാട്ടാംകോട്ടിൽ, സി.മേഴ്സി ജോർജ്ജ് എസ്.എച്ച്, സി.ഫിലോ. എസ്.സി.വി, സി. എൽസ പൈകട എസ്.എ.ബി.സ്, സി.മരിയറ്റ എസ്.കെ.ടി, സി.വിമല എഫ്.സി.സി, സി.കിരൺ ജീസ് എഫ്.സി.സി, സി. ലിസ്ഫിൻമരിയ എം.സ്.എം.ഐ, എന്നിവർ സന്നിഹിതരായിരുന്നു. യുവജന വർഷത്തോടനുബന്ധിച്ചുള്ള ധ്യാന ദിവസങ്ങളിൽ യുവതികൾക്കുവേണ്ടി, താമസസ്ഥലമുള്ള സ്ഥാപനങ്ങളിലും താമസ സൗകര്യം ഏർപ്പെടുത്താമെന്ന് തീരുമാനിച്ചു.

ആസ്പിരൻസ്, പോസ്റ്റുലൻസ്, നോവിസസ് സെക്കന്റീയേഴ്സ്, ഇവർക്ക് വേണ്ടിയുള്ള കൺവെൻഷൻ സെപ്റ്റംബർ എട്ട്, ഒൻപത് തീയതികളിൽ നടത്താൻ തീരുമാനിച്ചു. ഓരോ സന്യാസസമൂഹത്തിന്റെയും കീഴിലുള്ള സിസ്റ്റേഴ്സിന്റെ യുവജന പ്രേഷിതപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി സന്യാസസമൂഹത്തിൽ നിന്നും യുവജനവർഷത്തിൽ ഒരു സിസ്റ്ററിനെ ഉത്തരവാദിത്വം ഏൽപിക്കാമെന്ന് ധാരണയായി. ഓരോ പ്രോവിൻഷ്യൽ ഹൗസുകളിലും മഠങ്ങളിലും വെച്ച് നടത്തുന്ന ആരാധന, ജാഗരണ പ്രാർത്ഥന എന്നിവക്ക് യുവജന വർഷത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. എല്ലാ മഠങ്ങളിലും വാർഡടിസ്ഥാനത്തിൽ യുവജനങ്ങളുടെ പേരും ഫോൺ നമ്പറും വീട്ടുപേരും ജോലിയും അടങ്ങിയ യൂത്ത് ഡയറക്ടറി രൂപീകരിക്കുവാനും യൂത്ത് കൺവൻഷന്റെ രജിട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതാത് ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ചെയ്യുവാനും തീരുമാനിച്ചു.

**യുവജനവർഷ കമ്മിറ്റിയുടെ ഫൊറോനാ മീറ്റിംഗ്**

ഇടവകയിൽ രൂപീകരിച്ച യുവജനവർഷ കമ്മിറ്റിയുടെ ഫൊറോനാതല മീറ്റിംഗ് ഓരോ ഫൊറോന കേന്ദ്രത്തിലും നടത്തുന്നു. മുതിർന്നവർക്കും യുവജനങ്ങൾക്കും, പ്രത്യേക പരിശീലനവും യുവജനവർഷ പരിപാടികളുടെ പരിചയപ്പെടുത്തലും ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| ഫെബ്രുവരി – 25 | – നിലമ്പൂർ, മണിമൂളി |
| മാർച്ച് – 4 | – ഗൂഡല്ലൂർ, ബത്തേരി, നടവയൽ |
| മാർച്ച് – 11 | – മാനന്തവാടി, കല്ലോടി, ദ്വാരക, തരിയോട് |

**കൊമ്മയാട്**

ജനുവരി 7–ാം തീയതി ഞായറാഴ്ച്ച കൊമ്മയാട് സെ.സെബാസ്റ്റ്യൻസ് ദേവാലയത്തിൽ യുവജനവർഷ ആഘോഷം നടത്തി. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വി.കുർബാന അർപ്പിച്ച് സെമിനാറിന് നേതൃത്വം നൽകി. യുവജനവർഷ ഉദ്ഘാടനം കെ.സി.വൈ.എം പ്രസിഡന്റ് ജിഷിൻ ഉദ്ഘാടനം നിർവഹിച്ചു. ഇടവക വികാരി ഫാ.വിൻസെന്റ് കൊരട്ടിപറമ്പിൽ യുവജനങ്ങൾക്ക് തിരി നൽകി സ്വാഗതം ചെയ്തു.

**യുവജനവർഷ ആരാധന Parishes**

| | |
|---|---|
| Adakkathodu | March 2 |
| Santhigiri | March 3 |
| Nelliyodi | March 4 |
| Ottaplavu | March 9 |
| Kelakam | March 10 |
| Kottiyoor | March 11 |
| Chungakunnu | March 16 |
| Ambayathodu | March 17 |
| Palchuram | March 18 |
| Velloonny | March 23 |
| Kaniyaram Cathedral | March 24 |
| Elapeedika | March 25 |
| Parathottam | March 29 |
| Alattil | April 6 |
| Boys Town | April 7 |
| Karimani | April 8 |
| Kuttimoola | April 13 |
| Manathavady Town | April14 |
| Muthireri | April 15 |
| Periya | April 20 |
| Poroor | April 21 |
| Prasanthagiri | April 22 |
| Puthiyidom | April 27 |
| Thalapuzha | April 28 |
| Thavinjal | April 29 |

**CONVENTS**

| | |
|---|---|
| Adakkathodu | March 1 |
| Santhigiri | March 5 |
| Nelliyodi | March 6 |
| Ottaplavu | March 7 |
| Kelakam | March 8 |
| Kottiyoor | March 12 |
| Chungakunnu | March 13 |
| Ambayathodu | March 14 |
| Palchuram | March 15 |
| Velloonny | March 19 |
| Kaniyaram | March 20 |
| Elapeedika | March 21 |
| Parathottam | March 22 |
| Alattil | March 26 |
| Boys Town | March 27 |
| Karimani | March 28 |
| Kuttimoola | April 2 |
| Manathavady Town | April 3 |
| Muthireri | April 4 |
| Periya | April 5 |
| Poroor | April 9 |
| Prasanthagiri | April 10 |
| Puthiyidom | April 11 |
| Thalapuzha | April 12 |
| Thavinjal | April 16 |
| Valiyakolli | April 17 |
| Valad | April 18 |
| Yavanarkulam | April 19 |
| Chulliyana | April 23 |
| Deepthigiri | April 24 |
| Dwaraka SH | April 25 |
| Dwaraka FCC | April 26 |
| Dwaraka CMC | April 30 |

**യുവജനസർവ്വേ**

ഇടവകാതലത്തിൽ യുവജനസർവ്വേ നടത്തി പ്രധാന വിവരങ്ങൾ (പേര്, വീട്ടുപേര്, കുടുംബകൂട്ടായ്മയുടെ പേര്, ജനനതീയതി, ജോലി, ബ്ലഡ് ഗ്രൂപ്പ്, പഠനം, ജീവിതാന്തസ്) ഉൾപ്പെടുത്തി യൂത്ത് ഡയറി പ്രസിദ്ധീകരിക്കേണ്ടതാണ്.

**യുവജനവർഷ ഇടവക കമ്മിറ്റി**

എല്ലാ ഇടവകകളിലും യുവജനവർഷ കമ്മിറ്റിക്ക് രൂപം കൊടുക്കേണ്ടതാണ്. യുവജനവർഷ കമ്മിറ്റിയുടെ ഘടനാരൂപം ഇവിടെ നൽകുന്നു.

Chairman (Parish Priest), Vice Chairman (HM Or Any other person), General Convenor (KCYM President or One Male Youth), Coordinator (One Male Youth Representative), Coordinator (One Fe Male Youth Representative) Convenor (Present Kaikkar), Convenor (Religious superiors), Team Members, (KCYM Secretariat Members, Degree Students Boy Representative One, Degree Students Girl Representative One, P G Students Boy Representative One, P G Students Girl Representative One, Employed Male Youth One . Employed Female Youth One, Unemployed Male Youth One Unemployed Female Youth One, Kaikkars, Male Youth Residing out side the territory of the parish one, Female youth residing outside the territory of the parish one , Family unit representatives according to the number of family units)

**ഫാ. ലാൽ പൈനുങ്കൽ**
ഡയറക്ടർ, യൂത്ത്മിനിസ്ട്രി

## HDC പരീക്ഷകൾ ഫെബ്രുവരി 3- ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തു പരീക്ഷ ഫെബ്രുവരി 3-ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നതാണ്. വാചാപരീക്ഷ 17-ാം തിയ്യതി ദ്വാരകയിലും 18-ാം തിയ്യതി മണിമൂളിയിലും വച്ച് നടത്തപ്പെടുന്നു.

## HCC (Plus One, Plus Two) പരീക്ഷകൾ

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 4-ാം തിയ്യതി 11.00 മണിമുതൽ 1.00 മണിവരെ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടറുടെ നേതൃത്വത്തിൽ മേഖലാ സെക്രട്ടറിയും മേഖലാ ടീം അംഗങ്ങളും പരീക്ഷാ സെന്ററിലെ വികാരിയച്ചനും, ഹെഡ്മാസ്റ്ററും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## ഇന്റേണൽ അസസ്മെന്റ്

XI,XII ക്ലാസ്സുകളിലെ ഇന്റേണൽ അസസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി പരീക്ഷനടക്കുന്ന ദിവസം തന്നെ മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കണം.

## Say പരീക്ഷ

XI, XII ക്ലാസുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് Say Exam എഴുതാനുള്ള അവസരം ഉണ്ടാകും. വാർഷിക പരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും Say Exam എഴുതാനുള്ള യോഗ്യത ഉണ്ടാവുക. ആദ്യപരീക്ഷ എഴുതാത്തവരെ Say Exam എഴുതാൻ അനുവദിക്കുന്നതല്ല. മാർച്ച് 17-ാം

തീയതിയാണ് Say പരീക്ഷ നടത്തുക. സമയം 10-12. നീലഗിരി, മണിമൂളി റീജിയണിൽ ഉള്ള വിദ്യാർത്ഥികൾക്ക് മണിമൂളി യു.പി. സ്കൂളിലും മറ്റുള്ളവർക്ക് ദ്വാരക യു.പി. സ്കൂളിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. മാർച്ച് 10-ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷ വികാരിയച്ചന്റെ ഒപ്പോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 10 ന് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ ഫെബ്രുവരി 2-ാം തിയ്യതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# *സെമിനാരിവാർത്തകൾ*

**ക്യാമ്പ് നടത്തി**

മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയിൽവെച്ച് നടന്ന അൾത്താരബാലന്മാരുടെ ക്യാമ്പിൽ 38 പേർ പങ്കെടുത്തു. കുട്ടികളെ ക്യാമ്പിലേയ്ക്ക് പറഞ്ഞയച്ച ഇടവക വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും, മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. സിബി മാടപ്പള്ളിക്കുന്നേൽ**
വൊക്കേഷൻ പ്രമോട്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ആത്മീയമായി നോമ്പ് ആചരണങ്ങളിലേക്കും ബൗദ്ധികമായി പരീക്ഷകളിലേയ്ക്കും ഉള്ള ഒരുക്കം നാം ആരംഭിക്കുകയാണല്ലോ. രണ്ടിനും വിജയം അനിവാര്യമാണ്. ആദ്ധ്യാത്മികമായും ബൗദ്ധികമായും സാമൂഹികമായുമൊക്കെ നാം വളരേണ്ടതും വളർത്തേണ്ടതും കൂടുതൽ മെച്ചപ്പെട്ട മനുഷ്യരാകാനാണല്ലോ. സച്ചിൻ ടെണ്ടുൽക്കറുടെ അച്ഛൻ രമേഷ് ടെണ്ടുൽക്കർ പതിനൊന്നാം വയസ്സിൽ ക്രിക്കറ്റ് ബാറ്റ് കൈകളിൽ ഏൽപിച്ചിട്ട് അദ്ദേഹത്തോട് പറഞ്ഞു 'കുറുക്കുവഴികളില്ലാതെ നേരാം വണ്ണം വിജയം കൈക്കലാക്കുക.' തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ സച്ചിൻ ആദ്യം നന്ദിപറഞ്ഞത് തന്റെ അച്ഛനാണ്. ഫുട്ബോൾ കളത്തിൽ നിന്ന് വിടവാങ്ങിയപ്പോൾ 'ക്രിസ്തുവാണ് എന്റെ എല്ലാ നേട്ടത്തിനും പിന്നിൽ' എന്നു പറഞ്ഞ ബ്രസീലിയൻ ഫുട്ബോളർ കക്കയും നമ്മുടെ മനോഭാവത്തെ ഒന്നു വിലയിരുത്താൻ നമ്മെ സഹായിക്കട്ടെ. നോമ്പുകാലവും, പരീക്ഷയും, പഠനവുമെല്ലാം കുറച്ചുകൂടി മെച്ചപ്പെട്ട മനുഷ്യരാകാൻ നമ്മെ പ്രാപ്തരാക്കട്ടെ.

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**പ്രാർത്ഥനാ മലരുകൾ –എഴുപത് കരുണയുടെ ജപമാല**

സുകൃതജപം –ഈശോയെ എന്റെ മരണനേരത്ത് എന്നെ അങ്ങേ പക്കലേയ്ക്ക് വിളിക്കണേ..

**മിഷൻ പ്രയർ ബാങ്ക് ശേഖരണം**–സാഗർ രൂപത (കൽപ്പറ്റ, മേഖല)

**രൂപതാ തല തിരുബാല സഖ്യ മത്സരം – ഫെബ്രുവരി 24**

രൂപതാ തല തിരുബാല സഖ്യ മത്സരം ഫെബ്രുവരി 24 ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 52 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാ തല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാല സഖ്യ അംഗങ്ങൾ. മത്സര

നിബന്ധനകളും ഇനങ്ങളും വിഷയങ്ങളും പ്രായപരിധിയും മാർഗരേഖ പേജ് 52 കാണുക.

**മത്സര ഇനങ്ങൾ : പൂമ്പാറ്റ-1**

ബൈബിൾ കഥ (5 മിനിറ്റ്), പ്രസംഗം (3 മിനിറ്റ്) സംഗീതം ക്രയോൺ കളറിങ്ങ്

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-2**

പ്രസംഗം (4 മിനിറ്റ്) സംഗീതം, ബൈബിൾ വായന-യോഹ 6, 7, 8 , വചനം എഴുത്ത് - വി. മത്തായി, ചിത്രരചന

**പൊതുവായത്**

ആക്ഷൻ സോങ്ങ് - 7 മിനിറ്റ്, 7 പേർ

**വചനതാരം ക്വിസ്സ് - ഏപ്രിൽ 12-13**

ഏപ്രിൽ 12-13 തീയതികളിൽ ദ്വാരകയിൽ വച്ച് വചനതാരം ക്വിസ്സ് നടത്തപ്പെടുന്നു. ശാഖ ജോയിന്റ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. പഴയനിയമത്തിലെ 'സുഭാഷിതങ്ങൾ' ആണ് വചനതാരത്തിന്റെ പഠന വിഷയം.

**SMART-റീജിണൽ പ്രതിഭാ സംഗമം**

തോണിച്ചാൽ, ബത്തേരി ശാഖകളിൽ വച്ച് നടത്തപ്പെട്ട റീജിണൽ പ്രതിഭാ സംഗമത്തിൽ 250-ഓളം അംഗങ്ങൾ പങ്കെടുത്തു. സംഗമത്തിന് നേതൃത്വം നൽകിയ രൂപത, മേഖല എക്സികൂട്ടീവ് & ടീം അംഗങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**രൂപതാ ക്യാമ്പ്**

ഏപ്രിൽ 25, 26 തിയ്യതികളിൽ പ്രതിഭാ സംഗമവും മെയ് മാസത്തിൽ 10-12 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ക്യാമ്പും നടത്തപ്പെടുന്നു.

**മികച്ച മിഷൻമാസ പ്രവർത്തനം**

2017-2018 പ്രവർത്തന വർഷത്തിലെ മിഷൻമാസ പ്രവർത്തനങ്ങൾ 157 ശാഖകളിലും വളരെ ക്രിയാത്മകമായി നടത്തി. അതിൽ നിന്നും മികച്ച ശാഖകളായി 1. പൂളപ്പാടം, 2. തോമാട്ടുചാൽ, 3. കയ്യൂന്നി, 4. ശിശുമല, 5. മഞ്ഞൂറ, 6. ഇരുളം, 7.അമ്പലവയൽ, 8. കാവുംമന്ദം, 9. കല്ലോടി, 10. ചെന്നലോട്. എന്നീ ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത ശാഖ ഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**ടെലിക്വിസ് വിജയികൾ**

2017 -2018 ലെ ടെലിക്വിസ് പ്രോഗ്രാമിൽ-ജോയൽ പുത്തൻപുര (പുൽപ്പള്ളി) അദീന ബിനോയി കണ്ണമംഗലത്ത്(പൂളപ്പാടം)

അനൻസിയ മുണ്ടക്കത്തടത്തിൽ (ചാരിറ്റി) ആൻട്രീസ കോട്ടേപ്പറമ്പിൽ (പൂളപ്പാടം) അലൻ സാലസ് കോട്ടേപ്പറമ്പിൽ (പൂളപ്പാടം) ജോയൽ ചെറുതാന്നിക്കൽ (പൂളപ്പാടം) എന്നിവർ വിജയികളായി.

**കുഞ്ഞുമിഷനറിയുടെ ഡയറി**

പ്രേഷിത ജീവിതത്തിലെ വ്യക്തിഗത അനുഭവങ്ങൾ എഴുതി സമ്മാനം നേടിയ ഏഞ്ചൽ കുറുമ്പാലക്കാട്ട് (പാറത്തോട്ടം) ആൻട്രീസ കോട്ടേപ്പറമ്പിൽ (പൂളപ്പാടം) എന്നിവർക്ക് അഭിനന്ദനങ്ങൾ.

**ശാഖാവാർത്തകൾ**

*തവിഞ്ഞാൽ:-* മാനന്തവാടി ഗവൺമെന്റ് ആശുപത്രി സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർഥിച്ചു. കുഴിനിലം ടെസ്സാ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങൾ നൽകി.

*ആലാറ്റിൽ:-* സുകൃതജപപ്പെട്ടി, ക്രിസ്തുമസ്സ് കാർഡ് നിർമ്മാണം, ക്രിസ്തുമസ്സ് ട്രീ, നക്ഷത്രം എന്നിവ ഉണ്ടാക്കി ഇടവകയിലെ വീടുകളിൽ കൊടുത്തു.

*മൊതക്കര:-* ക്രിസ്തുമസ്സിനൊരുക്കമായി "കുട്ടികൾ കുട്ടികൾക്കൊരു ക്രിസ്തുമസ്സ് സമ്മാനം" എന്ന പുസ്തകം വായിച്ച് ഓരോ ദിവസവും ഒരുങ്ങി. ഓഖി ദുരന്തം അനുഭവിച്ചവർക്ക് ധനസഹായം നൽകി. കോളനി സന്ദർശിച്ച് കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു.

*കാവുംമന്ദം:-* തിരുബാലസഖ്യാംഗങ്ങൾക്ക് ചിത്രരചനാ മത്സരം നടത്തി. കരോൾഗാന മത്സരം, തിരുബാലസഖ്യ മത്സരം എന്നിവയ്ക്ക് മേഖലയിൽ രണ്ടാം സ്ഥാനം നേടി.

*മഞ്ഞൂറ:-* ബൈബിൾ വായനാ യഞ്ജം, വചനമെഴുത്ത് മത്സരം, കരോൾഗാന മത്സരം, പുൽക്കൂട് നിർമ്മാണ മത്സരം എന്നിവ നടത്തി.

*പന്തിപൊയിൽ:-* പുൽക്കൂട്, ക്രിസ്തുമസ്സ് ട്രീ എന്നിവ നിർമ്മിച്ചു. സെന്റ് ജൂഡ് പള്ളിപണിക്ക് 20,000 രൂപ സഹായമായി നൽകി. രോഗീ സഹായം-1000 രൂപ നൽകി. നവജ്യോതി,സമരിറ്റൻ അഗതി മന്ദിരങ്ങളിൽ വസ്ത്രം, ഭക്ഷണസാധനങ്ങൾ എന്നിവ നൽകി.

*പുഴമുടി:-* ബൈബിൾ ദിനാചരണം, റാലി, ബൈബിൾ പ്രതിഷ്ഠ എന്നിവ നടത്തി.

*വാഴവറ്റ:-* മിഷൻഗ്രാമ സന്ദർശനം, വസ്ത്ര വിതരണം, ബൈബിൾ വാരാചരണം, ജ്യോതിനിവാസിൽ സായാഹ്ന ശുശ്രൂഷ, തിരുബാല സഖ്യ മത്സരം എന്നിവ നടത്തി.

*ബത്തേരി:-* ക്രിസ്തുമസ്സ് കാർഡ്, ക്രിസ്തുമസ്സ് ട്രീ എന്നിവ നിർമ്മിച്ചു. തിരുബാലസഖ്യ മത്സരം നടത്തി.

*മീനങ്ങാടി:-* ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സി.എം.എൽ അംഗങ്ങൾ വാഴവറ്റ ജ്യോതിനിവാസ് സന്ദർശിക്കുകയും ബലിയർപ്പിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. വചന ക്വിസ്സ് നടത്തി.
*ചുണ്ടക്കര:-* ഉണ്ണിശോക്കൊരു പുണ്യമരം (സുകൃതങ്ങൾ എഴുതിയ കാർഡുകൾ എടുത്ത് പ്രാർത്ഥിച്ച ശേഷം പണ്യമരത്തിൽ തൂക്കിയിട്ടു.) കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു. ആരാധന, ജാഗരണ പ്രാർത്ഥന എന്നിവ നടത്തി.
*പാടിച്ചിറ:-* മിഷൻഗ്രാമം (ജീവധാരു) സന്ദർശിച്ചു. മിഷനറി വൈദികനായ റവ. ഫാ. തോമസ് കക്കുഴിയുമായി അഭിമുഖം നടത്തി. ഭവന സന്ദർശനം നടത്തി ആവശ്യമായ ഭക്ഷണസാധനങ്ങൾ നൽകി.
*മണിമൂളി:-* ടോം അച്ചന് ആശംസകളർപ്പിച്ചുകൊണ്ട് ക്ലാസ്സ് തലത്തിൽ ഒപ്പു ശേഖരണം നടത്തി. ഐക്യ ക്രിസ്മസ്സ് സദസ്സിൽ വച്ച് ടോം അച്ചന് സ്നേഹോപഹാരം നൽകി. കരോൾഗാന മത്സരം, പാപ്പാ മത്സരം, ക്രിസ്മസ്കാർഡ് മത്സരം എന്നിവ നടത്തി.
*പൂളപ്പാടം:-* വാർഡു തലത്തിൽ ക്രിസ്തുമസ്സ് ട്രീ, കാർഡ്, പുൽക്കൂട് എന്നിവയുടെ മത്സരങ്ങൾ നടത്തി. വചനകൂടാരം, വചനമരം എന്നിവ നിർമ്മിച്ചു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

## Parish Youth Convention

അടുത്തവർഷം രൂപതാതലത്തിൽ നടക്കേണ്ട യുവജന കൺവെൻഷന് മുന്നോടിയായി ഇടവകാതലത്തിലുള്ള കൺവെൻഷൻ ഡിസംബർ 23-ാം തീയതി ശനിയാഴ്ച്ച കല്ലുവയൽ സെന്റ് മേരീസ് പള്ളിയിൽ നടന്നു. ഇടവക വികാരി ഫാ.ജെയ്സൺ കുഴികണ്ടത്തിൽ എല്ലാവരേയും സ്വാഗതം ചെയ്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് ക്ലാസ്സ്, കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിഗ്, വി.കുർബാന എന്നിവ നടന്നു. സ്പിരിച്ച്വൽ ഷെയറിങ്ങിന് സഹായിച്ച സിയോൻ ടീമിനേയും സി.എം.സി, എസ്.എ.ബി.എസ് സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

## LIFE-Training 2017-2018

ലൈഫ് ട്രയിനിംഗ് 2017-2018 ബാച്ചിലേക്കുള്ള മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന നൂറ്റിഅറുപത് വിദ്യാർത്ഥികൾ പങ്കെടുത്ത ഒന്നാംഘട്ട റസിഡൻഷ്യൽ ക്യാമ്പ് സെന്റ് ആന്റണീസ് ചർച്ച് കുഞ്ഞോത്ത് 26-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ പത്ത് മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ചു. വിദ്യാർത്ഥികളിൽ അന്തർലീന മായിരിക്കുന്ന കഴിവുകളെ തിരിച്ചറിയാൻ ഉതകുന്ന രീതിയിലുള്ള ക്ലാസ്സുകളും വിവിധങ്ങളായ പരീക്ഷകളും നടത്തി. നാഷണൽ കരിയർ ട്രയിനർ ഐസക്ക് തോമസ് സാർ കുട്ടികൾക്ക് സ്വയാവബോധത്തെ ക്കുറിച്ച് ക്ലാസ്സ് നൽകി. 28-ാം തീയതി രാവിലെ പത്ത് മണിമുതൽ വൈകുന്നേരം നാല് മണിവരെ വിദ്യാത്ഥികളുടെ മാതാപിതാക്കൾക്കു വേണ്ടിയുള്ള ക്ലാസ്സ് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെയും ലൈഫ് ട്രയിനിംഗ് കോഡിനേറ്റർ സി.ആൻസി തോമസ് സി.എം.സി യുടേയും നേതൃത്വത്തിൽ നടന്നു. ഈ മൂന്ന് ദിനങ്ങളിൽ ആവശ്യമായ എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിതന്ന ഇടവക വികാരി ഫാ.സെബിനേയും, സി.എം.സി സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

## Career CAR

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ തൊഴിൽ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന രീതിയിലുള്ള ക്ലാസ്സ് 27-ാം

തീയതി ബുധനാഴ്ച്ച രാവിലെ പത്ത് മണിക്ക് യൂത്ത് മിനിസ്ട്രി ഓഫീസിൽവെച്ച് നടന്നു. മുപ്പത് വിദ്യാർത്ഥികൾ സന്നിഹിത രായിരുന്നു. സി.ലിൻസി എസ്.സി.വി ക്ലാസ്സിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. ദേശീയ ട്രയിനറും കോട്ടയം സ്വദേശിയുമായ ഐസക്ക് തോമസ് സാർ സ്വന്തം ജീവിതാനുഭവത്തിലൂടെയും, ക്ലാസിലൂടെയും, വീഡിയോ ക്ലിപ്പിലൂടെയും വ്യത്യസ്തങ്ങളായ തൊഴിൽ രീതികളും സ്ഥാപനങ്ങളും കുട്ടികളെ പരിചയപ്പെടുത്തി. ഇന്നത്തെ കാലഘട്ടത്തിൽ ജോലിയുടെ ആവശ്യകതയെ കുറിച്ചും ഭാവിജീവിത ത്തിന്റെ ഭദ്രതയെകുറിച്ചും അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തി. ക്ലാസിനുശേഷം വ്യത്യസ്തമായ തൊഴിൽ സാധ്യതയെക്കുറിച്ചും കോഴ്സുകളെ കുറിച്ചും ചർച്ച നടത്തുകയും സംശയങ്ങൾ തീർക്കുകയും ചെയ്തു. രണ്ട് മണിയോടെ ക്ലാസ് അവസാനിച്ചു. വിദ്യാർത്ഥികൾക്ക് ഈ ക്ലാസ് ഏറെ ഉപകാരപ്രദ മായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.

## Team Meeting

ജനുവരി പത്ത് ബുധനാഴ്ച്ച വൈകുന്നേരം യൂത്ത് മിനിസ്ട്രി ചാപ്പലിൽ ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ടീം അംഗങ്ങളുടെ ജാഗരണ പ്രാർത്ഥന നടന്നു. പ്രാർത്ഥനക്ക് ശേഷം യൂത്ത് മിനിസ്ട്രിയുടെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും ദിനങ്ങളിൽ നടക്കേണ്ട കർമ്മപരിപാടികളെ കുറിച്ച് ആലോചിക്കുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. സി.നോയൽ എസ്.എ.ബി.എസ്, സി.ആൻസി സി.എം.സി, സി.ലിൻസി എസ്.സി.വി, കുമാരി ലിൻഷ മരിയ ഷാന്റി എന്നിവർ സന്നിഹിതരായിരുന്നു.

### Parents Meet

ലൈഫ് ട്രയിനിംഗ് 2016 -ലെ ബാച്ചിന്റെ മാതാപിതാക്കളുടെ മീറ്റിംഗ് 12-01-2018 വെള്ളിയാഴ്ച്ച വൈകുന്നേരം ആറ് മണിക്ക് ചേർന്നു. കുട്ടികളുടെ ശാരീരിക മാനസീക ബൗദ്ധിക വളർച്ചയേയും, പഠന നിലവാരത്തേയും, ജീവിത രീതികളെയും കുറിച്ച് വിലയിരുത്തുകയും ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തേണ്ട ക്യാമ്പിനെക്കുറിച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

### LIFE-Training

ലൈഫ് ട്രയിനിംഗ് 2016-2017 ബാച്ചിലെ വിദ്യാർത്ഥികളുടെ ക്യാമ്പ് വെള്ളിയാഴ്ച്ച വൈകുന്നേരം 6.30 ന് ലൈഫ് ട്രയിനിംഗ്

കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി യുടെ നേതൃത്വത്തിൽ പ്രർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ ന്യൂ ഇയർ സമ്മാനങ്ങൾ കൈമാറുകയും തങ്ങളുടെ പ്രാർത്ഥനാശംസകൾ അറിയിക്കുകയും ചെയ്തു. ശനിയാഴ്ച്ച രാവിലെ 9.30 ന് ന്യൂമാൻസ് കോളേജിൽ നടന്ന റെയ്സ് പരീക്ഷയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. പരീക്ഷക്ക് ശേഷം രണ്ട് മണി മുതൽ നാല് മണിവരെ റോഷിൻ ടീച്ചർ കണക്ക് വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നല്കി.

**Parents Meet**

ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ നാല് മണിവരെ 2016 ബാച്ചിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ മീറ്റിംഗ് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും ജീവിതരീതികളെയും കുറിച്ച് വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെ ക്രമീകരിക്കുവാൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. നാല് മണിയോടെ കുട്ടികളുടെ ക്ലാസും മാതാപിതാക്കളുടെ മീറ്റിംഗും അവസാനിച്ചു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**യൂത്ത് സിനഡ് – ഫെബ്രുവരി 13 – ദ്വാരക പാസ്റ്ററൽ സെന്റർ**

മാനന്തവാടി രൂപതയും കെ.സി.ബി.സിയും യുവജനവർഷം പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിൽ ഈ വർഷത്തെ പ്രവർത്തനവർഷ ഉദ്ഘാടനം യൂത്ത് സിനഡായിട്ടാണ് സംഘടിപ്പിക്കുന്നത്. യൂണിറ്റ് മേഖല തല ഭാരവാഹികൾ രൂപത സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ എല്ലാവരുടെയും പങ്കാളിത്തം കൊണ്ട് മാത്രമെ സിനഡ് വിജയിക്കുയുള്ളൂ. ഒരു യൂണിറ്റിൽ നിന്ന് 10 പേരെ പങ്കടുപ്പിക്കേണ്ടതാണ്. 10 പേരെ പങ്കെടുപ്പിക്കുന്ന യൂണിറ്റിന് 300 രൂപയും 10 പേരിൽ കുറവാണെങ്കിൽ ഒരാൾക്ക് 50 രൂപ എന്ന നിരക്കിലും രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. വിശ്വാസം, തൊഴിൽ, കുടുംബ ഭദ്രത എന്നീ മൂന്ന് വിഷയങ്ങളാണ് സിനഡിൽ ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർമാരുടെ പങ്കാളിത്തവും, സഹകരണവും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

2018 വർഷത്തെ മേഖല, യൂണിറ്റ് ഭാരവാഹികളുടെ പേരുവിവരം ഫോൺ നമ്പർ സഹിതം രണ്ട് കോപ്പികൾ മേഖല ഭാരവാഹികൾ വഴി ഈ പരിപാടിയ്ക്ക് വരുമ്പോൾ രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**എഡ്യു ഹെൽപ്പ് (ഓഖി ദുരിതാശ്വാസ നിധി)**

ഡിസംബർ 16 ന് നടന്ന വാർഷിക സെനറ്റിൽ തീരുമാനിച്ചതു പ്രകാരം ഓഖി ദുരന്തബാധിതരുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടി നാം കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക രൂപത കേന്ദ്രത്തിൽ ഏൽപ്പിക്കുവാൻ അപേക്ഷിക്കുന്നു. ഫെബ്രുവരി അവസാനത്തോടെ തുക കൈമാറേണ്ടതുണ്ട്. ഒരു യൂണിറ്റിൽ നിന്ന് ശേഖരിക്കാവുന്നതിന്റെ മാക്സിമം തുക (2000 രൂപയിൽ കുറയാത്ത തുക) ഫെബ്രുവരി 13 നോടുകൂടി മേഖല ഡയറക്ടർ വഴിയോ നേരിട്ടോ രൂപത ഓഫീസിൽ എൽപ്പിക്കുമല്ലോ.

**ത്യാഗം 2018**

മാർച്ച് 10 ന് ശനിയാഴ്ച്ച കുറ്റിമൂല സെന്റ് സേവ്യേഴ്സ് ചർച്ചിൽ നിന്ന് വൈകുന്നേരം 6 മണിക്ക് ആരംഭിച്ച്, ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ്

മൂന്ന് മണിക്ക് അവസാനിക്കുന്നു. നൈറ്റ് വിജിൽ, വി. കുർബാന എന്നിവയ്ക്കുശേഷം മാനന്തവാടി ഗവമെന്റ് ഹോസ്പ്പിറ്റിലേയ്ക്ക് കൂരിശിന്റെ വഴിയും തുടർന്ന് ഹോസ്പ്പിറ്റൽ ശുദ്ധീകരണം എന്നിവയാണ് കാര്യപരിപാടികൾ. യൂണിറ്റുകളിൽ നിന്ന് എത്രപേർ പങ്കെടുക്കുമെന്ന് മാർച്ച് 5 ന് മുൻമ്പായി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. താമസസൗകര്യവും ഭക്ഷണ ക്രമീകരണവും നടത്തുന്നതിനാണ്. സഹകരിക്കുമല്ലോ.

**സിൻഡിക്കേറ്റ് മീറ്റിംഗ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി രണ്ടാം തിയ്യതി നടന്ന സിൻഡിക്കേറ്റ് മീറ്റിംഗിൽ വച്ച് ഈ വർഷത്തെ പ്രവർത്തന മാർഗ്ഗ രേഖയുടെ കരടു രൂപം തയ്യാറാക്കി.

**പ്രതിഷേധപ്രകടന റാലി**

ബോണക്കാട്ട് കുരിശുയാത്ര നടത്തിയ വിശ്വാസികൾക്കു നേരെ ലാത്തിചാർജ്ജ് നടത്തിയ പോലീസിന്റെ നടപടികൾ കടുത്ത മനുഷ്യാവകാശ ലംഘനവും കിരാതവുമാണെന്ന് മാനന്തവാടി രൂപത കെ.സി വൈ.എം. ബോണക്കാട് നടന്ന സംഭവങ്ങൾ ന്യൂനപക്ഷങ്ങൾക്കു നേരെ നടക്കുന്ന ആസൂത്രിത പീഡനങ്ങളുടെ നിരയിൽപ്പെട്ടതാണെന്നും ഇന്ത്യൻ ഭരണഘടന നൽകുന്ന പരിരക്ഷപോലും ലഭിക്കാതെ വേദനയനുഭവിക്കുന്ന ന്യൂനപക്ഷാംഗങ്ങളുടെ കഷ്ടപ്പാടുകളുടെ നേർക്കാഴ്ച്ചയാണെന്നും കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ അഭിപ്രായപ്പെട്ടു. ബോണക്കാട് സംഭവങ്ങളെ അപലപിച്ചുകൊണ്ട് മാനന്തവാടിയിൽ വച്ച് നടന്ന പ്രതിഷേധപ്രകടന റാലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ വിശ്വാസികൾക്ക് നേരെ ഉണ്ടായ നരനായാട്ടിൽ പരിക്കേറ്റവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് രൂപത ജനറൽ സെക്രട്ടറി ശ്രീ. സുബിൻ ജോസ് സംസാരിച്ചു. അക്രമം അഴിച്ചുവിട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക, ബോണക്കാട് കുരിശുമുടി വിശ്വാസികൾക്ക് തുറന്നുകൊടുക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടറി ജിജോ താന്നിവേലിൽ, കോഡിനേറ്റർ ആൽഫിൻ അമ്പാറയിൽ, എബിൻ ഫിലിപ്പ് മുട്ടപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

**SHINE 2018**

ഈ വർഷത്തെ പ്രവർത്തനങ്ങൾ പ്രാർത്ഥനയുടെ ചൈതന്യത്തോടെ ആരംഭിക്കുവാൻ രൂപത സെനറ്റംഗങ്ങളെല്ലാം തോണിച്ചാൽ എമ്മാവൂസ് വില്ലയിൽ ഒരുമിച്ചു കൂടി. ബഹുമാനപ്പെട്ട വിനോദ്

പാക്കാനിക്കുഴിയച്ചൻ വേറിട്ട ശൈലിയിലൂടെ ക്രിസ്തീയ യുവത്വം നേടിയെടുക്കേണ്ട സാമൂഹിക കാഴ്ച്ചപ്പാടുകളെക്കുറിച്ച് തന്റെ വിചിന്തനങ്ങൾ പങ്കുവച്ചു. രാവിലെ ഒൻപതുമണിക്ക് ജപമാലയോടെ ആരംഭിച്ച പ്രാർത്ഥനാ ദിനം ഒരുമണിയോടെ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിയോടെ അവസാനിച്ചു. ഊച്ചയൂണിന് ശേഷം കൂടിയ മീറ്റിംഗിൽ വച്ച് യുവജന വർഷ കമ്മിറ്റി രൂപികരണത്തെക്കുറിച്ച് ലാലച്ചൻ വിശദീകരിച്ചു. പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ ജനറൽ സെക്രട്ടറി ശ്രീ.സുബിൻ കൊഴുപ്പാംത്തടത്തിൽ, ട്രഷറർ ശ്രീ. അഖിൽ പള്ളത്ത്, കോഡിനേറ്റർ ശ്രീ. ആൽഫിൻ അമ്പാറയിൽ തുടങ്ങിയവർ നേതൃത്വം നൽകി. ബഹുമാനപ്പെട്ട വിനോദച്ചനും പങ്കെടുത്ത 25 പേർക്കും അഭിനന്ദനങ്ങൾ. സ്ഥല സൗകര്യം ഒരുക്കിതന്ന എമ്മാവൂസ്സ് വില്ലയിലെ എം.എം.ബി. ബ്രദേഴ്സിന് കെ.സി.വൈ.എം. കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദി.

**മേഖല വാർത്തകൾ**

**കല്ലോടി മേഖല**

ക്രിസ്തുമസ്സ് ദിവസം വിവിധ യൂണിറ്റുകളിൽ നിന്നു ശേഖരിച്ച ഭക്ഷണപ്പൊതികൾ മാനന്തവാടിയിലെ ആകാശപ്പറവകൾക്കും സമരിറ്റൻ ഭവനത്തിലും വിതരണം ചെയ്തു.

**യൂണിറ്റ് വാർത്തകൾ**

**പുതിയിടംകുന്ന്**

ക്രിസ്തുമസ്സ് സന്ദേശം പകർന്നുകൊടുക്കാൻ ക്രിസ്തുമസ്സ് കുർബാനയിലും ആഘോഷങ്ങളിലും സജീവമായി പങ്കെടുത്തു. ഒരു വീട്ടിൽ നിന്ന് ഒരു പൊതിച്ചോറ് എന്ന മേഖല പരിപാടിയോട് സഹകരിച്ചു വിതരണം ചെയ്തു.

**പാറത്തോട്ടം**

പുതുവർഷത്തെ ആരാധനയിലും വിശുദ്ധ കുർബാനയിലും സജീവമായി പങ്കെടുത്ത് പുതുവർഷത്തോടനുബന്ധിച്ച് നടന്ന കലാപരിപാടികളിൽ പങ്കാളികളായി.

**കാവുംമന്ദം**

നവീന ആശയങ്ങൾ ഉൾചേർത്ത് 45 യുവജനങ്ങളുടെ ഒരു മാസത്തെ പരിശ്രമത്തിന്റെ ഫലമായി സൃഷ്ടിമുതൽ യുഗാന്തം വരെ പ്രദർശിപ്പിച്ച മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. വർഷാരംഭത്തോട് അനുബന്ധിച്ച് യുവജന സമ്മേളനം സംഘടിപ്പിച്ചു. ശ്രീ. ബിജു അരീക്കാട് സർ ക്ലാസുകൾ നയിച്ചു. ക്യാംമ്പ് ഫയർ പോലുള്ള വിവിധ പരിപാടികൾ സമ്മേളനത്തിന് മാറ്റുകൂട്ടി.

**പറളിക്കുന്ന്**

യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്ന ക്രിസ്തുമസ്സ് പരിപാടികൾ നടത്തി ഈ വർഷത്തെ ക്രിസ്തുമസ്സ് മഹനീയമാക്കി. ക്രിസ്തുമസ്സ് ഫ്രണ്ട്സ് സമ്മാനങ്ങൾ കൈമാറി അവ ശേഖരിച്ച് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ മൂന്ന് വൃദ്ധമന്ദിരങ്ങളിൽ വിതരണം ചെയ്തു. ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി മാത്രമായി വിശ്വദീപം എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് ഉദ്ഘാടനം ചെയ്തു.

**കല്ലുവയൽ**

രൂപത വാർഷികത്തിലും, മേഖല സംഗമത്തിലും യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. ക്രിസ്തുമസ്സിന്റെ സന്തോഷവും സമാധാനവും പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി ഇടവകയിലെ എല്ലാ കുടുംബങ്ങളിലും കേക്ക് എത്തിച്ചു.

**കയ്യൂന്നി**

യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു. കൂപ്പൺ നറുക്കെടുപ്പിലൂടെ ശേഖരിച്ച തുക ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചു.

**ബത്തേരി**

ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് ശേഖരണാർത്ഥം ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് വിൽപ്പന നടത്തി. എക്യുമെനിക്കൽ ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഭാഗമായി നടന്ന പരിപാടികളിൽ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുകയും മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**തൃശ്ശിലേരി**

മാനന്തവാടി രൂപതയിലെ ഇടവകൾക്കായി നടത്തിയ കരോൾ ഗാന മത്സരത്തിന്റെ സംഘാടനത്തിൽ കെ.സി.വൈ.എം. മുഖ്യ പങ്കുവഹിച്ചു. 700 പേർ പങ്കെടുത്ത കരോൾ നൈറ്റ് പരിപാടി ദൈവാനുഗ്രഹപ്രദമായിരുന്നു.

**സുബിൻ ജോസ് കൊഴുപ്പാംതടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 93 പേരും ജനുവരി 7 മുതൽ 10 വരെ പാസ്റ്ററൽ സെന്ററിൽ നടന്ന കോഴ്സിൽ 98 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | |
|---|---|
| ഫെബ്രുവരി 09-12 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 18-21 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 08-11 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 20-23 | - പാസ്റ്ററൽ സെന്റർ ദ്വാരക |

**രൂപതാ വാർത്തകൾ**

MPC യിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കായ് നടത്തിയ ക്ലാസ്സിൽ 163 പേർ പങ്കെടുത്തു രൂപതാ ഡയറക്ടറും, സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറും ക്ലാസ്സുകൾ നയിച്ചു.

**മാതൃവേദി**

ഗ്ലോബൽ സമിതി ജനറൽ ബോഡിയിൽ രൂപതയിൽ നിന്നും ആനിമേറ്ററുടെ നേതൃത്വത്തിൽ 7 രൂപതാ ഭാരവാഹികൾ പങ്കെടുത്തു. ഗ്ലോബൽ സെനറ്റ് അംഗങ്ങളായി ശ്രീമതി. മോളി കരിമ്പനാക്കുഴി (പോരൂർ), ശ്രീമതി. മേരി കൊച്ചുകാട്ടിത്തറ (തലഞ്ഞി) എന്നിവരെ നിയമിച്ചു.

**മുള്ളൻകൊല്ലി മേഖല**

ജൈവ പച്ചക്കറി എല്ലാ ശാഖകളിലും നടത്തുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം 12 ശാഖകളിലും ആരംഭിക്കുകയും ചെയ്തു. ഡിസം. 18 -ന് മേഖലാ വാർഷികവും ക്രിസ്തുമസ് ആഘോഷ പരിപാടികളും കരോൾഗാന മത്സരവും മുള്ളൻകൊല്ലിയിൽ വച്ച് നടത്തി. 2016-17 വർഷത്തെ മികച്ച ശാഖകൾക്കുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**തരിയോട് മേഖല**

2017 ഡിസംബർ 17 -ന് ചെന്നലോട് പള്ളിയിൽ വച്ച് തരിയോട് മേഖലയുടെ കരോൾഗാന മത്സരവും വാർഷികവും സംഘടിപ്പിച്ചു. കരോൾഗാന മത്സരത്തിൽ കാവുംമന്ദം, തരിയോട്, ചെന്നലോട് എന്നീ ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. ഈ സമ്മേളനത്തിൽ വച്ച് കരോൾഗാന മത്സരവിജയികൾ, മേഖലയിലെ മികച്ച ശാഖകൾ, സാഹിത്യ മത്സരവിജയികൾ, ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്കു നേടിയ മാതൃവേദി അംഗങ്ങൾ എന്നിവർക്കും സമ്മാനങ്ങൾ നൽകി.

**ദ്വാരക മേഖല**

കരോൾഗാന മത്സരം നടത്തി. കാരയ്ക്കാമല, തോണിച്ചാൽ, കൊമ്മയാട് എന്നീ ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. മേഖലാ ഡയറക്ടർ ബഹു. ജോസ് തേക്കനാടി അച്ചന്റെയും ബഹു. ബിജു തൊണ്ടിപറമ്പിൽ അച്ചന്റെയും നേതൃത്വത്തിൽ കേക്ക് മുറിക്കുകയും ആശംസകൾ നേരുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

**കൽപറ്റ മേഖല**

'ബേത്‌ലഹം ബീറ്റ്സ്' കരോൾഗാന മത്സരം 17-12-2017 ന് ഡിപോൾ പള്ളിയിൽ വച്ച് നടത്തി. ഫാ. സിജോ ഇളംകുന്നപ്പുഴ ക്രിസ്തുമസ് സന്ദേശം നൽകി. 11 ശാഖകൾ പങ്കെടുത്തു. കൽപറ്റ, പുഴമുടി, കളത്തുവയൽ എന്നീ ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ ക്യാഷ് അവാർഡും സമ്മാനങ്ങളും നൽകി.

**നീലഗിരി റീജൻ**

നവംബർ 17 - ന് ഗൂഡല്ലൂർ അരുൾ നിലയം പള്ളിയിൽ വച്ച് നടത്തിയ വാർഷിക യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീമതി. ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സെടുത്തു. റീജണൽ ഡയറക്ടർ ഫാ. തോമസ് മണക്കുന്നേൽ 9 ഇടവകകളിൽ നിന്നായി പങ്കെടുത്ത 115 അമ്മമാരെ അഭിസംബോധന ചെയ്യുകയും, ആനിമേറ്റേഴ്സിന്റെ യോഗം ചേരുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മേഖലയിലെ മികച്ച ശാഖകളായി തെരഞ്ഞെടുക്കപ്പെട്ട കൽപ്ര, ധർമ്മഗിരി, വിമലഗിരി എന്നീ ഇടവകകൾക്ക് ട്രോഫികൾ സമ്മാനിച്ചു.

**കല്ലോടി മേഖല**

ഡിസംബർ 2 -ന് 'ഏലീശ്വാ സംഗമവും' വാർഷികവും സമുചിതമായി നടത്തി. '9 മാസം വാവയോടൊപ്പം' എന്ന പരിപാടിയിൽ

നയോമി ടീച്ചർ (തൃശൂർ) ക്ലാസ്സെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ബെസ്റ്റ്ശാഖ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമം പുതുശ്ശേരി, വാളേരി, പുതിയിടംകുന്ന് എന്നീ ഇടവകകൾ കരസ്ഥമാക്കി. ഡിസംബർ 23 –ന് വാളേരി സെന്റ് അൽഫോൻസാ ദേവാലയത്തിൽ വച്ച് കരോൾഗാന മത്സരം നടത്തി. പുതിയിടംകുന്ന്, മക്കിയാട്, പുതുശ്ശേരി എന്നീ ഇടവ കകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**മരകാവ്**

ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടുന്നതിനായി അമ്മമാരുടെ നേതൃത്വത്തിൽ ജൈവപച്ചക്കറി കൃഷി ദേവാലയ പരിസരത്ത് ആരംഭിച്ചു. വാർഡുകളിൽ ഐക്യക്രിസ്തുമസ് പരിപാടി കൾക്ക് അമ്മമാർ നേതൃത്വം നൽകി. മേഖലയിൽ വച്ച് നടത്തിയ കരോൾഗാന മത്സരത്തിലും വാർഷിക യോഗത്തിലും 25 അമ്മമാർ പങ്കെടുത്തു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് കിടപ്പു രോഗികളെ കുമ്പ സാരത്തിനായി ഒരുക്കുകയും അവർക്ക് കേക്ക് നൽകി ക്രിസ്തുമസ് ആശംസകൾ നേരുകയും ചെയ്തു.

**ചുങ്കക്കുന്ന്**

ഡിസംബർ 1–ന് മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ പോയി ഭക്ഷണസാധനങ്ങൾ വാങ്ങി പാകം ചെയ്തു നൽകി. പരിപാടികൾക്ക് 8 അമ്മമാരും ആനിമേറ്ററും നേതൃത്വം നൽകി. രോഗികൾക്കു വേണ്ടി പ്രാർത്ഥിച്ചു. മേഖലാ കരോൾഗാന മത്സരത്തിൽ 1–ാം സ്ഥാനം ചുങ്ക ക്കുന്നിന് ലഭിച്ചു. 24 –ന് ക്രിസ്തുമസ് കിറ്റ് 6 കുടുംബങ്ങൾക്ക് നൽകി.

**വാളേരി**

മേഖലാ വാർഷികത്തിലും ഏലീശ്വ സംഗമത്തിലും 21 പേർ പങ്കെടുത്തു. രൂപതയിലെ വൈദികർക്ക് വേണ്ടി ആരാധനയും പ്രാർത്ഥ നയും നടത്തി. ഡിസംബർ 1 –ന് സമരിറ്റൻ ഭവൻ സന്ദർശിച്ച് ശുശ്രൂ ഷകൾ ചെയ്തു. വാർഡിൽ പിടിയരിയും പച്ചക്കറികളും ശേഖരിച്ച് 28–ന് ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകി. മരിയൻ യാത്ര എന്ന പേരിൽ വാർഡുകൾ തമ്മിൽ ഭവന സന്ദർശനം നടത്തി. 28 –ന് കുഞ്ഞി പൈതങ്ങളുടെ തിരുനാളിന് അമ്മമാർ അവരുടെ ഭവനങ്ങളിൽ പോയി പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**ബത്തേരി**

ആന്ധ്രയിൽ സുങ്കേശ്വരി വില്ലേജിലുള്ള പാവപ്പെട്ട സഹോദര ങ്ങൾക്കായി വസ്ത്രങ്ങൾ ശേഖരിച്ച് നൽകി. ഡിസംബർ 8–ന് ഉച്ചയ്ക്ക് 12 മുതൽ 1 മണി വരെ 'കൃപയുടെ മണിക്കൂർ' – നിരവധി അമ്മമാർ

തിരുസന്നിധിയിൽ ഒന്നിച്ചുകൂടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വാർഡു തലത്തിൽ യുവജനങ്ങൾക്കായി മക്കളുടെ പേര് പറഞ്ഞ് ജപമാല, കരുണകൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിക്കുന്നു. പാവപ്പെട്ട ഒരു അമ്മയ്ക്ക് വസ്ത്രം, ഭക്ഷണ സാധനങ്ങൾ, ഒരു മാസത്തെ മരുന്ന്, എന്നിവയ്ക്കൊപ്പം 1000/ -രൂപയും നൽകി സഹായിച്ചു ക്രിസ്തുമസ് ആഘോഷിച്ചു. മാതാവിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച്, 10 വയസ്സിന് താഴെയുള്ള കുഞ്ഞു മക്കളുടെ മനസ്സിൽ ദൈവിക ചിന്ത ഉണർത്താൻ 'എന്റെ അമ്മയ്ക്ക്' എന്ന ആൽബം രൂപപ്പെടുത്തി. 28-ന് വി.കുർബ്ബാനയ്ക്ക് ശേഷം കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിച്ചു. മാതൃവേദി യൂണിറ്റിൽ തയ്യാറാക്കിയ ആശംസാ കാർഡ് മക്കൾക്ക് കൊടുത്തു.

**കല്ലുവയൽ**

മേഖലയിൽ നടത്തിയ കരോൾഗാന മത്സരത്തിലും, ബൈബിൾ ക്വിസ് മത്സരത്തിലും അമ്മമാർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. യുവജന കൺവെൻഷന് ഒരുക്കമായി നടന്ന ആരാധനയിലും, പ്രാർത്ഥനയിലും അമ്മമാർ സംബന്ധിച്ചു.

**തൃശ്ശിലേരി**

ഡിസംബർ 1 മുതൽ വാർഡുകളിൽ ദിവ്യബലിയും വാർഡിന്റെ തിരുനാൾ ആഘോഷങ്ങളിലും അമ്മമാർ പങ്കെടുത്തു. കുഞ്ഞിപൈത ങ്ങളുടെ തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങളെ പള്ളിയിൽ കൊണ്ടു വന്ന് പ്രാർത്ഥനകൾ നടത്തി. ഗവ. ആശുപത്രിയിൽ ഭക്ഷണം ഉണ്ടാ ക്കാൻ സഹായിച്ചു, രോഗീ സന്ദർശനവും നടത്തി.

**പറളിക്കുന്ന്**

കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ഡിസംബർ 17 -ന് മാതൃ വേദി മീറ്റിംഗ് നടത്തുകയും അന്നേ ദിവസം വാർഡടിസ്ഥാനത്തിൽ കരോൾഗാന മത്സരം നടത്തുകയും ചെയ്തു. പള്ളിപറമ്പിലെ കാപ്പി ക്കുരു പറിക്കുന്നതിന് അമ്മമാർ സഹകരിച്ചു. ഡിസംബർ മാസം മുഴു വൻ മാതൃവേദി അംഗങ്ങൾ വി. കുർബ്ബാനയിലും ആരാധനയിലും സംബന്ധിച്ചു.

**കയ്യൂന്നി**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് 4 നിർദ്ധന കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി. ഇടവകയിൽ പല മേഖലകളിൽ മികവു തെളിയിച്ച പ്രതിഭകളെ ആദരിച്ച് ഉപഹാരങ്ങൾ നൽകി.

**കാരയ്ക്കാമല**

എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനസന്ദർശനം നടത്തി 2000/-രൂപ സഹായമായി നൽകി. ഡിസംബർ 18 -ന് രോഗികളെ സന്ദർശിച്ച്

പ്രാർത്ഥിച്ചു. മേഖലാതലത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**പുതിയിടംകുന്ന്**

ക്രിസ്തുമസിന്റെ ഒരുക്കമായി ഓരോ ദിവസവും 40 നന്മ നിറഞ്ഞ മറിയം ചൊല്ലി പ്രാർത്ഥിച്ചു. ജനുവരി 1 -ന് പൗരോഹിത്യം സ്വീകരിച്ച ഡീക്കൻ ജിതിനു വേണ്ടി 19 -ന് പ്രത്യേക ആരാധനയും പ്രാർത്ഥനയും നടത്തി. ആദിവാസി കോളനിയിലെ കിടപ്പു രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും കേക്ക് നൽകുകയും ചെയ്തു. മേഖലാ വാർഷികത്തിലും, ഏലീശ്വാ സംഗമത്തിലും പങ്കെടുത്തു. ക്രിസ്തുമസ് ദിനത്തിൽ ആകാശപറവകൾക്ക് ഒരു പൊതി ചോറ് എല്ലാ വീടുകളിൽ നിന്നും ലഭിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. മേഖലാടിസ്ഥാനത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ 1-ാം സ്ഥാനം നേടി.

**പാലേമാട്**

മാതൃവേദിയുടെ രൂപതാ വാർഷികത്തിൽ സംബന്ധിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് ഇടവകയിലെ നിർദ്ധനരായ 17 കുടുംബങ്ങളെ കണ്ടെത്തി അരിയും മറ്റ് പലവ്യഞ്ജനസാധനങ്ങളും നൽകി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങൾക്കും ഗർഭസ്ഥ ശിശുക്കൾക്കും വേണ്ടി പ്രാർത്ഥിച്ചു. കാവൽമാലാഖമാരുടെ രൂപവും മധുരവും കുഞ്ഞുങ്ങൾക്ക് നല്കി. ഡിസം.26 -ന് പൗരോഹിത്യ ജീവിതത്തിൽ 20 വർഷങ്ങൾ പൂർത്തിയാക്കിയ ബഹു. മാത്യു പെരിയപ്പുറം അച്ചന് അമ്മമാർ ആശംസകൾ അർപ്പിച്ചു.

**കാവുംമന്ദം**

ഡിസംബർ 1 മുതൽ 6 വരെ മാതൃവേദി ജീവകാരുണ്യ ടിൻ കളക്ഷൻ നടത്തി 55875/- രൂപ മാതൃവേദി ഫണ്ടിലേക്ക് സ്വരൂപിച്ചു. ക്രിസ്തുമസിന് ഒരുക്കമായി കുടുംബപ്രാർത്ഥനയോട് കൂടി ഉണ്ണി കൊന്ത എല്ലാ കുടുംബങ്ങളിലും ചൊല്ലുകയും സുകൃതപ്പെട്ടി ഉണ്ടാക്കി കൊച്ചു സുകൃതങ്ങൾ ചെയ്ത് ഒരുങ്ങുകയും ചെയ്തു. അമലോത്ഭവ തിരുനാൾ, കുഞ്ഞിപൈതങ്ങളുടെ തിരുനാൾ, വി. എസ്തപ്പാനോസിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. വൃദ്ധമാതാപിതാക്കളുടെ സംഗമം നടത്തി. 9 വർഷമായി തളർന്നു കിടക്കുന്ന ഗിരീഷ് എന്ന രോഗിക്ക് 1000/- രൂപയുടെ കിറ്റ് നൽകി.

**കോട്ടത്തറ**

അമലോത്ഭവ തിരുനാൾ സമുചിതമായി ആഘോഷിച്ചു. രൂപതാ വാർഷികത്തിലും കരോൾഗാന മത്സരത്തിലും അംഗങ്ങൾ പങ്കെടുത്തു.

10 നിർദ്ധന കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി. രോഗിയായി കഴിയുന്ന ചന്ദ്രികയുടെ ഭവനം അംഗങ്ങൾ സന്ദർശിച്ചു.

**വാഴവറ്റ**

അഖണ്ഡ ജപമാല നടത്തി. വിവാഹിതരായി 20 വർഷംവരെയായ ദമ്പതികൾക്ക് ക്ലാസ്സ് നടത്തി. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി. ക്രിസ്തുമസ് കേക്ക് അമ്മമാർ ഒന്നു ചേർന്നുണ്ടാക്കി കിടപ്പു രോഗികളായവരുടെ ഭവനങ്ങളിൽ കൊണ്ടുപോയി കൊടുത്തു. ജാഗരണപ്രാർത്ഥന നടത്തി. ശാഖാ മാർഗ്ഗരേഖ തയ്യാറാക്കി. 2016 –17 വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപതയിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**മുള്ളൻകൊല്ലി**

നവംബർ 27 –ന് ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി കുർബ്ബാന അർപ്പിക്കുകയും മഠം ചാപ്പലിൽ 10 മണി മുതൽ 1 മണിവരെ ആരാധന നടത്തുകയും ചെയ്തു. അമലോത്ഭവ തിരുനാൾ സമുചിതമായി ആഘോഷിച്ചു. രൂപതാ വാർഷികത്തിലും കരോൾഗാന മത്സരത്തിലും പങ്കെടുത്തു. ബൈബിൾ വായന മാസാചരണത്തിന്റെ ഭാഗമായി എല്ലാ ദിവസവും അമ്മമാർ ബൈബിൾ വായിക്കുകയും സമാപന ദിവസം ബൈബിൾ വാക്യ രചനാമത്സരം നടത്തുകയും ചെയ്തു.

**പൂളപ്പാടം**

ഡിസംബർ 4–ന് 'ഓഖി' കൊടുങ്കാറ്റിൽ ജീവൻ നഷ്ടപ്പെട്ടവർക്കുവേണ്ടിയും ദുരിതമനുഭവിക്കുന്നവർക്കുവേണ്ടിയും അമ്മമാർ ഉപവസിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 16 –ന് സെമിനാരി വിദ്യാർത്ഥികളെ സന്ദർശിച്ചു. 17 –ന് ശാഖാതലത്തിൽ കരോൾഗാന മത്സരം നടത്തി. 30–ന് ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത തിരുമേനി 'ജീവിത ശൈലി രോഗങ്ങൾ' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. മദർസുപ്പീരിയർ സി. വിൻസി എഫ്.സി.സി യുടെ രജതജൂബിലി ആഘോഷിച്ച് ഉപഹാരം നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗും ആദ്യവെള്ളി ശുശ്രൂഷകളും (5–1–18)**

രാവിലെ 10 മണിക്ക് ശുശ്രൂഷകർക്കുവേണ്ടിയുള്ള അനുരഞ്ജന ശുശ്രൂഷയും എൽഡറിംഗും ആരംഭിച്ചു. 12 മണിക്ക് ബഹു. സോണി അച്ചന്റെ നേതൃത്വത്തിൽ സഹനജപമാലയും കുരിശിന്റെ വഴിയും നടത്തി. 2 മണിയോടെ ടീം മീറ്റിംഗ് ആരംഭിച്ചു. "പരിശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവരോട് ചേർന്ന് നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവയിൽ ലക്ഷ്യം വയ്ക്കുക" (2 തിമോ.2:22) എന്ന ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പുതുവർഷത്തിൽ ഓരോ ശുശ്രൂഷകരും എങ്ങനെ ജീവിതം നയിക്കണമെന്ന് ബഹു. അച്ചൻ ഓർമ്മപ്പെടുത്തി. മീറ്റിംഗിനുശേഷം 5 മണിയോടെ ജാഗരണ പ്രാർത്ഥന ആരംഭിച്ചു. ശ്രീമതി എൽസി കുളത്തിങ്കൽ ദൈവവചനം പങ്കുവച്ചു. സ്തുതി ആരാധനയെ തുടർന്ന് ബഹു. അച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (6–1–2018)**

പ്രഭാതത്തിൽ 6 മണിക്ക് ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ ഒരുമിച്ചുകൂടി. സഹനജപമാല ചൊല്ലി കൺവെൻഷൻ വിജയത്തിനായി പ്രാർത്ഥിച്ചു. ബഹു. അച്ചൻ വി. ജലത്താൽ സീയോൻ ഹാൾ വെഞ്ചരിച്ചു. 8.45 ന് കൺവെൻഷന് തുടക്കമായി. സപ്ര, സ്തുതി, ആരാധന എന്നിവയ്ക്കുശേഷം സെഹിയോൻ മിനിസ്ട്രി ടീം അംഗം ബ്രദർ ഫ്രാൻസീസ് നിലമ്പൂർ വചനപ്രഘോഷണം നടത്തി. 12 മണിക്ക് മാനന്തവാടി രൂപതയിലെ നവാഭിഷിക്തരായ 6 വൈദികർ ഒരുമിച്ച് വി. കുർബാന അർപ്പിച്ചു. കൺവെൻഷന്റെ പൊതുനിയോഗമായ 'മാനന്തവാടി രൂപതയ്ക്കും തിരുസഭയ്ക്കും' വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. പൊതു സ്പിരിച്ച്വൽ ഷെയറിംഗ്, സാക്ഷ്യം, ദിവ്യകാരുണ്യആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവയ്ക്കുശേഷം 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി – പൊതുസ്പരിച്ച്വൽ ഷെയറിംഗ് (13–1–18)**

സ്പരിച്ച്വൽ ഷെയറിംഗിന് ഒരുക്കമായി കൗൺസിലേഴ്സ് തലേ ദിവസം പ്രാർത്ഥിച്ച് ഒരുങ്ങി. രണ്ടാം ശനി രാവിലെ 9.30 മുതൽ 3.30 വരെ ആത്മീയ പങ്കുവയ്ക്കൽ നടന്നു. അനേകം ദൈവമക്കൾ ഈശോയുടെ രക്ഷയുടെ അനുഭവം സ്വന്തമാക്കി മടങ്ങി.

**വിധവാ-തൂവാനീസാ സംഗമം (11-1-2018)**

വിധവകൾക്കും തൂവാനീസാ അമ്മമാർക്കും വേണ്ടി ജനുവരി 11 വ്യാഴാഴ്ച ഏകദിന ശുശ്രൂഷകൾ നടത്തി. 9.30 ന് ജപമാലയോടെ ആരംഭിച്ച് 2.30 ന് ദിവ്യകാരുണ്യ ആരാധനയോടെ സമാപിച്ചു. ബഹു. സി. മെറീനാ FCC വചനം പങ്കുവച്ചു. ബഹു. ഫാ. സോണി വാഴകാട്ട് വി. ബലി അർപ്പിച്ചു.

**ജാഗരണപ്രാർത്ഥന (19-1-2018)**

12 മണിക്ക് സിയോൻ പ്രഥമ ഡയറക്ടർ ബഹു. ജോർജ്ജ് മേമനയച്ചന്റെ ഒന്നാം ചരമ വാർഷികദിനം ആചരിച്ചു. ബഹു. സോണി വാഴകാട്ടച്ചൻ വി. ബലി അർപ്പിച്ചു. സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി. ധാരാളം വിശ്വാസികൾ പങ്കെടുത്തു.

**ജനുവരി മാസം 3-ാം വെള്ളി**

6 pm മുതൽ ശനിയാഴ്ച രാവിലെ 5 am വരെ ജാഗരണ പ്രാർത്ഥന നടത്തി. ശ്രീമതി ഷെറിൻ കരികുന്നേൽ അനുഭവസാക്ഷ്യം പറഞ്ഞു. ബ്രദർ പൈലി തുറപ്പാട്ട് വചനം പങ്കുവെച്ചു. ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ചു. ബ്രദർ ജോസ് മാളോല, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**രോഗശാന്തി ശുശ്രൂഷ (27-1-2018)**

രോഗികൾക്കുവേണ്ടിയുള്ള സൗഖ്യശുശ്രൂഷ ജനുവരി 27 ന് ശനിയാഴ്ച സീയോൻ ചാപ്പലിൽ വെച്ചു നടന്നു. ബഹു. സോണി വാഴകാട്ടച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സൗഖ്യ പ്രാർത്ഥനയും കൈവപ്പുശുശ്രൂഷയും നടത്തി. 2.30 ന് പ്രാർത്ഥനാശുശ്രൂഷ സമാപിച്ചു.

**സീയോൻ ധ്യാനം (21-25)**

ജനുവരി 21-25 തീയതികളിൽ സീയോനിൽ വെച്ച് പരിശുദ്ധാത്മ അഭിഷേക ധ്യാനം നടത്തി. റവ.ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. സണ്ണി മഠത്തിൽ, ഫാ.ജയ്മോൻ കളമ്പുകാട്ട്, ഫാ. സോണി വാഴകാട്ട്, ഫാ. ബാബു മൂത്തേടം, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**സീയോൻ ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| 2-2-2018 ആദ്യവെള്ളി | - | ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 3-2-2018 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 10-2-2018 രണ്ടാം വെള്ളി | - | വിധവകളുടെ ഏകദിനം, തൂവാനീസ |
| 11-2-2018 രണ്ടാം ശനി | - | പൊതുസ്പിരിച്ച്വൽ ഷെയറിംഗ് |
| 16-2-2018 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 18-22 | - | ആന്തരികസൗഖ്യ ധ്യാനം |
| 24-2-2018 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്** - ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ഒരു വലിയ നോമ്പ്കാലത്തിലേക്ക് കൂടി നാം കടക്കുകയാണ്. യേശുവിന്റെ തിരുവുത്ഥാനത്തിന്റെ മുന്നൊരുക്കമാണല്ലോ വലിയ നോമ്പാചരണം.യേശു പീഡകളേററ് സഹിച്ച് ക്രൂശിതനായി മരിച്ച് ഉത്ഥാനം ചെയ്തുവെന്ന് നമുക്കെല്ലാവർക്കുമറിയാം-നാം അത് വിശ്വ സിക്കുകയും ജീവിതത്തിൽ ഏറ്റുപറയുകയും ചെയ്യുന്നു. ക്രൂശിതനായ യേശു തന്റെ മരണത്തെ നിത്യജീവനിലേക്കുള്ള കവാടമായി നമുക്ക് കാണിച്ചുതന്നു. ഓരോ വിൻസെൻഷ്യനും ഓരോ ദിവസവും പുത്തൻ ഉയിർത്തെഴുന്നേൽപ്പിന്റെ വേളയാണ്. ദൈവത്തിന്റെ സ്നേഹം രുചി ച്ചറിയാനുള്ളവയാണ് ഓരോ പുത്തൻ പ്രഭാതവും. നാം രുചിച്ചറിയുന്ന ദൈവസ്നേഹം ഓരോ വിൻസെൻഷ്യനും മററുള്ളവർക്ക് പകർന്ന് നൽകേണ്ടത് പരസ്നേഹത്തിലൂടെയും കാരുണ്യ പ്രവർത്തികളിലൂടെ യുമാണ്. നമ്മുടെ ഓരോ പ്രവർത്തികളും പ്രാർത്ഥനകളാവണം. അപ്പോൾ ആ പ്രവർത്തികളെല്ലാം സദ്പ്രവർത്തികളായി മാറും. സമൂഹ ത്തിൽ കഷ്ടതയനുഭവിക്കുന്നവരുടെ മുന്നിൽ മറ്റൊരു ക്രിസ്തുവാകു വാൻ ഓരോ വിൻസെൻഷ്യനും കഴിയണം. ഈ നോമ്പുകാലത്ത് അപരന്റെ സന്തോഷമാവട്ടെ നമ്മുടെ സന്തോഷം. ഓരോ പുലരിയേയും വരവേൽക്കുമ്പോൾ ആ ദിനം നന്മപ്രവർത്തികൾ നിറഞ്ഞതാ വണമേയെന്ന പ്രാർത്ഥനയോടെ നമുക്കാരംഭിക്കാം. രാത്രിയിലേക്ക് നാം മടങ്ങുമ്പോൾ ആ ദിനത്തിൽ ചെയ്ത നന്മപ്രവർത്തികളാവട്ടെ ഓരോ വിൻസെൻഷ്യന്റെയും മനസ്സ് നിറയ്ക്കുന്നത്.

**കോൺഫ്രൻസ് സന്ദർശനങ്ങൾ**

2018-ഫെബ്രുവരി 13-മുതൽ സി.സി. ഭാരവാഹികൾ കോൺഫ്രൻസ് സന്ദർശനം ആരംഭിക്കുകയാണ്. കോൺഫ്രൻസിലെ മുഴുവൻ അംഗങ്ങളെയും നേരിൽ കാണുന്നതിനും, പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും വേണ്ടിയാണ് കോൺഫ്രൻസ് സന്ദർശന ങ്ങൾ നടത്തുന്നത്. ഓരോ എ.സി.കളുടെയും കീഴിലുള്ള കോൺഫ്രൻസ് സന്ദർശനങ്ങളുടെ സമയവിവരം താഴെ കൊടുക്കുന്നു.

എ.സി. പ്രസിഡന്റുമാർ അതാത് എ.സി.കളുടെ കീഴിലെ കോൺഫ്രൻസുകൾ സന്ദർശിക്കേണ്ട സമയം ക്രമീകരിച്ച് കോൺഫ്രൻസുകളെ അറിയിക്കേണ്ടതാണ്. സന്ദർശനവിവരം അതാത് കോൺഫ്രൻസുകളുടെ ആത്മീയ ഉപദേഷ്ടാക്കളെ അറിയിക്കുകയും കഴിയുന്നതും അവരെ കാണുന്നതിനുള്ള സൗകര്യങ്ങൾ കോൺഫ്രൻസ് പ്രസിഡന്റുമാർ ഒരുക്കേണ്ടതുമാണ്. സമയക്രമീകരണങ്ങൾ എ.സി.പ്രസിഡന്റുമാർ സി.സി.യിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്. സി.സി. ഭാരവാഹികൾ രണ്ട് ടീമുകളായാണ് സന്ദർശനം നടത്തുന്നത്.

2018-ഫെബ്രുവരി-13-ചൊവ്വ - ബത്തേരി എ.സി.
2018-ഫെബ്രുവരി-15-വ്യാഴം - മണിമൂളി, നിലമ്പൂർ എ.സി.കൾ
2018-ഫെബ്രുവരി-17-ശനി - ഗൂഡല്ലൂർ എ.സി.
2018-ഫെബ്രുവരി-19-തിങ്കൾ - കൊട്ടിയൂർ എ.സി.
2018-ഫെബ്രുവരി-21-ബുധൻ - മാനന്തവാടി, കല്ലോടി എ.സി.കൾ.
2018-ഫെബ്രുവരി-23-വെള്ളി - തോണിച്ചാൽ, പയ്യമ്പള്ളി എ.സി.കൾ.
2018-ഫെബ്രുവരി-26-തിങ്കൾ - കുറുമ്പാല, ചുണ്ടക്കര എ.സി.കൾ.
2018-ഫെബ്രുവരി-28-ബുധൻ - വാഴവററ, കല്പ്പററ എ.സി.കൾ.
2018-മാർച്ച്-2-വെള്ളി - പുൽപ്പള്ളി, പാടിച്ചിറ എ.സി.കൾ.
2018-മാർച്ച്-3-ശനി - നടവയൽ, തരിയോട് എ.സികൾ.

**സി.സി. യോഗ തീരുമാനങ്ങൾ**

2018-ജനുവരി 13-ന് ശനിയാഴ്ച ദ്വാരക സി.സി.ഓഫീസിൽ മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം ചേർന്നു. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, ബ്ര.തോമസ് മാങ്ങൻ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സി.സി. പ്രവർത്തന റിപ്പോർട്ട്, സി.സി.ട്രഷറർ ബ്ര.എൻ.യു.ജോൺ കണക്ക്, ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ ഓസാനാംഭവന്റെ വരവ്-ചിലവ് കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ഇവ യോഗം പാസ്സാക്കി. നെയ്ക്കുപ്പ കോൺഫ്രൻസ് അംഗമായി പ്രവർത്തിച്ച ബ്ര.വർക്കി കല്ലോലിക്കാലായിലിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. എ.സി.കളുടെ പ്രവർത്തന റിപ്പോർട്ട് അതാത് എ.സി.പ്രസിഡന്റുമാർ അവതരിപ്പിച്ചു.

വാർഷിക ഫീസ് 500–രൂപ, സി.സി.പ്രവർത്തന ഫണ്ട് 300–രൂപയാക്കുവാനും തീരുമാനിച്ചു.സി.സി.വാർഷിക റിപ്പോർട്ടിനുള്ള എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി ബ്ര.ബാബു നമ്പുടാകം, ബ്ര.ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്ര.ഷാജൻ തലച്ചിറ, സി.പ്രിയ ഷൈജൻ തടങ്ങഴി, ബ്ര.ഷാജി ചന്ദനപ്പറമ്പിൽ എന്നിവരെ തെരഞ്ഞെടുത്തു.

എ.സി.ഭാരവാഹികൾ കോൺഫ്രൻസുകളുടെ വാർഷിക റിപ്പോർട്ടുകൾ ശേഖരിച്ച്, വിഹിതങ്ങളടക്കം 2018– ഏപ്രിൽ–5–നകം കൃത്യമായി സി.സി.യിൽ ഏല്പ്പിക്കേണ്ടതാണ്. ഈ തീയതിക്കുശേഷം വരുന്ന ഒരു റിപ്പോർട്ടും സ്വീകരിക്കുന്നതല്ലെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ദ്വാരക പാസ്റ്ററൽ സെന്ററിലെ സി.സി. ഓഫീസ് എല്ലാ ആഴ്ചകളിലും ചൊവ്വ, ശനി ദിവസങ്ങളിൽ പ്രവർത്തിക്കുന്നതാണ്. ഓഫീസ് ആവശ്യങ്ങൾക്ക് വരുന്നവർ ഓഫീസ് സെക്രട്ടറി ബ്ര.കെ.പി.ജോൺ (ഫോൺ–9605311631) മുൻകൂട്ടി വിളിച്ചതിനുശേഷം വരുന്നത് അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് സഹായകരമാകും.

**ഓസാനാംഭവൻ സന്ദർശനം**

| | | |
|---|---|---|
| 2018–ഫെബ്രുവരി 1–15 | – | ചുണ്ടക്കര എ.സി. |
| ഫെബ്രുവരി 16–28 | – | ഹിങ്കൽ (മൈസൂർ) എ.സി. |
| 2018–മാർച്ച് 1–15 | – | പാടിച്ചിറ എ.സി. |
| 2018–മാർച്ച് 15–30 | – | പുൽപ്പള്ളി എ.സി. |

സ്നേഹപൂർവം,

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി.സി.പ്രസിഡന്റ്)

### നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതി (വാടി) ശ്രദ്ധേയമാകുന്നു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി ശ്രദ്ധേയമാകുന്നു. ആദിവാസി വിഭാഗത്തിൽ വരുന്ന ചെറുകിട നാമമാത്ര കർഷകരുടെ തരിശുഭൂമി കൃഷിയിടങ്ങളാക്കി മാറ്റുക എന്നതാണ് 'വാടി' എന്ന പേരിൽ അറിയപ്പെടുന്ന സമഗ്ര ആദിവാസി വികസനപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. *വാടി* എന്ന വാക്കിന് ഹിന്ദിയിൽ തോട്ടം എന്നാണ് അർത്ഥം. അതിനാൽ തന്നെ തരിശായി കിടക്കുന്ന കൃഷി ഭൂമിയെ ആരോഗ്യമുള്ള കൃഷിയിടങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി തരിശായി കിടക്കുന്ന കൃഷിയിടത്തിലെ കാടുകൾ വെട്ടിത്തെളിച്ച് വൃത്തിയാക്കി. തുടർന്ന് കൃഷിയിടത്തിൽ ആവശ്യമായ ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അനുവർത്തിച്ചു. മൺകയ്യാലകൾ, കല്ല് കയ്യാലകൾ, നീർക്കുഴികൾ, വനവത്ക്കരണം എന്നിവയാണ് ജല മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയത്. ജല മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കു ശേഷം തോട്ടം വെച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

ഇതിന്റെ ഭാഗമായി കാപ്പി, കുരുമുളക് എന്നിവയുടെ വിപുലമായ നേഴ്സറി ബോയ്സ് ടൗണിൽ സജ്ജീകരിച്ചു. കൂടാതെ ആവശ്യമായ ജൈവവളം നൽകുന്നതിനായി ബോയ്സ് ടൗണിൽ തന്നെ 'വാരണാസി കമ്പോസ്റ്റ്' ആവശ്യത്തിന് നിർമ്മിച്ചു. വാരണാസി കമ്പോസ്റ്റിന് പ്രധാനമായും ചകിരിചോറാണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നത്. ഇത് മണ്ണിലെ ഈർപ്പാംശം നിലനിർത്തുന്നതിനും വിളകളുടെ വേരുകൾ കരുത്തോടെ വളരുന്നതിനും സഹായിക്കുന്നു. തൈകൾ കൃഷി സ്ഥലത്തു നടുന്നതിനു വേണ്ടി ആവശ്യമായ കുഴികൾ കൃത്യമായ രീതിയിൽ അഗ്രോണമിസ്റ്റിന്റെ മേൽ നോട്ടത്തിൽ നിർമ്മിച്ചു.

മണ്ണിന്റെ പി.എച്ച്. കൃത്യമാക്കുന്നതിനായി മുഴുവൻ കർഷകർക്കും ഡോളോമെറ്റ് വിതരണം ചെയ്തു. അടിവളമായി ചാണകം, കമ്പോസ്റ്റ് എന്നിവ നൽകി. തുടർന്നു നൽകിയ തൈകൾ കർഷകൻ തന്നെ കൃഷി യിടത്തിൽ നടുകയും ആവശ്യമായ തണൽ ക്രമീകരിക്കുകയും ചെയ്തു. കാപ്പി, കുരുമുളക് എന്നിവയ്ക്കു പുറമെ തെങ്ങ്, പ്ലാവ്, മാവ്, സപ്പോട്ട എന്നിവയുടെ ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് നൽകു കയും അവർ അവ ഇടവിളയായി നടുകയും ചെയ്തു.

ഭക്ഷ്യ സുരക്ഷിതത്വവും സുരക്ഷിത ഭക്ഷണവും ലക്ഷ്യം വെച്ച് മുഴുവൻ കുടുംബങ്ങളിലും ജൈവപച്ചക്കറി കൃഷി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി വിവിധ ഇനം പച്ചക്കറികളുടെ വിത്തുകൾ, ജൈവ വളം, ജൈവ കീടനാശിനികൾ എന്നിവ വിതരണം ചെയ്തു. മത്സരാടി സ്ഥാനത്തിൽ സംഘടിപ്പിച്ച ഈ പദ്ധതിയിൽ ഏറ്റവും നന്നായി കൃഷി ചെയ്ത 15 പേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ മഞ്ഞൾ കൃഷിയും പൂർണ്ണമായും ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇതിന്റെ ഭാഗമായി വിത്ത്, വളം എന്നിവ വിതരണം ചെയ്തു. ഗ്രൂപ്പടിസ്ഥാനത്തിൽ വളരെ നല്ല രീതിയിലാണ് 50 ഗ്രൂപ്പുകളും മഞ്ഞൾ കൃഷി ചെയ്തത്. ഇങ്ങനെ ഉത്പ്പാ ദിപ്പിച്ച മുഴുവൻ മഞ്ഞളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈ റ്റിയുടെ ജൈവകൃഷി പ്രസ്ഥാനമായ ബയോവിൻ അഗ്രോ റിസേർച്ച് അധിക വില നൽകി സംഭരിക്കുകയുണ്ടായി. സ്ത്രീകളെ കൃഷിയിൽ സജീവമാക്കുവാൻ ഈ പദ്ധതി സഹായകരമായി.

പദ്ധതിയിൽ ഉൾപ്പെട്ട കൃഷിയിടത്തിന് ചുറ്റും ജൈവവേലി നിർമ്മിക്കുന്നതിനും സാമ്പത്തിക സാങ്കേതിക സഹായം നൽകി ചെമ്പരത്തി ശീമക്കൊന്ന എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ജൈവവേലി കൾ ഇന്ന് മുഴുവൻ തോട്ടങ്ങൾക്കും ഒരു ഐശ്വര്യമായി തീർന്നിരി ക്കുന്നു. സ്വാശ്രയ സംഘങ്ങളിലെ വനിതകളാണ് ഈ പ്രവർത്തന ങ്ങൾക്കും നേതൃത്വം നൽകിയത്.

കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കുക എന്നതായിരുന്നു സമഗ്ര ആദിവാസി വികസന പദ്ധതിയുടെ മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തനം. ഇതിന്റെ ഭാഗമായി 36 നീരുറവകൾ പുനരുദ്ധരിക്കുകയും 28 കിണറു കൾ നന്നാക്കുകയും ചെയ്തു. വളരെ കുറഞ്ഞ തുക (കിണറിന് 12500 രൂപ, നീരുറവ സംരക്ഷണത്തിന് 4500 രൂപ) യാണ് സാമ്പത്തിക സഹായം നൽകിയിരുന്നെങ്കിലും പ്രദേശത്തെ ഏറെ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. എടമുണ്ട പ്രദേശത്ത് പുനരുദ്ധ രിച്ച ഒരു നീരുറവയിൽ നിന്നും 20 ലധികം കുടുംബങ്ങൾ പൈപ്പ് ഉപ

യോഗിച്ച് കുടിവെള്ളം സമാഹരിക്കുന്നു എന്നത് ഈ പദ്ധതിയുടെ സ്വീകാര്യതയും വിജയവുമാണ് സൂചിപ്പിക്കുന്നത്.

കൃഷിയിടത്തിൽ നിന്നും ഉള്ള വരുമാനത്തോടൊപ്പം ഒരു വരുമാനമാർഗ്ഗം കൂടി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെ കോഴി വളർത്തൽ, ആടുവളർത്തൽ, പശു വളർത്തൽ എന്നീ വരുമാന വർദ്ധക പരിപാടികളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി. പദ്ധതി തുകയുടെ 90 ശതമാനം ഗ്രാന്റായും 10 ശതമാനം വായ്പയുമായാണ് സഹായം നൽകിയത്.

ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ മറ്റൊരു പ്രധാന മേഖല. മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ, പച്ചമരുന്നുകളുടെ നിർമ്മാണം ഔഷധ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ 50 ഭവനങ്ങളിൽ കക്കൂസ് നിർമ്മിച്ചു നൽകി.

വനിതാ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പദ്ധതിയിൽ നടന്നുവരുന്നു. 50 വനിത സ്വാശ്രയ സംഘങ്ങൾ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചു. നിലവിൽ 40 ലക്ഷം രൂപയോളം സേവിംഗ്സ് ആയി ഉണ്ട്. പദ്ധതിയിൽ രൂപപ്പെടുത്തി വരുന്ന കൃഷിയിടങ്ങളുടെ മെയിന്റനൻസ് നടത്തുന്നത് വനിതാ സ്വാശ്രയ സംഘങ്ങളാണ്. ഓരോ സ്വാശ്രയ സംഘത്തിനും 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. കൂടാതെ 28 ലക്ഷം രൂപ വിവിധ വരുമാന വർദ്ധക പരിപാടികൾക്കായി വായ്പയായി അനുവദിച്ചു.

ജനകീയ സംഘാടനത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, പഠന യാത്രകൾ, മത്സരങ്ങൾ, ഓണാഘോഷം, വനിതാദിനാഘോഷം തുടങ്ങിയവ നടത്തിവരുന്നു. കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

പദ്ധതിയുടെ സ്ഥായിയായ ലക്ഷ്യം മുന്നിൽ കണ്ട് മുഴുവൻ കർഷകരെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓർഗാനിക് ഫാർമിംങ്ങ് പ്രോഗ്രാമിൽ അംഗങ്ങളായിട്ടുണ്ട്. ഇതിലൂടെ പദ്ധതി കാലയളവിന് ശേഷവും മുഴുവൻ കർഷകരെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സജീവ പങ്കാളികളായി നിലനിർത്തുവാൻ സാധിക്കും. ഇതിനോടകം തന്നെ കർഷകരുടെ ജൈവ ഉത്പ്പന്നങ്ങൾ അധിക വില നൽകി സംഭരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിൽ പുത്തൻ മാതൃക സൃഷ്ടിക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്ന 'വാടി' പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തം കൊണ്ടും സുതാര്യ പദ്ധതി നടത്തിപ്പിലൂടെയും 'വാടി' സവിശേഷ ശ്രദ്ധ നേടിക്കഴിഞ്ഞു.

**സാമൂഹ്യ സേവനരംഗം**

സാമൂഹ്യ സേവനരംഗം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. വിവിധ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ (SWS), ജീവിത ശൈലി രോഗങ്ങൾ, സുരക്ഷിത ഭക്ഷണ ശീലങ്ങൾ, ക്യാൻസർ പരിരക്ഷ, ജൈവപച്ചക്കറിത്തോട്ട നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകൾ നടന്നു. 20-ാം തീയതി SWS തലത്തിലെ നേതാക്കൾക്ക് നേതൃത്വ പരിശീലനവുമായി ബന്ധപ്പെട്ട യോഗം നടന്നു.

നബാർഡ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി വയനാട്ടിൽ നടപ്പിലാക്കുന്ന വനിത സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നേറുന്നു. വിവിധ സ്വാശ്രയ സംഘങ്ങൾക്ക്, വരുമാന വർദ്ധക പരിപാടികൾക്കായി പന്ത്രണ്ട് ലക്ഷത്തോളം രൂപ വിവിധ ബാങ്കുകളിൽ നിന്ന് വായ്പ ലഭിച്ചു. എല്ലാവരുമാന വർദ്ധക പരിപാടികളും WSSS ന്റെ മേൽനോട്ടത്തിൽ കൃത്യമായി നടക്കുന്നു.

**ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ ക്യാൻസർ സുരക്ഷാ പദ്ധതിയായ ആശാകിരണം മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ വരുത്തുന്നു.

ക്യാൻസർ രോഗികൾക്ക് ആവശ്യമായ സഹായം നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയുമാണ് ആശാകിരണം. ഇതിന്റെ ഭാഗമായി ചെറുകാട്ടൂർ, കുറുക്കൻമൂല, കരിമ്പിൽ, കോട്ടത്തറ എന്നിവിടങ്ങളിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജീവിതശൈലി, ഭക്ഷണശീലങ്ങൾ തുടങ്ങിയ വിഷയവുമായി ബന്ധപ്പെട്ട് സീതാമൗണ്ട്, മരകാവ്, പോരൂർ, പയ്യമ്പള്ളി എന്നിവിടങ്ങളിലും ക്ലാസ്സുകൾ നടന്നു.

രോഗികൾക്ക് ധനസഹായം നൽകുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മിഷൻലീഗും ചേർന്ന് ധനശേഖരണാർത്ഥം നടത്തിയ സമ്മാനക്കൂപ്പൺ നറുക്കെടുപ്പ് ഡിസംബർ 20 ന് മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. ഒന്നാം സമ്മാനം സഹദേവൻ കരിന്തിരിക്കടവും, മറ്റ് സമ്മാനങ്ങൾ യഥാക്രമം മാർട്ടിൻ ഗൂഡല്ലൂർ, മത്തായി കോട്ടായിൽ, അജോബി ജോസ് എന്നിവരും കരസ്ഥമാക്കി. രണ്ട് ക്യാൻസർ രോഗികൾക്ക് പതിനായിരം രൂപ ധനസഹായം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ട് പോകുന്നു. ഇപ്പോൾ നിലവിൽ 317 കുടുംബങ്ങൾ മാനന്തവാടി രൂപതയുടെ കീഴിൽ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

**ക്രിസ്തുമസ് സമ്മാനം**

വ്യത്യസ്തമായ രീതിയിൽ WSSS ടീം ക്രിസ്തുമസ് ആഘോഷിച്ചു. ക്രിസ്തുമസ് സമ്മാനങ്ങൾ വാങ്ങുന്ന തുക ചുരുക്കി WSSS ടീം സമാഹരിച്ച തുക സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ അംഗമായ ആലാറ്റിൽ സ്വദേശി ബിനോയി എന്ന വ്യക്തിക്ക് ഭവനം നിർമ്മിക്കാൻ നൽകുകയുണ്ടായി. WSSS ന്റെ ക്രിസ്തുമസ് ആഘോഷ വേളയിൽ മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സഹായധനം ശ്രീ. ബിനോയിക്ക് കൈമാറി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ 'സുരക്ഷ' പദ്ധതിയിൽ ചേർന്നവരുടെ 2017-18 വർഷത്തെ മെമ്പർഷിപ്പ് പുതുക്കൽ നടപടി 80% പൂർത്തിയായി.

**ക്ഷേമനിധി**

കേരള ഗവൺമെന്റിന്റെ ക്ഷേമനിധിയായ തയ്യൽ തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരങ്ങൾ സോഫ്റ്റ്വയറിൽ രേഖപ്പെടുത്തി.

**നിവേദനം സമർപ്പിച്ചു**

2008 ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കുന്ന അസംഘടിത തൊളിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട്, അസംഘടിത തൊഴിലാളികൾക്കായി സ്ഥാപിക്കപ്പെട്ട വിവിധ ക്ഷേമനിധികൾ ധൃതി പിടിച്ച് അവസാനിപ്പിക്കരുതെന്ന് ആവശ്യപ്പെടും. അംഗങ്ങൾക്ക് വൻ സാധ്യത ഉണ്ടാക്കുന്ന പുതിയ ക്ഷേമപദ്ധതിയിൽ നിർബന്ധിച്ച് അംഗങ്ങളെ ചേർക്കുന്നതുമൂലം, തൊഴിലാളികൾക്കുണ്ടാകുന്ന ധന നഷ്ടവും ആനുകൂല്യ കുറവും, നീതിനിഷേധവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നത് സംബന്ധിച്ചുള്ള നിവേദനം കേരളത്തിലെ എല്ലാ MLA മാർക്കും ഡിസംബർ 16 ന് സമർപ്പിച്ചു.

**DDU - GKY/DAY-NULM**

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാ

ക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽനൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഭക്ഷ്യസംസ്ക്കരണം, ഫാഷൻ ഡിസൈൻ, ബി പി ഓ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. ഡി ഡി യൂ ജി കെ വൈ യിൽ മുൻ വർഷങ്ങളിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് 565 പേരെക്കൂടി പഠിപ്പിക്കുവാൻ നമുക്ക് അനുവാദം കിട്ടിയിട്ടുണ്ട് അതിൽ ഫുഡ് പ്രോസസ്സിംഗ് ബാച്ച്, ഫാഷൻ ഡിസൈൻ, ബി. പി.ഒ. കോഴ്സുകൾ 240 പേരോടുകൂടി ആരംഭിച്ചു. അതിൽ 70 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു.

മാനന്തവാടി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഭക്ഷ്യസംസ്കരണം എന്ന കോഴ്സ് NULM മായി ചേർന്ന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം മാനന്തവാടി മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

DDU-GKY/NULM കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം

നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫന്റ്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)**

പാരമ്പര്യ കുരുമുളക് പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വെയും, കുരുമുളകിനങ്ങളുടെ നടീൽ വസ്തു ശേഖരണവും നടന്നു. എടത്തന, മക്കിമല തുടങ്ങിയ പ്രദേശങ്ങളിലും അതിനോടനുബന്ധിച്ചുള്ള വനമേഖലയിലും സർവ്വെ നടത്തി. ഇതിനോടകം വിവിധ ഫീൽഡ് സർവ്വേയിൽ നിന്നുമായി 68-ൽ പരം നാടൻ കുരുമുളകിനങ്ങൾ (Strains) ശേഖരിക്കാൻ കഴിഞ്ഞു. വിവിധയിനം കുരുമുളകിനങ്ങളെ ശാസ്ത്രീയമായി തരംതിരിക്കുന്നതിനുവേണ്ടി അവയുടെ തിരിയും, ഇലയും കൂടിയുള്ള ശിഖരങ്ങൾ ശേഖരിക്കാൻ തുടങ്ങി. ഇവയിൽ നിന്നും ഹെർബേറിയം (Herbarium) തയ്യാറാക്കുന്നതിനുവേണ്ടിയാണിത്. പെരുംകൊടി ഇനങ്ങൾ, പറപ്പള്ളി (ചെറുത്), ജീരകമുണ്ടിയിനങ്ങൾ എന്നിവ കഴിഞ്ഞ മാസം ലഭിക്കുകയുണ്ടായി.

ഗ്രീൻനെറ്റ് ഉപയോഗിച്ചുകൊണ്ടുള്ള കവറിംഗ് രീതി കൃത്രിമ താങ്ങുകാലുകളിൽ നടപ്പിലാക്കിയതിനോടൊപ്പം കുരുമുളക് ചെടികൾക്ക് ക്രമീകൃത തോതിൽ ജലം നൽകുന്നതിന് driping System ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇതിനായി പുതുതായി നിർമ്മിച്ച കുളത്തിൽ റിംഗുകൾ സ്ഥാപിക്കുകയും കുളത്തിന്റെ ആഴം വർദ്ധിപ്പിക്കുകയും ചെയ്തു. നഴ്സറിയിൽ വളർത്തിയിട്ടുള്ള കുരുമുളക് ചെടികൾക്ക് ജൈവവളങ്ങളും, ജൈവകീടനാശിനികളും ഉപയോഗിച്ചു. ടൈക്കോഡെർമ, സ്യൂഡോമോണസ്, ബിവേറിയ തുടങ്ങിയ സൂഷ്മാണു വളങ്ങൾ നഴ്സറിയിലും മെയിൻ പ്ലോട്ടിലും ശാസ്ത്രീയാടിസ്ഥാനത്തിൽ ഉപയോഗിച്ചു.

നിലവിലുള്ള ബോട്ടാണിക് ഗാർഡനിലേയ്ക്ക് അപൂർവ്വങ്ങളായ ഔഷധ സസ്യങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. കാട്ടുമുന്തിരി, പ്രമേഹ തക്കാളി (Solanum SPS) തുടങ്ങിയ ഇടനങ്ങൾ ഇതിൽപ്പെടും. ഗാർഡന്റെ നവീകരണ പ്രവർത്തനങ്ങളും നടത്തി. ജൈവകർഷകരുടെ കൃഷിസ്ഥലങ്ങളിൽ നിന്നും മണ്ണിന്റെ സാംമ്പിളുകൾ ശേഖരിച്ച് PH, NPK എന്നിവ പരിശോധിച്ചു. കർഷകരിൽ നിന്നും കൂടുതൽ സാംമ്പിളുകൾ ശേഖരിച്ചു വരുന്നു.

**വികാസ് പീഡിയ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐ.ടി. മന്ത്രാലയ ത്തിന് കീഴിലെ സമ്പൂർണ്ണ ഓൺലൈൻ പോർട്ടലായ വികാസ് പീഡി യക്ക് കൂടുതൽ വിവരദാതാക്കൾ ഉണ്ടാവുകയും വികാസ് പീഡിയ സന്ദർശിക്കുന്നവരുടെ എണ്ണവും കഴിഞ്ഞ കുറേ മാസങ്ങളായി വർദ്ധിക്കുകയുണ്ടായി.

ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ശില്പശാലകൾ സംഘടിപ്പിച്ചു. നബാർഡ്, നെഹ്റു യുവകേന്ദ്ര എന്നിവയുടെ പരിപാടികളുമായും സഹകരിച്ചു. കേരള കാർഷിക സർവവ്കലാശാലയുടെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജനുവരി ഒന്നുമുതൽ 18 വരെ നടന്ന അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2018–ൽ വികാസ്പീഡിയ ജനസേവന കേന്ദ്രം തുറന്നു. വികാസ്പീഡിയയുടെ പതിമൂന്ന് വളണ്ടി യർമാർ മുഴുവൻ സമയവും സ്റ്റാളിലുണ്ടായിരുന്നു. കൃഷിമന്ത്രി വി.എസ്. സുനിൽ കുമാർ ഉൾപ്പെടെ പതിനായിരത്തോളം പേർ സ്റ്റാൾ സന്ദർശിച്ചു. കർണാടക ഹോർട്ടികൾച്ചർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ഡി.എൽ. മഹേശ്വർ സ്റ്റാൾ ഉദ്ഘാടനം ചെയ്തു. ഡബ്ല്യൂ.എസ്.എസ്. ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, സംസ്ഥാന കോഡിനേറ്റർ സി.വി.ഷിബു തുടങ്ങിയവർ നേതൃത്വം നൽകി.

നിലമ്പൂർ, ഗൂഡല്ലൂർ, കൽപ്പറ്റ എന്നിവിടങ്ങളിൽ വിവിധ പരിപാ ടികൾ നടത്തി.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിളകൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ഡിസംബർ മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു. പദ്ധതിയിലേക്ക് ജനുവരിമാസം പുതുതായി 150 കർഷകർ അംഗങ്ങളായി. ഇവരെ ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളാക്കി തിരിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 18 സെമിനാറുകൾ നടത്തി. എ.ഇ.ഓ. കുമാരി ലിജി ക്ലാസുകൾ നയിച്ചു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതനമാറ്റങ്ങളും കീടരോഗ നിയന്ത്രണരീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ

പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും, ഗ്രൂപ്പ് മീറ്റിങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണരീതി, ഉത്പ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

**ലീഡേഴ്സ് മീറ്റിങ്ങുകൾ നടത്തി.**

പ്രാദേശിക തലത്തിൽ കർഷക ഗ്രൂപ്പുകളുടെ ലീഡർമാർക്കായി മിറ്റിങ്ങുകൾ നടത്തി. ഗ്രൂപ്പ് മീറ്റിങ്ങുകൾ നടത്തേണ്ടവിധം, ലീഡറുടെ ചുമതലകൾ, കർഷകസംഘാടനം, ഉത്പ്പന്നങ്ങളുടെ ശേഖരണം, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകുകയും ഓരോ പ്രദേശത്തെയും കർഷകർ അഭിമുഖീകരിക്കുന്ന പ്രാദേശിക പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ചയാകുകയും ചെയ്തു.

**ഫെയർട്രേഡ്**

**വൊഫാ**

414 കർഷകരുമായി 2008 ൽ രൂപീകൃതമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവഫെയർട്രേഡ് സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (WOFFA) ആരംഭകാലഘട്ടം മുതൽ കർഷകർക്ക് പ്രതീക്ഷ നൽകികൊണ്ട് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ 9 വർഷങ്ങൾ പിന്നിടുകയാണ്. സംഘടനയുടെ അഭൂതപൂർവ്വമായ വളർച്ച ഏറെ അഭിമാനകരമാണ്. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ജൈവഫെയർ ട്രേഡ് കർഷക സംഘടനയായ വോഫയിൽ 7609 കർഷകരാണിന്നുള്ളത്.

**സെമിനാർ**

2017 ഡിസംബർ മാസം 20-ാം തീയതി ബാംഗ്ലൂരിൽ സംഘടിപ്പിച്ച ഫെയർട്രേഡ് കോൺഫറൻസിൽ വൊഫെ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തു.

**വൊഫ പ്രത്യേക വാർഷിക പൊതുയോഗം**

15-12-2017 വൊഫ പ്രത്യേക വാർഷിക പൊതുയോഗം WSSS ഓഡിറ്റോറിയത്തിൽ ചേർന്നു. യോഗത്തിന് വൊഫ-ചെയർമാൻ അഡ്വ. ഫാദർ ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സെക്രട്ടറി ശ്രീ. സണ്ണി മൂലക്കര വോഫയുടെ 2017-2018 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

**യോഗ തീരുമാനങ്ങൾ**

1. ബയോവിൻ അഗ്രോ റിസേർച്ച് ഉടമസ്ഥതയിലുള്ള ഒഴക്കോടിയിലുള്ള സ്ഥലത്ത് പാർച്ച്മെന്റ് കോഫി യൂണിറ്റും, സംഭരണശാലയും അനുവദിക്കുന്നതിന് തീരുമാനിക്കുകയും ആയതിലേക്ക് 1,50,00000 രൂപ (ഒന്നരക്കോടി) വകയിരുത്തുകയും ചെയ്തു.
2. ഓഖി ദുരിത ബാധിതർക്ക് സംഘടനയിൽ നിന്നും 5 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുവാൻ തീരുമാനിച്ചു.
3. സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.
4. കർഷകരിൽ നിന്നും ഉത്പന്നങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സംഭരണ ശാലകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.
5. കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കർഷകർക്ക് കക്ക, വേപ്പിൻ പിണ്ണാക്ക്, NPK വളങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.
6. അടുത്ത സാമ്പത്തിക വർഷത്തിൽ (2018-19) 50% സബ്സിഡി നിരക്കിൽ കർഷകർക്ക് കക്ക, വേപ്പിൻ പിണ്ണാക്ക് NPK വളങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നതിന് തീരുമാനിച്ചു.

**ചികിത്സാ സഹായം**

വോഫെയിൽ നിന്നും നൽകിവരുന്ന ചികിത്സാ സഹായമായി 267 രോഗികൾക്കായി 20,00,000 രൂപ (ഇരുപതുലക്ഷം) രൂപ ഡിസംബർ മാസത്തോടെ വിതരണം ചെയ്തു.

**സംഭരണം**

വൊഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഡിസംബർ മാസം 65630 കിലോ കാപ്പി 466.6 കിലോ കുരുമുളക് എന്നിവ സംഭരിച്ചു.

**കഫേ**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വേണ്ടി 2015 ജൂലൈ മാസം 20-ാം തീയതി രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയാണ് കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് (കഫേ). 2859 കർഷകരാൽ രൂപംകൊണ്ട സംഘടനയിൽ 2016-17 വർഷത്തിൽ 4358 അംഗങ്ങളാണുള്ളത്.

**കഫേ പ്രത്യേക വാർഷിക പൊതുയോഗം**

16-12-2017 കഫേ പ്രത്യേക വാർഷിക പൊതുയോഗം WSSS ഓഡിറ്റോറിയത്തിൽ ചേർന്നു. യോഗത്തിന് കഫേ-ചെയർമാൻ റവ.ഫാ. ബിജു കോയിക്കാട്ടിൽ അദ്ധ്യക്ഷതവഹിച്ചു. കഫേ ഉപദേഷ്ടാവും ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാനുമായ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ സന്നിഹിതനായിരുന്നു. യോഗത്തിൽ സെക്രട്ടറി ശ്രീ.പി. എ. ജോസ് കഫേയുടെ 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ എന്നിവ അവതരിപ്പിച്ചു.

**യോഗതീരുമാനങ്ങൾ**

1. സംഘടനയിൽ അംഗങ്ങളായ കർഷകരുടെ ഉൽപ്പന്നങ്ങളുടെ തറവില നിശ്ചയിക്കുവാൻ തീരുമാനിക്കുകയും, കാപ്പിക്ക് കിലോഗ്രാമിന് 65 രൂപയായി വില നിശ്ചയിക്കുകയും ചെയ്തു. തറവിലയേക്കാൾ അധികമായി പൊതുവിപണി വില വരുന്ന സാഹചര്യത്തിൽ തറവിലയ്ക്ക് പുറമെ കിലോഗ്രാമിന് 4 രൂപവീതം അധികവില നൽകുവാനും തീരുമാനിച്ചു.
2. കാപ്പിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പെസ്റ്റിസൈഡ് അനാലിസിസ് ലാബ് ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിലേക്കായി 75 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
3. ഓഖി ദുരിതബാധിതർക്ക് സംഘടനയിൽ നിന്നും 2 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുവാൻ തീരുമാനിച്ചു.
4. കർഷകരുടെ ഉത്പ്പന്നം സംഭരിക്കുന്നതിനും ബയോവിനിലേയ്ക്ക് എത്തിക്കുന്നതിനുമായി പുതിയ വാഹനം വാങ്ങുവാൻ തീരുമാനിച്ചു. ആയതുപ്രകാരം 20 ലക്ഷം രൂപ മുതൽമുടക്കി ഭാരത് ബെൻസിന്റെ 7.5 ടൺ കേവുഭാരമുള്ള വാഹനം വാങ്ങിച്ചു.
5. സംഘടനവഴി നൽകുന്ന രോഗീചികിത്സാ പദ്ധതിയിലേക്ക് അംഗങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചു.

6. കർഷകരിൽ നിന്നും ഉത്പന്നങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സംഭരണശാലകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.
7. സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.
8. സംഘടനയിലെ അംഗങ്ങളിൽ നിന്നും മികച്ച കർഷകനെ കണ്ടെത്തുന്നതിനായി പഞ്ചായത്തുതലത്തിൽ അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചു.
9. കർഷകർക്ക് 75% സബ്സിഡി നിരക്കിൽ വേപ്പിൻ പിണ്ണാക്ക് NPK വളങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.
10. അടുത്ത സാമ്പത്തിക വർഷത്തിൽ (2018–19) 75% സബ്സിഡി നിരക്കിൽ കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് NPK വളങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് 35 ലക്ഷം രൂപ വകയിരുത്തുന്നതിന് തീരുമാനിച്ചു.

**ഓഖി: സഹായഹസ്തവുമായി ബയോവിൻ**

മാനന്തവാടി കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ബയോവിൻ അഗ്രോറിസേർച്ച് ഓഖി കൊടുങ്കാറ്റിൽ ദുരിതമനുഭവിക്കുന്ന മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 7 ലക്ഷം രൂപയുടെ സഹായധനം കൈമാറി. മാനന്തവാടി രൂപതയുടെ വികാരിജനറാൾ മോൺ. അബ്രാഹം നെല്ലിക്കലിന്റെ പക്കൽ നിന്നും കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ട് തുക ഏറ്റുവാങ്ങി. ബയോവിൻ നേതൃത്വം നൽകുന്ന കർഷക സംഘടനകളായ വൊഫയിൽ നിന്നും കഫേയിൽ നിന്നും യഥാക്രമം 5 ലക്ഷം, 2 ലക്ഷം രൂപ വീതമാണ് സഹായധനമായി സമാഹരിച്ചത്. ദുരന്തങ്ങൾക്ക് എവിടേയും ഒരേ മുഖമാണെന്നതാണ് ഏറെ കാർഷിക ദുരന്തങ്ങൾ അനുഭവിച്ച വയനാട്ടിലെ കർഷകർ മത്സ്യത്തൊഴിലാളികളെ സഹായിക്കുവാൻ മുന്നോട്ടുവന്നതിനു പിന്നിലെ കാരണം. വരുമാനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യതൊഴിലാളികൾക്ക് സ്ഥിരവരുമാനമാർഗം ഉണ്ടാക്കുവാനും അവരുടെ പുരധിവാസത്തിനും ഈ തുക വിനിയോഗിക്കുമെന്ന് ഫാ. ജോർജ് വെട്ടിക്കാട്ട് അറിയിച്ചു.

ഇതിനുപുറമെ കാൻസർ രോഗികൾക്കായുള്ള ചികിത്സാ സഹായമായി 20 ലക്ഷം രൂപയും ഭവനപുനരുദ്ധാരണത്തിനായി 10 ലക്ഷം രൂപയും വൊഫ നീക്കി വച്ചതായി ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ അറിയിച്ചു.

ബയോവിൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ.അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. പോൾ കൂട്ടാല, ഡബ്ല്യൂ എസ്.എസ്. ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ഫാ. ജിനോജ് പാലത്തടത്തിൽ, ചാക്കോ ചെറുപ്ലാവിൽ, സണ്ണി മൂലക്കര, തോമസ് പി.എ., വിനീഷ് വണ്ടന്നൂർ, ജോസ് പി.എ., ബിബിൻ ആലിങ്കൽ എന്നിവർ പ്രസംഗിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്നവില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ നവംബർ മാസത്തിലും കാപ്പി, കുരുമുളക്, പൈനാപ്പിൾ, ഒറിഗാനോ, ചായിസ് തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**രണ്ടാമത് മാറ്റൊലി മനുഷ്യാവകാശ മാധ്യമ പുരസ്കാരം**

രണ്ടാമത് മാറ്റൊലി മനുഷ്യാവകാശ മാധ്യമ പുരസ്കാരം മംഗളം ചാനൽ റിപ്പോർട്ടർ ശ്രീ.ജയരാജ് ബത്തേരിക്ക് ശ്രീ.കൽപ്പറ്റ നാരായണൻ സമർപ്പിച്ചു. ശ്രീ.ജയരാജ് ബത്തേരിയുടെ കനിവ് തേടുന്നവർ എന്ന വാർത്താപരമ്പരയാണ് രണ്ടാമത് മാറ്റൊലി മനുഷ്യാവകാശ മാധ്യമ പുരസ്കാരം നേടിയത്. ക്യാഷ് അവാർഡും പ്രശസ്തിപത്രവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരി സമ്മാനിച്ചു. പുരസ്കാര സമർപ്പണത്തോട് അനുബന്ധിച്ച് നടന്ന മാധ്യമ ശിൽപശാലയിൽ പുൽപ്പള്ളി പഴശ്ശിരാജാ, ലക്കിടി ഓറിയന്റൽ, കൽപ്പറ്റ ഗവ.കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പ്രബന്ധം അവതരിപ്പിച്ചു. മാനന്തവാടി മേരിമാതാ കോളേജ് മലയാളവിഭാഗം തലവൻ ഡോ. ജോസഫ് കെ. ജോബ് മോഡറേറ്ററായിരുന്നു. ആറ് കോളേജുകളിൽ നിന്നായി 200 ഓളം വിദ്യാർത്ഥികൾ ശിൽപശാലയിൽ പങ്കെടുത്തു. തുടർന്ന് നടന്ന മാധ്യമസംവാദത്തിന് എം. കമൽ, രമേശ് എഴുത്തച്ഛൻ എന്നിവർ നേതൃത്വം നൽകി. പ്രബന്ധം അവതരിപ്പിച്ച വിദ്യാർത്ഥികൾക്ക് അഞ്ചുകുന്ന് മാറ്റൊലിക്കൂട്ടം പ്രതിനിധി ശിവരാമൻ മാസ്റ്റർ മെമന്റോ വിതരണം ചെയ്തു. മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ.ഫാ.തോമസ് ജോസഫ് തേരകം പുരസ്കാര സമ്മേളത്തിൽ അധ്യക്ഷത വഹിച്ചു. മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ, മാനന്തവാടി പ്രസ് ക്ലബ്ബ് പ്രസിഡന്റ് സുരേഷ് തലപ്പുഴ, മാനന്തവാടി മേരിമാതാ കോളജ് അധ്യാപകൻ ഡോ.പി.പി.ഷാജു, മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് എന്നിവർ സംസാരിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ.സന്തോഷ് കാവുങ്കൽ നന്ദിയർപ്പിച്ചു.

**ഗ്രാമ മാറ്റൊലി**

പടിഞ്ഞാറത്തറ പ്രസര ലൈബ്രറി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡന്റ് പി.ജി. സജേഷ് ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി പ്രസിഡന്റ് ഷാജൻ ജോസ് അധ്യക്ഷത വഹിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി. പി.ജെ. ബേബി, ക്ലബ് പ്രസിഡന്റ് കെ.സി. ജോസഫ്, സെക്രട്ടറി മറിയാമ്മ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**പങ്കാളിത്തം**

**റോഡ് സുരക്ഷാ വാരാചരണം- രക്തദാന ക്യാമ്പ്**

റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി മാനന്തവാടി ആർ.ടി.ഒ. ഓഫീസിന്റെ നേതൃത്വത്തിൽ ബ്ലഡ് ഡോണേഴ്സ് ഫോറം മാനന്തവാടിയുടേയും ജില്ലാ ആശുപത്രി രക്തബാങ്കിന്റേയും സഹകരണത്തോടെ ദ്വാരക ഗുരുകുലം കോളജിൽ സംഘടിപ്പിച്ച രക്ത ദാനക്യാമ്പിൽ മാറ്റൊലി സ്റ്റേഷൻഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ റോഡുസുരക്ഷാപ്രതിജ്ഞ ചൊല്ലിക്കൊടുത്തു സംസാരിച്ചു.

**ഏകത 2018**

ജനുവരി 11 മുതൽ 14 വരെ തിരുവനന്തപുരത്ത് നടന്ന സ്പെഷ്യൽ ഒളിമ്പിക്സ് ഏകത 2018 ന്റെ ദീപശിഖാ പ്രയാണത്തിന്റെ സ്വീകരണത്തിൽ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു.

**വൈഗ 2017**

വൈഗ 2017 എന്ന പേരിൽ ഡിസംബർ 27 മുതൽ 31 വരെ വെള്ളാനിക്കര കാർഷിക കോളേജിൽ സംഘടിപ്പിച്ച കാർഷികോത്പന്ന മൂല്യവർദ്ധിത അന്താരാഷ്ട്ര ശില്പശാലയിൽ പ്രോഗ്രാം പ്രൊഡ്യൂസർ ലിതിൻ മാത്യു പങ്കെടുത്തു.

**ക്രിസ്തുമസ് ആഘോഷം**

ടീം അംഗങ്ങൾക്കായി സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷ ത്തിൽ റേഡിയോ മാറ്റൊലി ചെയർമാൻ മോ.ഡോ. അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷതവഹിച്ച് സന്ദേശം നല്കി. മാറ്റൊലി ടീം സമ്മാനങ്ങൾ കൈമാറുകയും ഐക്യദാർഢ്യനിധിയിലേക്ക് സംഭാവനകൾ സമാഹരിക്കുകയും ചെയ്തു.

**വെഞ്ചരിപ്പ്**

റേഡിയോ മാറ്റൊലിയിൽ വാർഷിക വെഞ്ചരിപ്പ് ദ്വാരക

ഫൊറോന വികാരി ഫാ. ജോസ് തേക്കനാടി നിർവഹിച്ചു. സ്റ്റാഫ് അംഗങ്ങളും സന്നദ്ധപ്രവർത്തകരും കർമ്മങ്ങളിൽ പങ്കെടുത്തു.

**സന്ദർശനം**

പെരുമ്പാവൂർ ഗവ. പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**കരുതൽ നാടകം**

കല്ലുവയൽ ഇടവക തിരുനാളിനോടനുബന്ധിച്ച് നടത്തിയ വാർഷികാഘോഷ പരിപാടിയിൽ റേഡിയോമാറ്റൊലി തയ്യാറാക്കിയ കരുതലിൽ നിന്നുള്ള ചിത്രീകരണം അവതരിപ്പിക്കാൻ തയ്യാറായ ബഹു. വികാരിയച്ചനും സംഘാടകർക്കും നന്ദിയും അനുമോദനങ്ങളും.

**ടീം മീറ്റിംഗ്**

മാറ്റൊലി ടീമിന്റെ കൂട്ടായ്മയും ശക്തിയും ഊട്ടിയുറപ്പിക്കുന്ന ടീം മീറ്റിംഗ് സംഘടിപ്പിച്ചു. പുതിയവർഷത്തിൽ, കഴിഞ്ഞ പ്രക്ഷേപണങ്ങളും പ്രവർത്തനങ്ങളും വിശകലനം ചെയ്ത് വിലയിരുത്തി മുന്നേറാനുള്ള ചർച്ച നടന്നു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** സൈബർ നിയമത്തേക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളേക്കുറിച്ചും ജില്ലാ സൈബർ സെൽ അസി. എസ്.ഐ ശ്രീനിവാസൻ എ.എൽ, റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി മാനന്തവാടി ആർ.ടി.ഒ. ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വിനേഷ്. കെ എന്നിവർ പങ്കെടുത്ത തത്സമയ ഫോൺ ഇൻ പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**നിയമവും ജനങ്ങളും:** വനാവകാശ നിയമത്തെകുറിച്ച് അഡ്വ.എം.വേണുഗോപാൽ, തെരുവുനായ ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നത് വിലയിരുത്തുന്നതിന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി ജില്ലയിൽ തെളിവെടുപ്പ് നടത്തിയതിന്റെ വിവരങ്ങളും കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങളും, തോട്ടം തൊഴിലാളി നിയമത്തെകുറിച്ച് കൽപ്പറ്റ ബാറിലെ അഡ്വ.അനുപമനും സംസാരിച്ചു.

**വായനാലോകം:** ടെൻസിൻ സിന്ധ്യുവിന്റെ കോറ എന്ന ചെറുകഥയാണ് വായനാലോകത്തിന് വിഷയമായത്.

**വായനാമുറി:** റഫീഖ് അഹമ്മദിന്റെ പാട്ടെഴുത്താണ് വായനാമുറി എന്ന പരിപാടി ചർച്ച ചെയ്തത്.

**സർവോദയസദസ്സ്:** മേപ്പാടിപഞ്ചായത്തിലെ വികസിത–അവികസിത മേഖലകളെ തുറന്നു കാണിച്ചതിനോടൊപ്പം ഇവിടുത്തെ ജനങ്ങളുടേയും സ്വപ്നങ്ങളും പ്രതീക്ഷകളും എല്ലാം സർവോദയ സദസ്സ് ശ്രോതാക്കളുടെ മുന്നിൽ അവതരിപ്പിച്ചു.

**നേരും പൊരുളും:** ഓഖി നൽകുന്നപാഠം, ഡിജിറ്റൽ ഡിവൈഡ്, കേരളത്തിൽ പെരുകുന്ന മോഷ്ടാക്കൾ, കണക്കിലെ കളികളും കണക്കിന്റെ പ്രധാന്യവും, മാധ്യമങ്ങളും ആവിഷ്കാര സ്വാതന്ത്ര്യവും, കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ള എഫ്.ആർ.ഡി.ഐ.ബിൽ ഉയർത്തുന്ന ആശങ്ക, സ്പെഷ്യൽ സ്കൂൾ അധ്യാപകർ നേരിടുന്ന പ്രതിസന്ധി, കേരളത്തിലെ റെയിൽ സംവിധാനം- ഒരു വിലയിരുത്തൽ, പൊതുവിതരണ സമ്പ്രദായത്തിലെ കാര്യക്ഷമത, ദുരിതമായി ചുരം യാത്ര, മൂല്യവർദ്ധിത നികുതിയും ഗൾഫ് പ്രവാസികളും, മലയാളികളുടെ മൊബൈൽ ഉപയോഗം, വിദ്യാഭ്യാസ വായ്പയും പ്രതിസന്ധികളും എന്നീ വിഷയങ്ങളാണ് നേരും പൊരുളും വിശകലനം ചെയ്തത്.

**മനസൗഖ്യ:** അമിതമായ ഉത്കണ്ഠമൂലം ഒരു പൊതുസദസ്സിനെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്നവരേയും അമിത വേഷവിദാനങ്ങളാൽ പൊതുജനശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കുന്നവരേയും കുറിച്ചാണ് മനസൗഖ്യ പങ്കുവെച്ചത്. ചെന്നലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ.ലിൻജോ സി.ജെ.യാണ് വിവരങ്ങൾ പങ്കുവെച്ചത്. പ്രൊഫഷണൽ കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന ഡോ.ഫാ.സെബാൻ ചെരിപ്പുറവുമായി റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ നടത്തിയ പ്രൊഫഷണൽ കൗൺസിലിംഗിന് കേരളത്തിലുള്ള പ്രസക്തിയേയും വെല്ലുവിളികളേയുംകുറിച്ചും പ്രായോഗിക മനശാസ്ത്രത്തെകുറിച്ചുമുള്ള അഭിമുഖങ്ങളും പ്രക്ഷേപണം ചെയ്തു.

**അരങ്ങ്:** മലപ്പുറം ജില്ലയിലെ സഹ്യആർട്സ് ആന്റ് സയൻസ് കോളജിലെ ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, ഫാ.ജോർജ് തോമസ് ആലപിച്ച കവിത ആഷ്വിക ആലപിച്ച ക്രിസ്മസ് ഗാനങ്ങൾ, ഡോ. പോൾ ആലപിച്ച ചലച്ചിത്ര ഗാനങ്ങൾ എന്നിവ അരങ്ങിൽ പ്രക്ഷേപണം ചെയ്തു.

**ആരോഗ്യവേദി:** സംസ്കരിച്ച ഭക്ഷണങ്ങളുടെ ദോഷവശങ്ങളെ കുറിച്ചും, അസ്ഥിസംബന്ധമായ രോഗങ്ങളെകുറിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിലെ അസ്ഥിരോഗവിഭാഗം കൺസൾട്ടന്റ് ഡോ. വിജു വി.കുറ്റിക്കൽ പങ്കുവെച്ച വിവരങ്ങളും, കൗമാര ആരോഗ്യത്തെ കുറിച്ച് ഡോ.ജയാലാൽ മോഹൻ നൽകിയ അറിവുകളും, സ്ത്രീകളിലെ ആർത്തവ പ്രശ്നങ്ങളെ കുറിച്ച് ഡോ.എസ്.ടി. ആശയും നല്കിയ വിവരങ്ങൾ ആണ് ആരോഗ്യവേദി ചർച്ച ചെയ്തത്.

**ധന്യമീ ജീവിതം:** പാറത്തോട് സ്വദേശി സെബാസ്റ്റ്യനാണ് ധന്യമീ ജീവിതം എന്ന പരിപാടിയിൽ പങ്കെടുത്തത്.

**മാറ്റൊലിക്കൂട്ടം:** മീനങ്ങാടി, കൊമ്മയാട് പ്രദേശങ്ങളിലെ മാറ്റൊലിക്കൂട്ടം രൂപീകരണത്തോട് അനുബന്ധിച്ച് നടന്ന വിവിധ കലാപരിപാടികളാണ് മാറ്റൊലിക്കൂട്ടം പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

**ജീവിത വളയം:** മീനങ്ങാടിയിലെ ഓട്ടോ ഡ്രൈവർ മുജീബ്, വെള്ളമുണ്ടയിലെ പിക്-അപ് ഡ്രൈവർ സാബു മുട്ടത്തിൽ, തിരുനെല്ലി സ്വദേശി ഭാസ്കരൻ എന്ന ട്രക്ക് ഡ്രൈവർ എന്നിവർ ജീവിതവളയത്തിന്റെ അതിഥികളായി എത്തി.

**ഓവർഡ്രൈവ്:** രാജ്യത്തെ ആഭ്യന്തര വാഹന വിൽപ്പന കഴിഞ്ഞ മാസം 14.29 ശതമാനം ഉയർന്ന വിവരമാണ് ഓവർഡ്രൈവ് പ്രധാനമായും അവതരിപ്പിച്ചത്. മാരുതി സുസുക്കിയുടെ ആദ്യ ഇലക്ട്രിക് കാർ 2020 ൽ പുറത്തിറങ്ങുമെന്ന വിശേഷവും ഓവർഡ്രൈവ് പങ്കുവെച്ചു.

**പൊൻപുലരി:** കുടുംബശ്രീയുടെ ഹരിതകർമ്മസേനയെക്കുറിച്ചും രണ്ട് വർഷത്തിലേറെയായി ജില്ലയിൽ പ്രവർത്തിക്കുന്ന സ്നേഹിതയെകുറിച്ച് കുടുംബശ്രീ എ.ഡി, എം.സി. ഹാരീഷ് നല്കിയ വിവരങ്ങളുമാണ് പൊൻപുലരി പങ്കുവെച്ചത്

**ഹോമിയോകെയർ:** ഹോമിയോപ്പതി വകുപ്പ് നടപ്പാക്കുന്ന മൊബൈൽ ക്ലിനിക്കുകളെകുറിച്ച് ജില്ലാ പ്രൊജക്ട് കൺവീനർ ഡോ. രഞ്ജിത് വിവരങ്ങൾ പങ്കുവെച്ചു.

**ടെക്നോമാറ്റൊലി:** വോഡഫോൺ അവതരിപ്പിക്കുന്ന പുതിയ സിമ്മിനെകുറിച്ചും പോർട്ടിംഗ് സൗകര്യങ്ങളെക്കുറിച്ചുമാണ് ടെക്നോമാറ്റൊലി പങ്കുവെച്ചത്. നോക്കിയ 216 എന്ന ഫോണിനെ കുറിച്ചുള്ള വിവരങ്ങൾ മാനന്തവാടി 3 ജി ഡിജിറ്റൽ വേൾഡിലെ സർവീസ് വിഭാഗം തലവൻ സി.പി.അരുൺ കുമാർ പരിചയപ്പെടുത്തി. വിവോ വി-7 എന്ന ഫോണിനെക്കുറിച്ചും വിവരങ്ങൾ പങ്കുവെച്ചു.

**പ്രതിഭയും അതിഥിയും:** മാരത്തണിൽ മൂന്ന് സ്വർണ്ണ മെഡലുകൾ നേടിയ ദ്വാരക സ്വദേശി തോമസ് പള്ളിത്താഴത്താണ് *പ്രതിഭയും അതിഥിയും* പരിപാടിയുടെ അതിഥിയായി എത്തിയത്. ഫോട്ടോഗ്രഫി, കളരി, മൗത്ത് ഓർഗൻ ഇങ്ങനെ വിവിധ മേഖലകളിൽ പ്രതിഭയായ കൊമ്മയാട് സ്വദേശി ജോസിനെയും പരിചയപ്പെടുത്തി.

**ജാലകം:** കൽപ്പറ്റയിൽ നടന്ന വയനാട് പുഷ്പമേളയുടെ വിശേഷങ്ങളും, പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ച

ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടന റിപ്പോർട്ടും മാനന്തവാടി ലളിതകലാ അക്കാദമി ഹാളിൽ നടന്ന ചിത്രകലാ പ്രദർശനം 'റിവോൾവ്' ന്റെ വിശേഷങ്ങളും, കേരളത്തിലെ പാരമ്പര്യകലാ രൂപങ്ങളെ പരിചയപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാന ടൂറിസം വകുപ്പ് നടത്തിയ *ഉത്സവ് 2018* നെക്കുറിച്ചും ജാലകത്തിൽ പരിചയപ്പെടുത്തി.

**ക്ഷീരവാണി:** പാലിയാണ സ്വദേശി ആൻസി, പുൽപ്പള്ളി ചണ്ണോത്തുകൊല്ലി സ്വദേശി ആഗസ്തി പുത്തൻപുരയ്ക്കൽ എന്നീ ക്ഷീരകർഷകരെയും കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾക്കുള്ള പാരമ്പര്യചികിത്സാ വിധികളെകുറിച്ചുള്ള അറിവുകളും ക്ഷീരവാണി പങ്കുവെച്ചു.

**വയൽനാട്:** വെള്ളരിക്കയുടേയും മുരിങ്ങയുടേയും പ്രാധാന്യത്തെകുറിച്ചും തക്കാളിയുടെ പ്രാധാന്യവും കൃഷി രീതികളും വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തി.

**ക്ലബ്ബ് ടൈം:** കൽപ്പറ്റ എൻ.എസ്.എസ്. സ്കൂളിൽ നടന്ന വൈത്തിരി ഉപജില്ല കലോത്സവത്തിലെ വിവിധ കലാപരിപാടികളാണ് മാറ്റൊലി ക്ലബ്ബ് ടൈം പ്രക്ഷേപണം ചെയ്തത്.

**പ്രത്യേക പരിപാടികൾ:** വയനാട് ഡിജിറ്റലാകുന്നതിന് മുന്നോടിയായി നടന്ന ശിൽപശാലയുടെ റേഡിയോ റിപ്പോർട്ട്, ദേശീയ കർഷകദിനത്തോട് അനുബന്ധിച്ചുള്ള പ്രത്യേക പരിപാടിയായ മണ്ണും മനുഷ്യനും, ക്രിസ്തുമസ്സിന് മാലാഖയുടെ വീട് എന്ന ചിത്രീകരണവും പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പഴശ്ശി ഗ്രന്ഥാലയത്തിൽ നടന്ന സെമിനാറും, പോയവർഷത്തെകുറിച്ചുള്ള വിലയിരുത്തലും പുതിയ വർഷത്തെ പ്രതീക്ഷകളും ശ്രോതാക്കൾ പങ്കുവെച്ച പരിപാടിയും, മ്യൂച്ചൽ ഫണ്ടിന്റെ പ്രാധാന്യത്തെ കുറിച്ച് ജിയോജിത്ത് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഇൻവെസ്റ്റ്മെന്റ് സ്ട്രാറ്റജിസ്റ്റ് ഡോ.വിജയകുമാർ വി.കെ പങ്കുവെച്ച പരിപാടിയും പ്രക്ഷേപണം ചെയ്തു.

**കുടുംബവേദി:** ഭാഗ്യവതിയായ ഒരു സ്ത്രീരത്നം എന്ന ചിത്രീകരണവും ജീവനുവേണ്ടി കൈകോർക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാണിക്കുന്ന പരിപാടിയുമാണ് കുടുംബവേദിയിൽ ഉൾപ്പെടുത്തിയിരുന്നത്.

**സ്മരണാഞ്ജലി:** ഗാനലോകവീഥിയിലെ ആട്ടിടയൻ - കെ.പി. ഉദയഭാനുവിനെകുറിച്ചുള്ള ഓർമ്മകളാണ് സ്മരണാഞ്ജലി പങ്കുവെച്ചത്.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി റീജിയണിലെ സാമൂഹ്യസേവന, ജൈവകാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകുന്ന നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി (NDS) യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നേറുന്നു.

**കൽപ്ര സെമിനാർ**

കൽപ്രയിൽ വെച്ച് നടത്തപ്പെട്ട NDS സെമിനാറിൽ കൽപ്ര, കുന്നലാടി, ബെക്കി എന്നീ ഇടവകകളിലെ 132 പേർ പങ്കെടുത്തു. WSS ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പിള്ളി സെമിനാർ ഉദ്ഘാടനം ചെയ്യുകയും NDS ഡയറക്ടർ റവ.ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷത വഹിക്കുകയും, റവ.ഫാ. തോമസ് കാട്ടുതുരുത്തിയിൽ ആശംസ അർപ്പിക്കുകയും ചെയ്തു. RFO ശ്രീ. സുജേഷ്, ജൂഡ് എന്നിവരും സെമിനാറിൽ സന്നിഹിതരായിരുന്നു.

**ദേവാല സെമിനാർ**

ദേവാല കാട്ടിമട്ടത്തിൽവെച്ച് നടത്തപ്പെട്ട ജൈവകർഷക സെമിനാറിൽ 56 കർഷകർ പങ്കെടുക്കുകയും NDS കോ ഓർഡിനേറ്റർ ശ്രീ. നിധീഷ്, മാർക്കറ്റിങ്ങ് മാനേജർ ശ്രീ. അമൽ ആന്റണി, ശ്രീ. ജൂഡ് എന്നിവർ സെമിനാർ നയിക്കുകയും ചെയ്തു.

**ലീഡേഴ്സ് മീറ്റിംഗ്**

NDSന്റെ ആഭിമുഖ്യത്തിൽ ജൈവതേയില സംഭരിക്കുന്നതിനെ കുറിച്ച് പഠനം നടത്തുന്നതിന് 40 അംഗങ്ങൾ പങ്കെടുത്ത ലീഡേഴ്സ് മീറ്റ് സംഘടിപ്പിക്കുകയും 12 അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

**RFC ഇലക്ഷൻ**

നാല് പഞ്ചായത്തുകളിലേക്ക് നടത്തിയ RFC ഇലക്ഷനിൽ യഥാക്രമം ഓവാലി 6/7, ചേരങ്കോട് 16/22, നെല്ലാക്കോട്ട 12/16, നെല്ലിയാളം 7/9 ലീഡേഴ്സ് പങ്കെടുത്തു.

**Farmer's Producer's Organization (FPO)**

Biowin ന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി അനുവർത്തിക്കുന്ന 20 പേർ അടങ്ങുന്ന 5 ഗ്രൂപ്പിന്റെ ഡാറ്റ ഹോർട്ടികൾച്ചറിന് കൈമാറി.

**പരമ്പരാഗത കൃഷി വികസൻ യോജന (PKVY)**

PKVY പ്രോജക്ട് നടപ്പിലാക്കുന്നതിനായ് 50 ജൈവകർഷകരുടെ ഡാറ്റ ഗവൺമെന്റിലേക്ക് കൈമാറി

**പഠനയാത്ര**

BIOWIN ജൈവകർഷക പ്രതിനിധികളായ 10 കർഷകർക്ക് 100% സൗജന്യമായി കർണ്ണാടകയിലെ തളിയിലേക്ക് പഠനയാത്ര നടത്തുന്നതിന് ഹോർട്ടി കൾച്ചറിൽനിന്നും അനുമതി ലഭിച്ചു.

**സ്പേഷ്യൽ ഏരിയ ഡവലപ്മെന്റ് പ്രോഗ്രാം (SADP)**

ശ്രീ മധുര പഞ്ചായത്തിലെ ജൈവകർഷകർക്കായ് ഉത്പാദന ഉപാദികൾക്ക് ഭാഗീകവും, പൂർണ്ണവുമായ സബ്സിഡിയോടുകൂടി ജൈവകൃഷി ചെയ്യുന്നതിന് 25 കർഷകരെ തിരഞ്ഞെടുത്തു. പ്രസ്തുത മീറ്റിംഗിൽ ആത്മ ഓഫീസർ ശ്രീമതി യമുന, RFO ശ്രീ. സീജേഷ്, ജൂഡ് എന്നിവർ പങ്കെടുത്തു.

**കമ്മ്യൂണിറ്റി വാട്ടർ റിസെർവോയർ പ്രോജക്റ്റ്**

നീലഗിരി ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്ന കമ്മ്യൂണിറ്റി വാട്ടർ റിസെർവോയർ പദ്ധതിയുടെ ഭാഗമായി NDS ന് കീഴിൽ വരുന്ന ജൈവകർഷകർക്ക് 20 ലക്ഷം രൂപയുടെ പ്രോജക്ട് പാസ്സാക്കി.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS ഗൂഡല്ലൂർ

**December '17-January 2018**

The college hosted Kannur University intercollegiate cricket matches in which SN College, Kannur and NAM College, Kallikandy became finalists. Christmas was celebrated prior to closing of the college for Christmas vacation in which the College Union organized programmes and competitions. The Kalajadha of Kannur University Union visited our college on 5 January and presented programmes. The NCC Cadets of our college helped the conduct of the district level Special Olympics by taking up volunteer service on the inaugural day and the NSS Volunteers rendered their service to the Palliative Care Society for the activities on the Palliative Care Day. The IQAC of the college conducted a series of meetings and workshops for the Teaching Staff prior to the visit of the United Board Peer Team as part of a project undertaken by Madras Christian College to help colleges with the preparations on the new criteria for NAAC accreditation. Intramural games and arts competitions have started and are going on.

**Principal**

### റാങ്ക് ലിസ്റ്റ് – എഴുത്ത് പരീക്ഷ റിസൽട്ട് പ്രസിദ്ധീകരിച്ചു

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ 3–ാം ഘട്ടമായ എഴുത്ത് പരീക്ഷയുടെ റിസൽറ്റ് ജനുവരി 15–ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് പ്രസിദ്ധീകരിച്ചു. തുടർന്നു വരുന്ന 4, 5, 6 എന്നീ ഘട്ടങ്ങളിലേയ്ക്ക് പ്രവേശിക്കാൻ യോഗ്യരായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. ഇത്തരത്തിൽ യോഗ്യരായവർക്ക് നാലും അഞ്ചും ഘട്ടങ്ങളുടെ സിലബസ് സഹിതമുള്ള ഇന്റർവ്യൂ കാർഡ് പോസ്റ്റ് വഴി ലഭിക്കുന്നതാണ്. പോസ്റ്റൽ തടസ്സം നേരിടുന്നവർ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ഫെബ്രുവരി 10 നു ശേഷം ഇന്റർവ്യൂ കാർഡ് നേരിട്ട് കൈപ്പറ്റാവുന്നതാണ്. നാലും അഞ്ചും ഘട്ടങ്ങളുടെ വിശദാംശങ്ങൾ ചേർക്കുന്നു.

**4–ാം ഘട്ടം:– കംമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ**

**കംമ്പ്യൂട്ടർ പരിജ്ഞാനം** വിലയിരുത്താൻ പാഠഭാഗങ്ങൾ ലാപ്ടോപ്പ് ഉപയോഗിച്ച് അവതരിപ്പിക്കാനും അതിനാവശ്യമായ വസ്തു തകൾ ഇന്റർനെറ്റിൽ നിന്നും കണ്ടെത്തി ഉപയോഗിക്കാനുള്ള ശേഷി, Ubuntu ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ പ്രത്യേകതരത്തിൽ വിലയിരുത്തപ്പെടുന്നതോടൊപ്പം കംമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ വൈവ പരീക്ഷയും ഉണ്ടായിരിക്കുന്നതാണ്.

**5–ാം ഘട്ടം:– വിദ്യാലയ പ്രവർത്തന വിലയിരുത്തൽ**

**ഒരു ദിവസത്തെ അദ്ധ്യാപനം:–** നൽകുന്ന പാഠഭാഗങ്ങൾ പഠി പ്പിക്കുന്നത് വിദ്യാഭ്യാസ വിദഗ്ധർ വിലയിരുത്തുന്നു. വിദ്യാഭ്യാസ വിദ ഗ്ധരുടെയും, കുട്ടികളുടെയും വിലയിരുത്തൽ ഈ ഘട്ടത്തിൽ പരിഗ ണിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

സംസ്കൃതോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്: സംസ്ഥാനതല സംസ്കൃതോത്സവത്തിൽ കണിയാരം ഫാ.ജി.കെ. എം.എച്ച്.എസ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഉന്നതമായ

ഈ നേട്ടം കരസ്ഥമാക്കുന്നതിന് അത്യധ്യാനം ചെയ്ത പ്രധാനാധ്യാപകൻ ശ്രീ. പീറ്റർ കുരുവിള സാറിനെയും സംസ്കൃതം ഡിപ്പാർട്ട്മെന്റിനെയും ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും കുട്ടികളെയും മാതാപിതാക്കളെയും സിഡോം ഫാമിലിയുടെ പേരിൽ പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**'ഓഖി' ദുരന്തബാധിതർക്ക് വേണ്ടി ധനസമാഹരണം**

'ഓഖി' ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനായി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും കെ.സി.ബി.സി. യുടെ ദുരിതാശ്വാസഫണ്ടിലേയ്ക്ക് തുകകൾ നൽകി സഹായിച്ച അദ്ധ്യാപക – അനദ്ധ്യാപക, വിദ്യാർത്ഥി സമൂഹത്തെ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ആകെ രണ്ട് ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തിപത്ത് രൂപ (2,05,910/) ലഭിച്ചു. തുകകൾ നൽകിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## OKHI Fund - Collections

| S.No: | Name of School | Amount |
|---|---|---|
| 1 | Corporate Educational Agency, Mananthavady | 25,000 |
| 2 | Adikolly Devamatha LPS | 3,200 |
| 3 | Elapeedika St.Sebastian's LPS | 700 |
| 4 | Kolavayal St.George LPS | 2,200 |
| 5 | Nadavayal St.Thomas LPS | 5,000 |
| 6 | Ondayagadi St.Martin's LPS | 3,375 |
| 7 | Vazhavatta St.Sebastian's LPS | 2,300 |
| 8 | Ambayathode AUPS | 1,560 |
| 9 | Dwaraka AUPS | 3,000 |
| 10 | Kabanigiri St.Mary's UPS | 1,000 |
| 11 | Kommayad St.Sebastian's UPS | 4,685 |
| 12 | Mullankolly St.Thomas UPS | 2,500 |
| 13 | Pazhoor St.Antony's UPS | 3,030 |
| 14 | Thavinjal St.Thomas UPS | 1,500 |
| 15 | Adakkathode St.Joseph's HS | 2,200 |
| 16 | Kabanigiri Nirmala HS | 7,710 |
| 17 | Kottiyoor IJMHS | 5,800 |
| 18 | Nadavayal St.Thomas HS | 10,000 |
| 19 | Kaniyaram Fr.GKMHS | 10,000 |
| 20 | Kottiyoor IJMHSS | 7,000 |
| 21 | Nadavayal St.Thomas HSS | 4,500 |
| 22 | Ambayathode St.George LPS | 2,100 |
| 23 | Alattil Nirmala LPS | 1,000 |
| 24 | Arinchermala St.Thomas LPS | 2,250 |
| 25 | Kaniyarm ALPS | 2,000 |
| 26 | Manimooly CKLPS | 2,200 |
| 27 | Poroor St.Sebastian's LPS | 1,500 |
| 28 | Puthiyidomkunu St.Paul's LPS | 1,750 |
| 29 | Velloonny Providence LPS | 500 |
| 30 | Bathery Assumption UPS | 5,700 |
| 31 | Edivanna St.Thomas UPS | 4,750 |
| 32 | Kallody St.Joseph's UPS | 5,000 |
| 33 | Kottathara St.Antony's UPS | 6,000 |
| 34 | Padichira St.Sebastian's UPS | 2,500 |
| 35 | Thariode St.Mary's UPS | 10,000 |
| 36 | St.Joseph's TTI Manathavady | 10,000 |
| 37 | Bathery Assumption HS | 10,000 |
| 38 | Kallody St.Joseph's HS | 1,100 |
| 39 | Manimooly CKHS | 5,800 |
| 40 | Payyampally St.Catherine's HS | 8,500 |
| 41 | Kallody St.Joseph's HSS | 4,000 |
| 42 | Payyampally St.Catherine's HSS | 13,000 |

**മോറൽ സയൻസിന്റെ പരീക്ഷ**

നമ്മുടെ വിദ്യാലയങ്ങളിൽ 2018 ജനുവരി 19-ാം തിയ്യതി വെള്ളിയാഴ്ച നടത്തപ്പെട്ട മോറൽ സയൻസിന്റെ പരീക്ഷയിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

a) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ 2018 ജനുവരി 27 ന് മുമ്പ് എത്തിക്കേണ്ടതുമാണ്. അതിനു ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. ഇവ വീണ്ടും മൂല്യ നിർണ്ണയം നടത്തി ഏറ്റവും കൂടുൽ മാർക്ക് ലഭിച്ച ആദ്യ മൂന്നുസ്ഥാനക്കാർക്ക് 2018 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതു മാണ്.

b) 4, 7, 10, 12 ക്ലാസ്സുകളിൽ 80% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ പുനർനിർണ്ണയം നടത്തി സമ്മാനാർഹരായവർക്ക് കെ.സി.ബി.സി യുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്യാഷ് അവാർഡുകളും അനുമോദനപത്രികയും നൽകുന്നതായിരിക്കും.

**സ്ക്കൂളുകളിലെ പ്രവർത്തന റിപ്പോർട്ട്**

**ഫാ.ജി.കെ.എം.എച്ച്.എസ് കണിയാരം-** സംസ്ഥാനതല സംസ്കൃതോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പ്രഭാഷണം, ശംഭുപ്രഭാഷണം, ഗാനാലാപനം, പദ്യം ചൊല്ലൽ, സംഘഗാനം, കഥാരചന എന്നീ വിഭാഗങ്ങളിൽ A Grade ന് അർഹരായി.

**നിർമ്മല എച്ച്.എസ് കബനിഗിരി** - സംസ്ഥാനതല ശാസ്ത്ര മേളയിൽ ഐറ്റി പ്രൊജക്ട് എച്ച്.എസ് വിഭാഗത്തിൽ A Grade കരസ്ഥമാക്കി.

**സെന്റ് ജോസഫ്സ് എച്ച്.എസ് കല്ലോടി-** സംസ്ഥാനതല കലോൽസവത്തിൽ ചവിട്ടുനാടകം, ചെണ്ടമേളം, തായമ്പക, സംസ്കൃത നാടകം, സമസ്യപൂരണം, ഉറുദ്ദു ഗസൽ എന്നീ വിഭാഗങ്ങളിൽ A Grade ന് അർഹരായി.

**ഐ.ജെ.എം.എച്ച്.എസ് കൊട്ടിയൂർ-** സംസ്ഥാനതല ശാസ്ത്ര മേളയിൽ പ്രവർത്തി പരിചയത്തിൽ A Grade ഉം, ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

**സെന്റ് തോമസ് എച്ച്.എസ് നടവയൽ** - സംസ്ഥാനതല കലോൽസവത്തിൽ കഥാപ്രസംഗം, തബല എന്നീ വിഭാഗങ്ങളിൽ A Grade ഉം കായികമേളയിൽ, ഫുട്ബോളിൽ രണ്ടാം സ്ഥാനവും, വോളി

ബോളിൽ മൂന്നാം സ്ഥാനവും, ശാസ്ത്രമേളയിൽ പ്രവർത്തിപരിചയം, ഗണിതമേള, സയൻസ് പ്രൊജക്ട്, സോഷ്യൽ സയൻസ് എന്നീ വിഭാഗങ്ങളിൽ A Grade ന് അർഹരായി.

സെന്റ്. കാതറിൻസ് എച്ച്.എസ് പയ്യംമ്പള്ളി – സംസ്ഥാനതല ശാസ്ത്രമേളയിൽ യു.പി വിഭാഗം പ്രവർത്തിപരിചയം, ഫാബ്രിക് പെയിന്റിങ്ങ്, വെയിസ്റ്റ് മെറ്റീരിയൽ എന്നിവയിലും, എച്ച്. എസ്. വിഭാഗം ഫാബ്രിക് പെയിന്റിങ്ങിലും, ഗണിത ശാസ്ത്രമേളയിൽ യു.പി വിഭാഗം ജോമെട്രിക്കൽ ചാർട്ടിലും, എച്ച്. എസ്. വിഭാഗം പ്യൂർ കൺസ്ട്രക്ഷൻ എന്നിവയിലും A Grade കരസ്ഥമാക്കി.

**അസംപ്ഷൻ എച്ച്.എസ് ബത്തേരി** – സംസ്ഥാനതല കലോൽസവത്തിൽ മാർഗ്ഗംകളി, ദേശഭക്തിഗാനം, മോഹിനിയാട്ടം, സംസ്കൃത കവിതാരചന, തമിഴ്പദ്യം ചൊല്ലൽ എന്നീ വിഭാഗങ്ങളിലും, ഗണിത ശാസ്ത്രമേളയിൽ ജോമെട്രിക്കൽ ചാർട്ട്, അദർചാർട്ട്, അപ്ലൈഡ് കൺസ്ട്രക്ഷൻ, സിംഗിൾ പ്രൊജക്ട്, ഗ്രൂപ്പ് പ്രൊജക്ടിലും, ശാസ്ത്രമേളയിൽ പ്രവർത്തിപരിചയത്തിൽ അലങ്കാര തയ്യൽ, വസ്ത്ര നിർമ്മാണം, പഴവർഗ്ഗ സംസ്കരണം, മരത്തിൽ കൊത്തുപണി എന്നീ വിഭാഗത്തിലും A Grade ന് അർഹരായി

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

## നടവയൽ ഫൊറോന നേതൃത്വ സംഗമം

ദീപിക ഫ്രണ്ട്സ്ക്ലബ് നടവയൽ ഫൊറോനയിലെ ഇടവക കളിൽ നിന്നുള്ള ഭാരവാഹികളുടെ നേതൃത്വസംഗമം ഡിസംബർ 12-ന് പാരീഷ്ഹാളിൽ നടത്തി. ഫൊറോന പ്രസിഡന്റ് പീറ്റർ ഞരളക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഫൊറോനാവികാരി റവ.ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. രൂപതാ ഡയറ ക്ടർ റവ.ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. വാളവയൽ ഇടവക വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ആശം സകളർപ്പിച്ചു. നടവയൽ ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജിബിൻ വട്ടുകുളം, സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ്, രൂപതാ ട്രഷ റർ സജി പൂവാറ്റിൻചിറ എന്നിവർ ആശംസകൾ നേർന്നു. സെക്രട്ടറി ജെയിംസ് ജോസഫ് ഏവർക്കും നന്ദി പറഞ്ഞു. സംഗമത്തിൽ മുപ്പ തോളം പ്രതിനിധികൾ പങ്കെടുത്തു. ഫൊറോനാ ഭാരവാഹികളായി പീറ്റർ ഞരളക്കാട്ട് (പ്രസിഡന്റ്), ബെന്നി വരവുകാലായിൽ (വൈസ് പ്രസിഡന്റ്), ജെയിംസ് ജോസഫ് (സെക്രട്ടറി), ഷെറിൻ സെബാസ്റ്റ്യൻ (ജോയിന്റ് സെക്രട്ടറി), തോമസ് പുരയ്ക്കൽ (ട്രഷറർ) എന്നിവരെ തെര ഞ്ഞെടുത്തു.

## മാനന്തവാടി ഫൊറോന നേതൃത്വസംഗമം

മാനന്തവാടി ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള ഡി.എ ഫ്.സി. ഭാരവാഹികളുടെ നേതൃത്വസംഗമം കണിയാരം റ്റി.റ്റി.ഐ.യിൽ വച്ച് നടത്തി. ഡി.എഫ്.സി. ഫൊറോന പ്രസിഡന്റ് ഫ്രാൻസീസ് പള്ളിക്കമ്യാലിൽ അധ്യക്ഷത വഹിച്ചു. ഫൊറോനാ അസിസ്റ്റന്റ് വികാരി ഫാ. ആന്റോ ചിറയിൽപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാഡയറക്ടർ റവ.ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ സെക്രട്ടറി തോമസ് പാരിയത്ത് സ്വാഗതം ആശം സിച്ചു. ഭാവിപ്രവർത്തനങ്ങൾ സംഗമം ചർച്ച ചെയ്തു. ഇടവകാതല ത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ സുനിലച്ചൻ വിശദീകരിച്ചു. ഇരു പത്തിഎട്ടോളം പ്രതിനിധികൾ നേതൃത്വ സംഗമത്തിൽ പങ്കെടുത്തു. അടുത്ത പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെ ടുത്തു. സെക്രട്ടറി മനോജ് പാത്താനിക്കുഴിയിൽ നന്ദി പ്രകാശിപ്പിച്ചു.

**ദീപിക ദിനാചരണം**

തരിയോട് സെന്റ്മേരീസ് ഇടവകയിൽ ദീപിക ദിനാചരണം നടത്തി. ദിവ്യബലിക്കുശേഷം ചേർന്ന യോഗം വികാരി റവ.ഫാ. ജെയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. ഫൊറോനാ പ്രസിഡന്റ് സണ്ണി മുത്തങ്ങാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ റവ.ഫാ. സായി പാറൻകുളങ്ങര, സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ് എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ മുഴുവൻ ഭവനങ്ങളിലും സന്ദർശനം നടത്തി. ഭാരവാഹികളായ ജോസ് ജെ. മലയിൽ, ഷിന്റോ നാമറ്റത്തിൽ, എബ്രഹാം കറുത്തേടത്ത്, മധു തറപ്പത്ത്, ജോൺ കാരനിരപ്പേൽ, ബെന്നി മൊളോപ്പറമ്പിൽ, ആന്റോ പാറയിൽ, പി.എ. ജോസ്, മേരി അലോഷ്യസ് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**

ഡി.എഫ്.സി. രൂപതാ സെക്രട്ടറി

# *കത്തോലിക്കാ കോൺഗ്രസ് -AKCC*

**'ഒരുക്കം 2018' പഠനശിബിരം**

രൂപതയുടെ നേതൃത്വത്തിൽ 'ഒരുക്കം 2018' എന്ന പേരിൽ നേതൃത്വ പഠനശിബിരം തവിഞ്ഞാൽ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. 13 ഫൊറോനകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തു. രൂപതാ മുൻ ഡയറക്ടർ റവ. ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി സെക്രട്ടറിമാരായ ഡോ. ജോസുകുട്ടി ഒഴുകയിൽ മൂവാറ്റുപുഴ, ബെന്നി ആന്റണി എറണാകുളം, അഡ്വ. റവ. ഡോ. തോമസ് ജോസഫ് തേരകം തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

*കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും കർഷകർ അനുഭവിക്കുന്ന പ്രതിസന്ധികളെക്കുറിച്ചും* സന്തോഷ് ശാന്തിഗിരിയും *ആനുകാലിക രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച്* കെ.എ. ആന്റണിയും *വിദ്യാഭ്യാസ മേഖലയിൽ സമുദായം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച്* ജിൽസ് മേക്കലും *മാധ്യമജാഗ്രതയെക്കുറിച്ച്* ജോർജുകുട്ടി വിലങ്ങപ്പാറയും *തൊഴിൽ മേഖലയും പ്രതിസന്ധികളും* എന്ന വിഷയത്തിൽ ജോയി ചെട്ടിമട്ടേലും *സാമൂഹിക സേവന മേഖലകളെക്കുറിച്ച്* റെജിമോൻ പുന്നോലിയും *വന്യമൃഗശല്യവും നഷ്ടപരിഹാരവും* എന്ന വിഷയത്തിൽ അഡ്വ. ഷാജി തോപ്പിൽ, അഡ്വ. എൽബി മാത്യു എന്നിവരും *സംഘടിത മേഖലകളും സ്ത്രീ ശാക്തീകരണം* എന്ന വിഷയത്തിൽ മോളി കരിമ്പനാക്കുഴി, ലൗലി വാളവയൽ എന്നിവരും പഠനറിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയ്ക്ക് രൂപത ഡയറക്ടർ, പ്രസിഡണ്ട്, ജനറൽ സെക്രട്ടറി റവ. ഫാ. തോമസ് ജോസഫ് തേരകം തുടങ്ങിയവർ നേതൃത്വം നൽകി.

പഠനശിബിര വിജയത്തിനുവേണ്ടി പ്രവർത്തിച്ച തവിഞ്ഞാൽ ഇടവക വികാരിയും രൂപതാ ഡയറക്ടറുമായ ആന്റോ മമ്പള്ളിയച്ചനും യൂണിറ്റ് പ്രസിഡണ്ടും രൂപതാ സെക്രട്ടറിയുമായ ജോസ് കുറുമ്പാലക്കാട്ടിനും ട്രസ്റ്റിമാർക്കും SABS മദർ സുപ്പീരിയർ, യൂണിറ്റ് ഭാരവാഹികൾ, രൂപതാ ഭാരവാഹികൾ എന്നിവർക്കും പ്രത്യേകം നന്ദിയും അനുമോദനങ്ങളും.

**നിലമ്പൂർ-മണിമൂളി മേഖല എക്സിക്യൂട്ടീവ് യോഗം**

നിലമ്പൂർ-മണിമൂളി മേഖല ഭാരവാഹികളുടെ യോഗം 2018 ജനുവരി 7 ന് മണിമൂളി പാരീഷ് ഹാളിൽ ചേരുകയുണ്ടായി. മണിമൂളി ഫൊറോന വികാരി റവ. ഫാ. ചാക്കോ മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ വിഷയാവതരണം നടത്തി. തുടർന്നു നടന്ന ചർച്ചയ്ക്ക് നിലമ്പൂർ ഫൊറോന ഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി, മണിമൂളി ഫൊറോന ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ, ജോയി ചെട്ടിമട്ടേൽ, ജോജൻ വടക്കേക്കുറ്റിയാനി തുടങ്ങിയവർ നേതൃത്വം നൽകി.

**പിഎസ്സി പരിശീലനം**

ദ്വാരക സെന്റ് അൽഫോൻസ ഫൊറോന ദൈവാലയ യൂണിറ്റിന്റെ നേതൃത്വത്തിൽ സമുദായ ശാക്തീകരണത്തിന്റെ ഭാഗമായി പിഎസ്സി പരിശീലന പരിപാടിയ്ക്ക് തുടക്കം കുറിക്കുന്നതിനായി രക്ഷിതാക്കളുടെ യോഗം ചേർന്നു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് തേക്കനാടി ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ക്ലാസ്സ് നയിച്ചു. ബിനു കപ്യാരുമലയിൽ, റെനിൽ കഴുതാടിയിൽ, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. ഏവർക്കും രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**പ്രവർത്തക സമിതിയോഗം മണിമൂളി-നിലമ്പൂർ ഫൊറോന**

മണിമൂളി-നിലമ്പൂർ മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ യൂണിറ്റ് ഭാരവാഹികളുടെ യോഗം മണിമൂളി പാരീഷ്ഹാളിൽ 2018 ജനുവരി 14 ന് ചേർന്നു. മണിമൂളി ഫൊറോന വികാരി റവ. ഫാ. ചാക്കോ മേപ്പുറത്ത് ആമുഖ പ്രഭാഷണം നടത്തി. റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ഡോ കെ.പി. സാജു ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ, സെക്രട്ടറി ജോർജുകുട്ടി വിലങ്ങപ്പാറ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് പങ്കെടുത്തത്. 2018 ഫെബ്രുവരി 13 ന് നിലമ്പൂർ-മണിമൂളി പ്രവർത്തകരുടെ സംഗമം നടത്താനും തീരുമാനിച്ചു. നടത്തിപ്പിനായി വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു.

**വർക്കി നിരപ്പേൽ**

രൂപതാ ജനറൽ സെക്രട്ടറി

# Pastoral Centre Programme



**February 2018**

| | |
|---|---|
| 3 | Zion CRC |
| 8-12 | Marriage Preparation Course |
| 9-10 | Department of Youth Ministry |
| 10-11 | Catechism Paper Valuation |
| 10 | SMMA |
| 13 | KCYM Year Inauguration |
| 18-22 | Zion Retreat |
| 26-March 1 | Junior Priests Meet |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***February 2018***

*1 Thu 9 Fri ....... Bangalore: CBCI*

*10 Sat 12 Mon ...... Culcutta: Seminary Visit*

*13 Tue ............. Out of Station*

*14 Wed ................ Visitors' Day*

*16 Fri 18 Sun ....... Kakkanad*

*21 Wed ............... Visitors' Day*

*22 Thu Afternoon ... Pensioners Guild Meeting*

*25 Sun .................. Pastoral Visit: Mullenkolly*

*26 Mon-March 01 Thu Young Priests' Seminar*

***March 2018***

*1 Thu ................. Young Priests' Seminar*

*2 Fri .................. Out of Station*

*4 Sun .................. Pastoral Visit*

*5 Mon ................. Visitors' Day*

*6 Tue ................. Meeting of Office Bearers of Associations*

*7 Wed ................. Presbyteral Council*

*8 Thu ................ Kaniyaram : School Anniversary*

*9 Fri ................. Out of Station*

*11 Sun ................. Pastoral Visit*

*12 Mon 13 Tue ....... North Kerala Bishop's Meet*

| | | | |
|---|---|---|---|
| *14* | *Wed* | ................. | *Kakkanad* |
| *15* | *Thu* | .................. | *Emmaus Villa: Blessing* |
| *17* | *Sat* | ................. | *Women Religious Meet* |
| *18* | *Sun* | ................ | *Pastoral Visit* |
| *21* | *Wed* | .................. | *Men Religious Meet* |
| *22* | *Thu* | ................... | *Kalpetta : Holy Mass* |
| *23* | *Fri* | ................... | *Out of Station* |
| *25* | *Sun* | ................. | *Cathedral: Palm Sunday* |
| *26* | *Mon* | ................. | *Minor Orders* |
| *29* | *Thu* | ................. | *Cathedral: Maundy Thursday* |
| *30* | *Fri* | .................. | *Cathedral: Good Friday* |